ചിന്തക്കു് കടിഞ്ഞാണിട്ടു് ചുററുപാടുമൊന്നു് കണ്ണോടിച്ചു —

ഊറിയൂറി, ദിഗന്തങ്ങൾ ഞെട്ടുമാറു്, ഇടിമിന്നലും കൊള്ളിമീനും ചിതറി, പൊട്ടിച്ചിരിക്കാനാണു് തോന്നിയതു്!

ശരിയാണു്—താനൊരു വേട്ടമൃഗമാണു്. കൂററാക്കൂരിരുട്ടു് കലിതുള്ളുന്ന കൊടുംകാട്ടിൽ,—നട്ടുച്ചക്കുപോലും കണ്ണുകാണാത്ത വനാന്തരങ്ങളിൽ – മൃഗങ്ങളുടെ മാംസം അടർത്തിയെടുത്തു തീരാത്ത വിശപ്പിനു് തീററികൊടുക്കുന്ന മരംകോച്ചുന്ന മഞ്ഞിന്റെ "നല്ല ഹൈമവത ഭൂമി"യിൽ—

താനൊരു വേട്ടമൃഗമാണു്, ശരിയാണു്. പക്ഷെ............

പക്ഷെ വേട്ടയാടുന്നതു് ദേഹിയിലാരംഭിച്ചു് ദേഹത്തിലേക്കു് കടന്നുചെന്നു്, കരിഞ്ഞെരിയുന്ന രോഗമല്ല.

* ക്രൈസ്റ്റ് കോളേജ് ചെറുകഥാമത്സരത്തിൽ ഒന്നാം സമ്മാനാർഹമായ ചെറുകഥ.

ചീനപ്പടയാണ്.

ഹൃദയത്തിൽ, ചിന്തയിൽ, വിപ്ലവാത്മകമായ ഒരു സമരമാണ് നടന്നിരുന്നത്—നടക്കുന്നത്. തന്റെ മനസ്സിൽ ഒരായിരം ബോംബുകൾ ഒന്നിച്ച് ചീറുമ്പോൾ, മഞ്ഞണിഞ്ഞ താഴ്‌വരകളിൽ പൊട്ടിയിരുന്നത്—പൊട്ടുന്നത് വെറും ഏറുപടക്കങ്ങളാണ്. ഹൃദയത്തിന്റെ സാമ്രാജ്യത്തിൽ ചിന്തകളുടെ ബോംബുകൾ പൊട്ടിച്ചിതറുമ്പോൾ, പാഞ്ഞടുക്കുന്ന രോഗത്തിന്റെ മുമ്പിൽ വേട്ടമൃഗത്തെപോലെ താൻ ഓടി അകലുമ്പോൾ...........? അപ്പോൾ?

താനൊന്ന് ഞെട്ടി!

ആ ഞെട്ടലിൽ സങ്കല്പത്തിന്റെ, ചിന്തകളുടെ ലോകം പൊട്ടിത്തകർന്നു! കല്ലും മുള്ളും നിറഞ്ഞ മഞ്ഞണിഞ്ഞ താഴ്‌വാരങ്ങളിൽ താൻ മറ്റൊരു മൃഗത്തെ വേട്ടയാടുകയാണ്—വേട്ടയാടപ്പെടുകയാണ്.

അങ്ങിനെ മായികസങ്കല്പത്തിന്റെ മാറാല വാരിച്ചീന്തി, യാഥാർത്ഥ്യങ്ങളുടെ ലോകത്തിലേക്ക് ചിന്തകൾ ഒന്നടങ്കം പ്രവഹിച്ചപ്പോൾ ........? അപ്പോൾ?

അന്തരീക്ഷത്തിൽ കുളിർമയുള്ളതുപോലെ തോന്നി—മനസ്സിൽ ഘനീഭവിച്ച ശൂന്യതയും!

താൻ കാമുഫ്ളാഷ് ചെയ്തു ഒതുങ്ങി കിടക്കുകയാണ്. മുമ്പിൽ ലില്ലിപ്പൂക്കൾ പുഞ്ചിരിക്കുന്ന പൊന്തക്കാടുകളാണ് അടുത്തെങ്ങാനോ മണ്ണിടിയുന്ന ശബ്ദം കേട്ടു ഒരു ചെറിയ ശബ്ദംപോലും ശത്രുവിന് സംശയം നല്കും.

“മഹാകവേ, താങ്കളുടെ മുഗ്ദ്ധഭാവനകൾക്ക് പ്രചോദനം നല്കുന്ന ലില്ലിപ്പൂക്കളുണ്ട് ചിരിക്കുന്നു”—ആരാണ് മനഃപൂർവ്വം തന്നെ കളിയാക്കുന്നത്?

വല്ലാത്ത ലജ്ജ തോന്നി.

കരിമ്പാറക്കൂട്ടങ്ങളും കൊത്തളങ്ങളൊരുക്കിയ വനാന്തരങ്ങളിൽ—കാട്ടാനകൾ വിരണ്ടോടുന്ന മലംപ്രദേശങ്ങളിൽ—

താനൊരു പരാജയമാണ്, തന്റെ തരളിതമായ രീതികൾ അധികപ്പറ്റുകളാണ്.

തന്റെ സ്വഭാവവിശേഷങ്ങളും, പട്ടാളത്തൊപ്പിയും, കാക്കി ഉടുപ്പുകളും, ഉന്നംവെച്ച തോക്കും തമ്മിൽ എന്തൊരു പൊരുത്തമില്ലായ്മയാണ്!

‘പുരുഷ’പദം ഒരു കൂട്ടം അംഗങ്ങളുടെ സമാഹാരത്തെയല്ല സൂചിപ്പിക്കുന്നത്—ഒരുതരം സ്വഭാവവിശേഷത്തെയാണ്, പൗരുഷത്തെയാണ്.

കവിത കുറിക്കുന്ന കരം, കാഞ്ചിയമർത്താൻ ശ്രമിച്ചപ്പോൾ, ശ്രമിക്കുമ്പോൾ—
ഒന്ന് പതറി?

കണ്ണൊന്ന് മഞ്ഞളിച്ചുവോ? തിളക്കമുള്ളതൊന്നും യുദ്ധരംഗത്തു പ്രദർശിപ്പിക്കരുതെന്നാണ് ചട്ടം കെട്ടിയിരിക്കുന്നത്. ജമേദാർ ബാലകൃഷ്ണന്റെ കേപ്പിലെ ബ്രാസ്‌പ്ലേറ്റിന് നല്ല തിളക്കമുണ്ട്.

കരിമ്പാറകളിൽ പൂഴിമണല് കിട്ടാൻ പ്രയാസമാണ്. എഴുന്നേറ്റുനിന്നാൽ തല സ്കൈലൈനിനു മുകളിൽ ഉയർന്നുനില്ക്കും. ശത്രുക്കൾക്ക് കാഞ്ചിവലിക്കാൻ നല്ല ലാക്കു കിട്ടുകയും ചെയ്യും. കിടന്ന് നിരങ്ങി നിരങ്ങി മുന്നേറുമ്പോഴും, ആകാശവും കുന്നുകളുടെ മുടികളും കൂട്ടിമുട്ടുന്ന സ്കൈലൈനിന്റെ അടുത്തും എഴുന്നേറ്റു നില്ക്കുകയോ, നടക്കുകയോ ചെയ്യുന്നത് ആത്മഹത്യാപരമാണ്.

ബ്രാസ്‌പ്ലേറ്റ് തിളങ്ങുകയുമരുത്!

ബാലകൃഷ്ണൻ തോക്ക് അടുത്തു വശം ചേർത്തുവെച്ചു. വലതുകൈ പിന്നിലെ കീശയിലിട്ട് ഒന്നുരണ്ട് ഉണങ്ങി ശുഷ്കിച്ച റൊട്ടിക്കഷ

ചീനപ്പടയാണ്.

ഹൃദയത്തിൽ, ചിന്തയിൽ, വിപ്ലവാത്മകമായ ഒരു സമരമാണ് നടന്നിരുന്നത്—നടക്കുന്നത്. തന്റെ മനസ്സിൽ ഒരായിരം ബോംബുകൾ ഒന്നിച്ച് ചീറുമ്പോൾ, മഞ്ഞണിഞ്ഞ താഴ്വരകളിൽ പൊട്ടിയിരുന്നത്—പൊട്ടുന്നത് വെറും ഏറുപടക്കങ്ങളാണ്. ഹൃദയത്തിന്റെ സാമ്രാജ്യത്തിൽ ചിന്തകളുടെ ബോംബുകൾ പൊട്ടിച്ചിതറുമ്പോൾ, പാഞ്ഞടുക്കുന്ന രോഗത്തിന്റെ മുമ്പിൽ വേട്ടമൃഗത്തെപോലെ താൻ ഓടി അകലുമ്പോൾ..........? അപ്പോൾ?

താനൊന്ന് ഞെട്ടി!

ആ ഞെട്ടലിൽ സങ്കല്പത്തിന്റെ, ചിന്തകളുടെ ലോകം പൊട്ടിത്തകർന്നു! കല്ലും മുള്ളും നിറഞ്ഞ മഞ്ഞണിഞ്ഞ താഴ്വാരങ്ങളിൽ താൻ മറ്റൊരു മൃഗത്തെ വേട്ടയാടുകയാണ്—വേട്ടയാടപ്പെടുകയാണ്.

അങ്ങിനെ മായികസങ്കല്പത്തിന്റെ മാറാല വാരിച്ചീന്തി, യാഥാർത്ഥ്യങ്ങളുടെ ലോകത്തിലേക്ക് ചിന്തകൾ ഒന്നടങ്കം പ്രവഹിച്ചപ്പോൾ ........? അപ്പോൾ?

അന്തരീക്ഷത്തിൽ കുളിർമ്മയുള്ളതുപോലെ തോന്നി—മനസ്സിൽ ഘനീഭവിച്ച ശൂന്യതയും!

താൻ കാമൂഫ്ലാഷ് ചെയ്തു ഒതുങ്ങി കിടക്കുകയാണ്. മുമ്പിൽ ലില്ലിപ്പൂക്കൾ പുഞ്ചിരിക്കുന്ന പൊന്തക്കാടുകളാണ്. അട്ടത്തെങ്ങാനോ മണ്ണിടിയുന്ന ശബ്ദം കേട്ടു. ഒരു ചെറിയ ശബ്ദംപോലും ശത്രുവിന് സംശയം നല്കും.

“മഹാകവേ, താങ്കളുടെ മുഗ്ദ്ധഭാവനകൾക്ക് പ്രചോദനം നല്കുന്ന ലില്ലിപ്പൂക്കളുണ്ട് ചിരിക്കുന്നു”—ആരാണ് മനഃപൂർവ്വം തന്നെ കളിയാക്കുന്നത്?

വല്ലാത്ത ലജ്ജ തോന്നി.

കരിമ്പാറക്കൂട്ടങ്ങൾ കൊത്തളങ്ങളുണ്ടാക്കിയ വനാന്തരങ്ങളിൽ—കാട്ടാനകൾ വിരണ്ടോടുന്ന മലംപ്രദേശങ്ങളിൽ—

താനൊരു പരാജയമാണ്, തന്റെ തരളിതമായ രീതികൾ അധികപ്പറ്റുകളാണ്.

തന്റെ സ്വഭാവവിശേഷങ്ങളും, പട്ടാളത്തൊപ്പിയും, കാക്കി ഉടുപ്പുകളും, ഉന്നംവെച്ച തോക്കും തമ്മിൽ എന്തൊരു പൊരുത്തമില്ലായ്മയാണ്!

‘പുരുഷ’പദം ഒരു കൂട്ടം അംഗങ്ങളുടെ സമാഹാരത്തെയല്ല സൂചിപ്പിക്കുന്നത്—ഒരുതരം സ്വഭാവവിശേഷത്തേയാണ്, പൌരുഷത്തേയാണ്.

കവിത കുറിക്കുന്ന കരം, കാഞ്ചിയമർത്താൻ ശ്രമിച്ചപ്പോൾ, ശ്രമിക്കുമ്പോൾ—
ഒന്ന് പതറി!

കണ്ണൊന്ന് മഞ്ഞളിച്ചുവോ? തിളക്കമുള്ളതൊന്നും യുദ്ധരംഗത്തു പ്രദർശിപ്പിക്കരുതെന്നാണ് ചട്ടം കെട്ടിയിരിക്കുന്നത്. ജമേദാർ ബാലകൃഷ്ണന്റെ കേപ്പിലെ ബ്രാസ്പ്ലേറ്റിന് നല്ല തിളക്കമുണ്ട്.

കരിമ്പാറകളിൽ പൂഴിമണല് കിട്ടാൻ പ്രയാസമാണ്. എഴുന്നേറ്റുനിന്നാൽ തല സ്കൈലൈനിന് മുകളിൽ ഉയർന്നുനില്ക്കും. ശത്രുക്കൾക്ക് കാഞ്ചിവലിക്കാൻ നല്ല ലാക്ക കിട്ടുകയും ചെയ്യും. കിടന്ന് നിരങ്ങി നിരങ്ങി മുന്നേറുമ്പോഴും, ആകാശവും കുന്നുകളുടെ മുടികളും കൂട്ടിമുട്ടുന്ന സ്കൈലൈനിന്റെ അടുത്തും എഴുന്നേറ്റു നില്ക്കുകയോ, നടക്കുകയോ ചെയ്യുന്നത് ആത്മഹത്യാപരമാണ്.

ബ്രാസ്പ്ലേറ്റ് തിളങ്ങുകയുമരുത്!

ബാലകൃഷ്ണൻ തോക്ക് അടുത്തു വശം ചേർത്തുവെച്ചു. വലതുകൈ പിന്നിലെ കീശയിലിട്ട് ഒന്നുരണ്ട് ഉണങ്ങി ശുഷ്കിച്ച റൊട്ടിക്കഷ

ങ്ങളെടുത്തു. തിളങ്ങുന്ന ബ്രാസ്പ്ലേററിന്മേൽ ഉണക്ക റൊട്ടിക്കഷണം പൊടിച്ച് ശക്തിയായി ഉരസാൻ തുടങ്ങി. ബ്രാസ്പ്ലേററിന്റെ മുഖം വാടിയപ്പോൾ, അയാൾ ഉരച്ച റൊട്ടിപ്പൊടിയും അകത്താക്കി. ബ്രാസ്പ്ലേററിനെ കേപ്പിലുറപ്പിച്ച്, കാപ്പ് തലയിൽ വൃത്തമൊപ്പിച്ച് വടിവായി ഉറപ്പിച്ച ശേഷം അയാൾ തല ഉയർത്തി ചുററുമൊന്ന് നോക്കി.

എന്തൊരു ചാരിതാർത്ഥ്യമായിരുന്നു ആ മുഖത്ത്!

അയാളുടെ കൊമ്പൻ മീശയും, നിയന്ത്രണമില്ലാതെ വളരുന്ന താടിയും, കാക്കിയുടുപ്പും, ഉണക്ക റൊട്ടിക്കഷണവും അവിഭാജ്യഘടകങ്ങളാണ്—ഒരു പട്ടാളക്കാരന്റെ. അവിടെ പരിഭവത്തിന്റെ ലാഞ്ഛനയില്ല. തർക്കത്തിന്റെ പ്രശ്നമില്ല. മടിച്ചുനില്ക്കേണ്ട ആവശ്യമില്ല.

താൻ അവരുടെ ഇടയിൽ ഒരധികപ്പററാണ്!

അടുത്തുള്ള പൊന്തക്കാട്ടിൽ, പുഞ്ചിരിക്കുന്ന ലില്ലിപ്പൂക്കളുടെ ഇടയിൽ, ചെറിയൊരനക്കം കേട്ടു—

നായിക് പരമശിവം ക്ലേശലെന്യേ എഴുന്നേററു നിന്നു.

വല്ലാത്തൊരു പൊരുത്തക്കേട്. ചുണ്ടിൽ പുഞ്ചിരിയുടെ ഒരു മുല്ലമൊട്ടു വിരിഞ്ഞപ്പോൾ റൈഫിളിന്റെ ബട്ടുകൊണ്ട് മറച്ചുപിടിച്ചു.

“ധീരജവാൻ, താങ്കളുടെ കൊമ്പൻ മീശയും, പടർന്നുപിടിച്ചിരിക്കുന്ന താടിയും, തുറിച്ചു നോക്കുന്ന കണ്ണുകളും കണ്ട്, പാവം, ലില്ലിപ്പൂക്കൾ ഭയന്ന് വിറക്കും”—വിളിച്ചു കൂവാൻ, തന്ന നാണയത്തിൽ തന്നെ തിരിച്ചുകൊടുക്കാൻ, തോന്നി.

അരണ്ട വെളിച്ചത്തിൽ, ജീവൻ കയ്യിലൊതുക്കിയിരിക്കുമ്പോൾ, ഹൃദയം മിടിക്കുമ്പോൾ, പുഞ്ചിരിക്കുന്ന ലില്ലിപ്പൂക്കളെ നോക്കി—

താനൊന്ന് പുഞ്ചിരിച്ചു!

കാക്കി ഉടുപ്പിലെ ഹൃദയത്തിന്ന് അതൊരു നേട്ടമാണ്. ജമേദാർ ബാലകൃഷ്ണനും, ഹവിൽദാർ കിഷൻ ചന്ദിനും, കുററിക്കാട്ടിൽ എഴുന്നേററുനിന്ന് എതിരാളികളെ വെല്ലുവിളിക്കുന്ന നായിക് പരമശിവത്തിനും—

അങ്ങിനെ ചിരിക്കാനുള്ള കഴിവില്ല.

“നാം സൌന്ദര്യത്തിൽ മുങ്ങിക്കിടക്കുകയാണ്—എന്നാൽ നമ്മുടെ കണ്ണുകൾക്ക് തെളിഞ്ഞ കാഴ്ചയില്ല”—എത്ര വാസ്തവം!

വെള്ളത്തിലെ കൊച്ചുമത്സ്യങ്ങളെപ്പോലെയാണ് ചിന്തകൾ—ഒരനക്കമുണ്ടായാൽ മതി എല്ലാംകൂടി അവിടേക്ക് ഓടിയണയും!

പൊന്തക്കാട്ടിൽ, പുഞ്ചിരിക്കുന്ന ലില്ലിപ്പൂക്കളുടെ ഇടയിൽ, എഴുന്നേററുനിന്ന്, വാട്ടർബാഗിൽനിന്ന് വെള്ളം കുടിച്ചിരിക്കുന്ന നായിക് പരമശിവം—അയാളുടെ ചുററും അവ പമ്പിനടന്നു. ആരെയാണ് ഓർക്കുന്നത്?

മുത്തച്ഛൻ—

ആ ഓണം കേറാ മൂലയിലെ രാജ്ഭവനായിരുന്ന തന്റെ നാലുകെട്ട്—

അവിടത്തെ കരപ്രമാണി - ആയിരുന്നു തന്റെ മുത്തച്ഛൻ—

കരപ്രമാണിയുടെ നാലുകെട്ടാണ് ഒന്നിലധികം നിലയുള്ള അവിടത്തെ ആദ്യത്തെ കെട്ടിടം.

പുളിയിലക്കര മുണ്ടുടുത്തു, സർവ്വാണി വേഷ്ടികൊണ്ട് പുതച്ച്, കറുത്തിരുണ്ട് കുടുമയിൽ അടുത്തുള്ള ശിവക്ഷേത്രത്തിലെ തുളസിയും ചെത്തിപ്പൂവും തിരുകി, നെററിയിൽ വടപറമ്പ്

ദേവീക്ഷേത്രത്തിലെ കളഭവും, ഇളംതെങ്ങുകാവിൽ ഭഗവതിയുടെ ചന്ദനവും, തന്റെ കളരിയിലെ ഭസ്മവും പൂശി—

നാലുകെട്ടിന്റെ ഒന്നാം നിലയിൽ—

അങ്ങകലെ സഹ്യന്റെ ചെരിവിൽ കണ്ണും നട്ട്—

നായിക് പരമശിവത്തെപ്പോലെ അജയ്യതയുടെ പര്യായമായി, കരുത്തിന്റെ വിളനിലമായി, ഒരു വെല്ലുവിളിയായി, ചോദ്യചിഹ്നമായി—

മുത്തച്ഛൻ നില്ക്കാറുണ്ടായിരുന്നു.

"എടാ, പരമേശ്വരാ"—ഒന്നാം നിലയിൽനിന്ന് മുത്തച്ഛൻ വിളിക്കും.

രണ്ടുമൂന്ന് ഇരിപ്പിടങ്ങളും കടന്ന്, രണ്ട് ഫർലോങ്ങ് അകലെയുള്ള അട്ടക്കളപ്പുരയുടെ വാതില്ക്കൽ ആ വിളി ചെന്നു മുട്ടും. പകപ്പും കൊണ്ട് പരമേശ്വരൻ പുറപ്പെടുകയായി. അതാണ് ഐതിഹ്യം—ഐതിഹ്യത്തിൽ പോലും. അങ്ങിനെയൊരു വിളിയുണ്ടായെന്ന് ചോദിക്കരുത്.

തൊഴിലിനും സ്ഥാനമാനങ്ങൾക്കും ചേർന്ന വേഷഭൂഷകൾ അണിഞ്ഞിരുന്നു—വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരായിരുന്നു—കൈമിടുക്കും കൈമടക്കും, കുലവെറ്റും കൈനേട്ടവും കൊടികുത്തി വാണരുളിയിരുന്ന—

പത്തൊമ്പതാം നൂററാണ്ടിന്റെ സായാഹ്നദശ.

കോരനന്ന് കഞ്ഞി കുമ്പിളിലായിരുന്നു. പടനായകന്മാർ പറസ്സേദ്യ കഴിച്ചുതുടങ്ങിയിരുന്നു. കൈമിടുക്കുള്ളവൻ കാര്യക്കാരനായിരുന്ന അക്കാലത്തു ഒരു കുടുംബത്തിന്റെ സർവ്വംദാഹകമായ പ്രതാപശക്തിക്ക് ഉലച്ചൽ തട്ടാതെ കാത്തുപോന്ന മുത്തച്ഛന്റെ കൈമിടുക്കും മെയ്മിടുക്കും പ്രഭാവവും, രാഷ്ട്രത്തിന്റെ അതിർത്തി കാക്കുന്ന ഈ ജവാനുണ്ട്.

പ്രകൃതിയുടെ മുത്തച്ഛനായ ഹിമവാന്റെ മടിത്തട്ടിൽനിന്ന്, ചിരിക്കുന്ന ലില്ലിപ്പൂക്കളുള്ള പൊന്തക്കാട്ടിൽ മാതൃഭൂമിയുടെ അഖണ്ഡതയെ കാത്തുനില്ക്കുന്ന ഒരു ജവാൻ ദാഹം തീർത്തപ്പോൾ.........?

ഒരു മരുമക്കത്തായ കുടുംബത്തിന്റെ നെടുംതൂണായ തന്റെ മുത്തച്ഛൻ സഹ്യനിലേക്ക് കണ്ണു പായിച്ചു നില്ക്കുന്നതാണ് തനിക്ക് ഓർമ്മ വന്നത്!

ഓരോ ഗ്രാമവും ഓരോ നഗരവും ഓരോ ഭവനവും ഹിമവാനോട് ബന്ധം പുലർത്തിയിരുന്ന കണ്ണി—സങ്കല്പങ്ങളെ യാഥാർത്ഥ്യങ്ങളുമായി കോർത്തിണക്കിയിരുന്ന കണ്ണി—ഒരു ഹൃദയത്തെ ഒരായിരം ഹൃദയങ്ങളോട് ചേർത്തിരുന്ന കണ്ണി—

അററുപോയിരുന്നു.

ഇന്നതു വീണ്ടും ചേർന്നിരിക്കുകയാണ്!

ഓരോ ഗ്രാമത്തിലും, ഓരോ നഗരത്തിലും, ഓരോ ഭവനത്തിലും—ഹിമവാനിലും—അററുപോയ കണ്ണികൾ നേരെയാക്കുന്ന ശ്രമത്തിലാണ് ഞങ്ങൾ!

മണ്ണിലൂടെ നുഴഞ്ഞും ഇഴഞ്ഞും മുന്നോട്ട്—കൂടുതൽ മുന്നോട്ട്—കയറാനുള്ള ശ്രമത്തിലാണ് തന്റെ സ്വപ്നത്തുക്കൾ. ഒരു കാൽ മുന്നോട്ട് കയററിവെച്ച്, അതിനെ തറയിലെവിടെയെങ്കിലും ഉറപ്പിച്ച്, ഉടലും മറെറ കാലും മുന്നോട്ട് ആഞ്ഞുവെക്കുകയാണ് ചെയ്യേണ്ടത്. ഇങ്ങനെ "ക്രോളിങ്ങ്" നടത്തുമ്പോൾ, ഉന്നം പിഴക്കാതെ, അനങ്ങാതെ, റൈഫിൾ കക്ഷത്തിന്റെ തൊട്ടടുത്തുള്ള മുട്ടലമായ ഭാഗത്തു വെക്കുകയും വേണം. പുതിയ സ്ഥാനത്തു നിലയുറച്ചപ്പോൾ, ദേഹമാസകലം വിയർത്തൊ

ദേവീക്ഷേത്രത്തിലെ കളഭവും, ഇളംതെങ്ങുകാവിൽ ഭഗവതിയുടെ ചന്ദനവും, തൻെറ കളരിയിലെ ഭസ്മവും പൂശി—

നാലുകെട്ടിൻെറ ഒന്നാം നിലയിൽ—

അങ്ങകലെ സഹ്യൻെറ ചെരിവിൽ കണ്ണും നട്ട്—

നായിക് പരമശിവത്തെപ്പോലെ അജയ്യതയുടെ പര്യായമായി, കരുത്തിൻെറ വിളനിലമായി, ഒരു വെല്ലുവിളിയായി, ചോദ്യചിഹ്നമായി—

മുത്തച്ഛൻ നില്ക്കാറുണ്ടായിരുന്നു.

"എടാ, പരമേശ്വരാ"—ഒന്നാം നിലയിൽനിന്ന് മുത്തച്ഛൻ വിളിക്കും.

രണ്ടുമൂന്ന് ഇരിപ്പിടങ്ങളും കടന്ന്, രണ്ട് ഫർലോങ്ങ് അകലെയുള്ള അടുക്കളപ്പുരയുടെ വാതില്ക്കൽ ആ വിളി ചെന്നു മുട്ടും. പകപ്പും കൊണ്ട് പരമേശ്വരൻ പുറപ്പെടുകയായി. അതാണ് ഐതിഹ്യം—ഐതിഹ്യത്തിൽ പോലും. അങ്ങിനെയൊരു വിളിയുണ്ടായെന്ന് ചോദിക്കരുത്.

തൊഴിലിനും സ്ഥാനമാനങ്ങൾക്കും ചേർന്ന വേഷഭൂഷകൾ അണിഞ്ഞിരുന്നു—വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരായിരുന്നു—കൈമിടുക്കും കൈമടക്കും, കുലവെറ്റപ്പും കൈനേട്ടവും കൊടികുത്തി വാണരുളിയിരുന്ന—

പത്തൊമ്പതാം നൂററാണ്ടിൻെറ സായാഹ്നദശ.

കോരന്ന് കഞ്ഞി കുമ്പിളിലായിരുന്നു. പടനായന്മാർ പറസ്സദ്യ കഴിച്ചുതുടങ്ങിയിരുന്നു. കൈമിടുക്കുള്ളവൻ കാര്യക്കാരനായിരുന്ന ആ കാലത്തു ഒരു കുടുംബത്തിൻെറ സർവ്വംദാഹകമായ പ്രതാപശക്തിക്ക് ഉലച്ചൽ തട്ടാതെ കാത്തുപോന്ന മുത്തച്ഛൻെറ കൈമിടുക്കും മെയ്മിടുക്കും പ്രഭാവവും, രാഷ്ട്രത്തിൻെറ അതിർത്തി കാക്കുന്ന ഈ ജവാനുണ്ട്.

പ്രകൃതിയുടെ മുത്തച്ഛനായ ഹിമവാൻെറ മടിത്തട്ടിൽനിന്ന്, ചിരിക്കുന്ന ലില്ലിപ്പൂക്കളുള്ള പൊന്തക്കാട്ടിൽ മാതൃഭൂമിയുടെ അഖണ്ഡതയെ കാത്തുനില്ക്കുന്ന ഒരു ജവാൻ ദാഹം തീർത്തപ്പോൾ.......?

ഒരു മരുമക്കത്തായ കുടുംബത്തിൻെറ നെടുംതൂണായ തൻെറ മുത്തച്ഛൻ സഹ്യനിലേക്ക് കണ്ണു പായിച്ചു നില്ക്കുന്നതാണ് തനിക്ക് ഓർമ്മ വന്നത്!

ഓരോ ഗ്രാമവും ഓരോ നഗരവും ഓരോ ഭവനവും ഹിമവാനോട് ബന്ധം പുലർത്തിയിരുന്ന കണ്ണി—സങ്കല്പങ്ങളെ യാഥാർത്ഥ്യങ്ങളുമായി കോർത്തിണക്കിയിരുന്ന കണ്ണി—ഒരു ഹൃദയത്തെ ഒരായിരം ഹൃദയങ്ങളോട് ചേർത്തിരുന്ന കണ്ണി—

അതററുപോയിരുന്നു.

ഇന്നതു വീണ്ടും ചേർന്നിരിക്കുകയാണ്!

ഓരോ ഗ്രാമത്തിലും, ഓരോ നഗരത്തിലും, ഓരോ ഭവനത്തിലും—ഹിമവാനിലും—അററുപോയ കണ്ണികൾ നേരെയാക്കുന്ന ശ്രമത്തിലാണ് ഞങ്ങൾ!

മണ്ണിലൂടെ നുഴഞ്ഞും ഇഴഞ്ഞും മുന്നോട്ട്—കൂടുതൽ മുന്നോട്ട്—കയറാനുള്ള ശ്രമത്തിലാണ് തൻെറ സുഹൃത്തുക്കൾ. ഒരു കാൽ മുന്നോട്ട് കയററിവെച്ച്, അതിനെ തറയിലെവിടെയെങ്കിലും ഉറപ്പിച്ച്, ഉടലും മററെ കാലും മുന്നോട്ട് ആഞ്ഞുവെക്കുകയാണ് ചെയ്യേണ്ടത്. ഇങ്ങനെ "ക്രോളിങ്ങ്" നടത്തുമ്പോൾ, ഉന്നം പിഴക്കാതെ, അനങ്ങാതെ, റൈഫിൾ കക്ഷത്തിൻെറ തൊട്ടടുത്തുള്ള മൃദുലമായ ഭാഗത്തു വെക്കുകയും വേണം. പുതിയ സ്ഥാനത്തു നിലയുറച്ചപ്പോൾ, ദേഹമാസകലം വിയർത്തൊ

ലിച്ചിരുന്നു. മണ്ണിനോട് പററിപ്പിടിച്ച് കിടന്നു. അടുത്തുതന്നെ നായിക് പരമശിവത്തിന്റെ ശരീരം ഹൃദയത്തിന്റെ വികാസ സങ്കോചങ്ങളോടൊപ്പം ഉയരുന്നതും താഴുന്നതും കണ്ടു. കൈമുട്ടിൽനിന്നും കാൽമുട്ടിൽനിന്നും രക്തം ഒലിച്ച് കാശ്മീരിന്റെ മണ്ണിൽ കുങ്കുമപ്പൊട്ടുകൾ ചാർത്തിയിരുന്നു—

കുങ്കുമപ്പൊട്ടുകൾ..........

ആ കുങ്കുമപ്പൊട്ടുകൾ താൻ അളകയുടെ മുഖത്തു കണ്ടിട്ടുള്ളതാണ്—

അഹന്ത തൊട്ടുതെറിച്ചിട്ടില്ലാത്ത കൌതുകമുള്ള ഒരു കുസൃതിക്കാരി—

മല്ലിക്കിന്റെ നേഴ്സിംഗ്ഹോമിലെ നേഴ്സ് നളിനിയുടെ മകളായ അളക—

ഒരു വഴിത്തിരിവായിരുന്നു..............ഒരു പാലമായിരുന്നു............ .ഒരു ദീപസ്തംഭമായിരുന്നു തന്റെ ജീവിതത്തിൽ—അളക!

തന്റെ നാട്ടിലെ ഏതോ ഒരു ഓണം കേറാമൂലയിലെ നാലുകെട്ടിന്റെ താങ്ങും തണലുമാകേണ്ട താൻ............താൻ?

ഇന്നു രാഷ്ട്രത്തിന്റെ അതിർത്തി കാക്കുകയാണ്!

പിതാവിന്റെ ചേവടികളെ പിന്തുടരാൻ കൊതിച്ച താൻ രാഷ്ട്രപിതാവിന്റെ പാദുകങ്ങളെ പിന്തുടരാൻ ശ്രമിക്കുകയാണ്!

ആ തിരിവിലെ വഴികാട്ടിയായിരുന്നു, അളക.

ഈ രക്തബിന്ദുക്കൾ അവൾ പിറന്ന നാടിന് കുങ്കുമപ്പൊട്ടുകൾ ചാർത്തിയിരിക്കുകയാണ്!

ശോഷിച്ച ശരീരവും, ശപിക്കപ്പെട്ട ശരീരവുമായി, തകർന്നൊരു കപ്പലിനെപ്പോലെ, താൻ മല്ലിക്കിന്റെ ആശുപത്രിയിൽ കയറിച്ചെന്ന ദിവസം—

ഉയരത്തിൽ അഞ്ചു മുറികളും, നീളത്തിൽ ഏഴു മുറികളും, വീതിയിൽ മൂന്ന് മുറികളുമുള്ള മല്ലിക്കിന്റെ ആശുപത്രി—

അളക—

തന്റെ മനസ്സിൽ പുഷ്പിച്ചു നിൽക്കുന്ന ഓർമ്മകളിൽ ചിലതാണ് ഇവ.

ആസാമിലെ തോട്ടങ്ങളിൽ വളരെ അധികം വെള്ളക്കാരുണ്ട്. അവരുടെ സൌകര്യത്തിനാണ് ഡോ. മല്ലിക് ഒരു നേഴ്സിംഗ്ഹോം ഇടുവാൻ തീരുമാനിച്ചത്. വെള്ളക്കാരല്ലാത്ത ഉയർന്ന ഇന്ത്യൻ ഉദ്യോഗസ്ഥന്മാർക്കും, സാധാരണ കൂലിത്തൊഴിലാളികൾക്കും പ്രത്യേകം പ്രത്യേകം വാർഡുകൾ ഉണ്ടായിരുന്നു.

ജീവിതപ്പോരിൽ തോററു തോററുള്ളം കീറിക്കീറി, തന്റെ വ്യക്തിഗതമായ ആദർശങ്ങളെ ആരെത്തട്ടുകന്നു ജീവിതവൈരുദ്ധ്യങ്ങൾക്കെതിരെ ഉയർത്തിപ്പിടിച്ച് ഒരതിമാനുഷനാകാതെ പിന്തിരിഞ്ഞതിൽ യാതൊരു അഭിമാനക്ഷതമോ ലജ്ജയോ തോന്നാതെ, ഹിമാലയത്തിലെ കരിമ്പാറക്കും മുള്ളിനും മഞ്ഞിനും കൂടി ചോരയൊലിപ്പിക്കാൻ സാധിക്കാത്ത ഉരുക്കിന്റെ കഠോരമായ ഹൃദയവുമായി താൻ വരാന്തയിലേക്കു കയറി—

തകർന്നൊരു കപ്പൽ! ഹൃദയത്തിന്റെ കാഠിന്യം ആ തകർച്ചയുടെ സന്തതിയായിരുന്നു. കാക്കി ഉടുപ്പ് മാത്രമല്ല ഒരുതക്ക്ചട്ടതന്നെ തനിക്കന്ന് ചേരുമായിരുന്നു.

—ഇച്ഛാശക്തിയില്ലെങ്കിലും.

തന്റെ ശരീരം കാക്കി ഉടുപ്പിനോട് ഇണങ്ങുന്നില്ലെങ്കിലും, തന്റെ തളരാവങ്ങൾക്ക്

പട്ടാളച്ചിട്ടയോടു് പിണക്കമൊന്നെങ്കിലും— ഇഷ്ടം..........

മനസ്സിനു്, ഇച്ഛാശക്തിക്കു് പിണക്കമില്ല!

വെള്ളിവിളക്കിലെ നെയ്ത്തിരിപോലെ ശാലീനമായിരുന്ന തന്റെ ഹൃദയം പട്ടുതിരി കത്താൻ തുടങ്ങിയപ്പോൾ, ജീവിതത്തിനു് പുതിയൊരർത്ഥവും, അഭിലാഷവും, ഇച്ഛാശക്തിയും നല്കി, എണ്ണയൊഴിച്ചു് തിരി നീട്ടിയതു്—

അളകേ! നീയാണു്.

അവൾ പിറന്ന നാട്ടിനു് തന്റെ രക്തബിന്ദുക്കൾ കുങ്കുമപ്പൊട്ടുകൾ ചാർത്തുകയാണു്!

മുമ്പിലുള്ള കുററിച്ചെടികൾ മാററി തനിക്കൊന്നു് മുന്നോട്ടു് നോക്കണം. എന്നാൽ ജമേദാർ ബാലകൃഷ്ണൻ പൂക്കളെല്ലാം പറിച്ചെറിയുന്ന തിരക്കിലാണു് ശത്രുക്കളുടെ കണ്ണുകൾ പൂക്കളുള്ള ഭാഗത്തിലേക്കു് കൂടുതൽ ആകൃഷ്ടമാകുമെന്നാണു് മൂപ്പരുടെ സിദ്ധാന്തം. താനതിനു് എതിരു നിന്നില്ല—

തനിക്കതിൽ വേദനയുണ്ടെങ്കിലും.

ആ വേദന എന്നോ തുടങ്ങിയതാണു്! തന്റെ കുരുന്നു ഹൃദയത്തിൽ അതിന്റെ ബീജാവാപം നടന്നിട്ടു് എത്ര വർഷങ്ങളായി!

ആ വേദനയാണു് തന്നെ ഒരു ദുർബ്ബലനാക്കിയതു്. കവിതയെഴുതുന്ന കരം തോക്കെടുക്കുമ്പോൾ പതറുന്നതും മറെറാന്നുകൊണ്ടല്ല.

തന്റെ തറവാടു് തകർന്നു് തരിപ്പണമാകുമ്പോൾ—താൻ വേദനിച്ചതും അതുകൊണ്ടാണു്. പക്ഷെ ആ വേദന വളം കൊടുത്തു വളർത്തിയ ദൗർബ്ബല്യം തന്നെ നിഷ്ക്രിയനായ വെറുമൊരു കാഴ്ചക്കാരനാക്കി മാററി

കുത്തഴിഞ്ഞ ഒരു പുസ്തകത്തിന്റെ ദളങ്ങൾ ചേർത്തു തുന്നിയ തന്റെ പിതാവിന്റെ പാഠങ്ങളെ അനുധാവനം ചെയ്യാനുള്ള മോഹം തന്റെ കുരുന്നു ഹൃദയത്തിൽ തന്നെ മുളച്ചു പൊങ്ങിയിട്ടുണ്ടു്'.

തന്റെ കുടുംബത്തിലെ പൂർവ്വചരിത്രം ഒരു കടംകഥ മാത്രമാണു്. പക്ഷെ ആ കുടുംബത്തിൽ നിന്നു് ബഹിഷ്കൃതയായ ഒരു സ്ത്രീയുടെ മകൻ കടംകഥകളുടെ ലോകത്തിലല്ല, തികച്ചും പരിവർത്തനവിധേയമായ ഒരു ലോകത്തിലാണു് പിറന്നതു്—

തന്റെ പിതാവു് എല്ലാം വലുതായിച്ചെയ്യുന്ന ഒരു മനുഷ്യനായിരുന്നു—പക്ഷെ ജീവിതത്തിൽ തൊണ്ണൂററൊമ്പതു ശതമാനവും നിസ്സാര കാര്യങ്ങളാണെന്ന ബാലപാഠം അദ്ദേഹം മറന്നു കഴിഞ്ഞിരുന്നു

മുത്തച്ഛന്റെ കാലശേഷം നാലുകെട്ടു് ചിതറിപ്പോയപ്പോൾ, കരപററിയതു അദ്ദേഹം മാത്രമാണു്.

ഉയരത്തിലേക്കു്, കൂടുതൽ ഉയരത്തിലേക്കു്, അദ്ദേഹം നടത്തിയ പ്രയാണം, ചെറിയ കാര്യങ്ങൾ വിസ്മരിക്കുന്നതിലാണു്—ചവിട്ടി മെതിക്കുന്നതിലാണു്—ചെന്നെത്തിയതു്—

ജീവിതം തന്നെ അങ്ങിനെ അദ്ദേഹത്തിനു് നഷ്ടമായി.

തന്റെ വഞ്ചിയിൽ കയററിയവരെ കരക്കെത്തിക്കുന്നതിനു് മുമ്പു്, കണ്ടവരെ കണ്ടവരെ കയററുന്ന തിരക്കിൽ, ഒരു കുടുംബത്തിനു് വേണ്ടി ആയുഷ്കാലമത്രയും തലയും തടിയും മറന്നു് പാടുപെടുന്നതിനിടയിൽ—

ജീവിതമാസ്വദിക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. പത്നിയുടെ കറയററ സ്നേഹമോ, പുത്രന്റെ കിടയററ ആദരമോ അദ്ദേഹത്തിനു് ലഭിച്ചില്ല. എന്നിട്ടും..........

എന്നിട്ടും, താനദ്ദേഹത്തെ പിന്തുടരാൻ ആശിച്ചു—

പട്ടാളച്ചിട്ടയോടു് പിണക്കമാണെങ്കിലും—ഉല്ലാസം………

മനസ്സിനു്, ഉല്ലാസശക്തിക്കു് പിണക്കമില്ല!

വെള്ളിവിളക്കിലെ നെയ്ത്തിരിപോലെ ശാലീനമായിരുന്ന തന്റെ ഹൃദയം പടുതിരി കത്താൻ തുടങ്ങിയപ്പോൾ, ജീവിതത്തിനു് പുതിയൊരർത്ഥവും, അഭിലാഷവും, ഉല്ലാസശക്തിയും നല്കി, എണ്ണയൊഴിച്ചു് തിരി നീട്ടിയതു്—

അളകേ! നീയാണു്.

അവൾ പിറന്ന നാട്ടിനു് തന്റെ രക്തബിന്ദുക്കൾ കുങ്കുമപ്പൊട്ടുകൾ ചാർത്തുകയാണു്!

തുമ്പിലുള്ള കുററിച്ചെടികൾ മാററി തനിക്കൊന്നു് മുന്നോട്ടു് നോക്കണം. എന്നാൽ ജമേദാർ ബാലകൃഷ്ണൻ പൂക്കളെല്ലാം പറിച്ചെറിയുന്ന തിരക്കിലാണു് ശത്രുക്കളുടെ കണ്ണുകൾ പൂക്കളുള്ള ഭാഗത്തിലേക്കു് കൂടുതൽ ആകൃഷ്ടമാകുമെന്നാണു് മൂപ്പരുടെ സിദ്ധാന്തം. താനതിനു് എതിരു നിന്നില്ല—

തനിക്കതിൽ വേദനയുണ്ടെങ്കിലും.

ആ വേദന എന്നോ തുടങ്ങിയതാണു്! തന്റെ കുരുന്ന ഹൃദയത്തിൽ അതിന്റെ ബീജാവാപം നടന്നിട്ടു് എത്ര വർഷങ്ങളായി!

ആ വേദനയാണു് തന്നെ ഒരു ഉദ്ബുദ്ധനാക്കിയതു്. കവിതയെഴുതുന്ന കരം തോക്കെടുക്കുമ്പോൾ പതറുന്നതും മറെറാന്നുകൊണ്ടല്ല.

തന്റെ തറവാട്ടു് തകർന്നു് തരിപ്പണമാകുമ്പോൾ—താൻ വേദനിച്ചതും അതുകൊണ്ടാണു്. പക്ഷെ ആ വേദന വളം കൊടുത്തു വളർത്തിയ ദൌർബ്ബല്യം തന്നെ നിഷ്ക്രിയനായ വെറുമൊരു കാഴ്ചക്കാരനാക്കി മാററി

കുത്തഴിഞ്ഞ ഒരു പുസ്തകത്തിന്റെ ദളങ്ങൾ ചേർത്തു തുന്നിയ തന്റെ പിതാവിന്റെ പാദങ്ങളെ അനുധാവനം ചെയ്യാനുള്ള മോഹം തന്റെ കുരുന്നു ഹൃദയത്തിൽ തന്നെ മുളച്ചു പൊങ്ങിയിട്ടുണ്ടു്.

തന്റെ കുടുംബത്തിലെ പൂർവ്വചരിത്രം ഒരു കടംകഥ മാത്രമാണു്. പക്ഷെ ആ കുടുംബത്തിൽ നിന്നു് ബഹിഷ്കൃതയായ ഒരു സ്ത്രീയുടെ മകൻ കടംകഥകളുടെ ലോകത്തിലല്ല, തികച്ചും പരിവർത്തനവിധേയമായ ഒരു ലോകത്തിലാണു് പിറന്നതു്—

തന്റെ പിതാവു് എല്ലാം വലുതായിച്ചെയ്യുന്ന ഒരു മനുഷ്യനായിരുന്നു—പക്ഷെ ജീവിതത്തിൽ തൊണ്ണൂററൊമ്പതു ശതമാനവും നിസ്സാരകാര്യങ്ങളാണെന്ന ബാലപാഠം അദ്ദേഹം മറന്നു കഴിഞ്ഞിരുന്നു

മുത്തച്ഛന്റെ കാലശേഷം നാലുകെട്ടു് ചിതറിപ്പോയപ്പോൾ, കരപററിയതു അദ്ദേഹം മാത്രമാണു്.

ഉയരത്തിലേക്കു്, കൂടുതൽ ഉയരത്തിലേക്കു്, അദ്ദേഹം നടത്തിയ പ്രയാണം, ചെറിയ കാര്യങ്ങൾ വിസ്മരിക്കുന്നതിലാണു്—ചവിട്ടിമെതിക്കുന്നതിലാണു്—ചെന്നെത്തിയതു്—

ജീവിതം തന്നെ അങ്ങിനെ അദ്ദേഹത്തിനു് നഷ്ടമായി.

തന്റെ വഞ്ചിയിൽ കയററിയവരെ കരക്കെത്തിക്കുന്നതിനു് മുമ്പു്, കണ്ടവരെ കണ്ടവരെ കയററുന്ന തിരക്കിൽ, ഒരു കുടുംബത്തിനു് വേണ്ടി ആയുഷ്ക്കാലമത്രയും തലയും തടിയും മറന്നു് പാടുപെടുന്നതിനിടയിൽ—

ജീവിതമാസ്വദിക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. പത്നിയുടെ കറയററ സ്നേഹമോ, പുത്രന്റെ കിടയററ ആദരമോ അദ്ദേഹത്തിനു് ലഭിച്ചില്ല. എന്നിട്ടും………

എന്നിട്ടും, താനദ്ദേഹത്തെ പിന്തുടരാൻ ആശിച്ചു—

അദ്ദേഹത്തിന്റെ പരാജയം കാണാഞ്ഞിട്ടല്ല—ഹൃദയവിശാലത കണ്ടിട്ട്. പക്ഷെ......

തന്റെ കുടുംബം ഛിന്നഭിന്നമാകരുതെന്ന മോഹം—ഒരു നാലുകെട്ടിനുള്ളിൽ നൂറു ഭിത്തികളും, നൂറു കുടുംബങ്ങളുമുണ്ടാകരുതെന്ന ആഗ്രഹം—തങ്ങളുടെ തണലിനു് കീഴിൽ കള്ളത്മയും സ്നേഹവും പരത്തി ഏകോദരസഹോദരന്മാരുടെ ഒരു മരുമക്കത്തായത്തറവാട്ട് പുലരണമെന്ന വെമ്പൽ—ആദർശവും ആശയങ്ങളും നിറം കൊടുത്തിട്ടില്ലെങ്കിലും, വിശാലമായ കാരുണ്യാതിരേകമൊന്നിനാൽ മാത്രം പരിതഃസ്ഥിതികളോട് പടവെട്ടി ഒരു കുടുംബത്തെ കാറ്റും കോളുമുള്ള ഒരു കടലിൽ സുഭദ്രം നയിച്ച പിതാവിനു അഭിമാനിക്കാവുന്ന പുത്രനാകണമെന്ന ഹൃദയാഭിലാഷം —

അവ തകരുകയായിരുന്നു.

ആ നാലുകെട്ടിലെ പ്രായം ചെന്ന ഓരോ വ്യക്തിക്കും പഠിപ്പുള്ള പുത്രന്മാർ ഉണ്ടാകാൻ തുടങ്ങിയപ്പോൾ............അപ്പോൾ?

—ദുഃഖത്തിന്റെ വിഷബീജം വളരെ ആഴത്തിൽ തന്നെ നട്ടു കഴിഞ്ഞിരുന്നു.

വെണ്ണയും അപ്പവും മാത്രം തരുന്ന--മുഗ്ദ്ധഭാവങ്ങളെ നശിപ്പിക്കുന്ന വിദ്യാഭ്യാസം—

നമ്മുടെ തലയിലെവിടേയോ വിദ്യാഭ്യാസമെന്നറിയപ്പെടുന്ന ഒരു പൊളിഞ്ഞ കപ്പലുണ്ട്—അതു്—

—അവരെ നശിപ്പിച്ചു.

വ്യക്തിയുടെ സ്വാതന്ത്ര്യം നാലുകെട്ടിനുള്ളിൽ ശ്വാസം മുട്ടി നശിക്കുമെന്നു് വിദ്യാസമ്പന്നരായ പുത്രന്മാർ വിശ്വസിച്ചു—

വിദ്യാസമ്പന്നരായ പുത്രന്മാരുള്ളപ്പോൾ തനിച്ചുള്ള ജീവിതമാണ് നല്ലതെന്നു് പ്രായം ചെന്നവർ കരുതി—

നാലുകെട്ടിലെ ഓരോ അകവും ഓരോ കുടുംബമായി വേറിട്ട് പോകണമെന്നു് അവർ ശഠിച്ചു തുടങ്ങി—

—നാലുകെട്ട് ഭസ്മപ്രായമായി.

വർഷങ്ങളായി ഒന്നിച്ച് ഒരു മനസ്സ് ഒരു ഹൃദയം എന്നപോലെ ജീവിച്ച്, പരസ്പരം സ്നേഹിച്ച്, വിശ്വസിച്ച്, മനസ്സിലാക്കി വന്ന കുടുംബം—

തകർന്നു.

മനുഷ്യന്റെ സ്വാർത്ഥത്തിനു് മുമ്പിൽ, വ്യക്തിഗതമായ ചിന്താഗതിക്കുമുമ്പിൽ—തലമുറ തലമുറയായി പടുത്തുയർത്തി വന്ന സ്നേഹബന്ധങ്ങൾക്കു് നില്ക്കള്ളിയില്ലാതായി.

ആ അന്ധകാരതമസ്സിൽ ഒരു കെടാവിളക്കായിരുന്നു - ഹേമ.

ഒരിളയ സഹോദരിയെന്ന നിലയിൽ താൻ സ്നേഹിച്ചുപോന്ന—ഹേമ.

തുമ്പിക്കൈ കണക്കെ മഴ പെയ്യുന്ന തുലാവർഷത്തിൽ, കല്ലും മണലും മുള്ളും ചേറും കൊണ്ട് മലകളിൽ നിന്നു് സ്വാർത്ഥത്തിന്റെ—അഹന്തയുടെ—സുഖസ്വപ്നങ്ങളുടെ പ്രവാഹം ആഞ്ഞലറി വന്നപ്പോൾ—

തലമുറകളായി മനുഷ്യൻ വളർത്തിയെടുത്ത—പണിതുയർത്തിയ—സ്നേഹബന്ധങ്ങളുടെ അണക്കെട്ട് തകർന്നടഞ്ഞപ്പോൾ—

താൻ ഹേമയോടപേക്ഷിച്ചു:—

—"നാലുകെട്ടിനെ തകർച്ചയിൽ നിന്നു് രക്ഷിക്കുക എന്ന മഹായത്നത്തിൽ നീയും ഒരു ഭാഗഭാക്കാകുക."

ആ കെടാവിളക്ക് കയ്യിലെടുത്തു നാലുകെട്ടിനെ പ്രകാശമാനമാക്കാമെന്നു് താനാശിച്ചു—

—"നമ്മുടെ പരസ്പരബന്ധം കുത്തഴിഞ്ഞ ഈ കുടുംബത്തിനെ അടുപ്പിക്കും."

കുടുംബത്തിന്റെ പരസ്പരബന്ധം അരക്കിട്ടുറപ്പിക്കാൻ താനവളോട് പ്രാർത്ഥിച്ചുനോക്കി—

—"ഹേമേ, ഈ വിശാലമായ മുറി എന്റെ ഹൃദയമാണ്. ആ അലമാറ നിറയെ ഇരിക്കുന്ന പുസ്തകങ്ങൾ എന്റെ മസ്തിഷ്കത്തിന് രൂപവും ഭാവവും നല്കുന്നു—അവക്കെന്റെ ഹൃദയത്തിൽ സ്ഥാനമുണ്ട്. ഈ കിടക്കുന്ന കസേരകൾ എല്ലാവർക്കും വിശ്രമിക്കാനുള്ളതാണ്. ഓടക്കുഴലൂതി കള്ളച്ചിരി എറിഞ്ഞുകൊണ്ട് നില്ക്കുന്ന ശ്രീകൃഷ്ണൻ ഈ ലോകത്തിലെ മൂഢത്വം കണ്ട് ചിരിക്കുകയാണ്. ശേഷം സ്ഥലം മുഴുവൻ ഒഴിഞ്ഞു കിടക്കുകയാണ്—അവിടമെല്ലാം നിനക്ക് സഞ്ചരിക്കാനുള്ളതാണ്."

പക്ഷെ—

നാലുകെട്ടിന്റെ, ഭിത്തികൾ കൊണ്ട് സങ്കീർണ്ണമാക്കിയ, ഉൾഭാഗം പോലെ, ഇടുങ്ങിയതായിരുന്നു അവളുടെ ചിന്താഗതി. അതിൽ ഭൂതവും ഭാവിയും അസ്തപ്രജ്ഞമായിരുന്നു—വർത്തമാനകാലത്തിലെ പുളിങ്കുരുവും ശോമാങ്ങയും അവൾക്ക് കൂടുതൽ രുചിപ്രദമായിരുന്നിരിക്കാം.

—ഭൂതത്തിൽനിന്ന് വർത്തമാനവും, വർത്തമാനത്തിൽ നിന്ന് ഭാവിയും വാർഞ്ഞുണ്ടാകുന്ന ആദർശങ്ങളുടെ ലോകത്തിലേക്ക്—

സ്വാർത്ഥത്തിനേക്കാൾ പൊതുഗുണത്തിന് വില കല്പിക്കുന്ന സ്നേഹബന്ധങ്ങളുടെ ലോകത്തിലേക്ക്—

ആ പോത്തുംവണ്ടി തെളിച്ചു കൊണ്ടുപോകുവാൻ താൻ ശ്രമിച്ചു..........

..........പരാജിതനായി.

പെൺമാനിന്റെ കണ്ണിണയോ—തത്തച്ചുണ്ടുകളോ—മുല്ലപ്പൂ നാണിക്കുന്ന പുഞ്ചിരിയോ—സ്വപ്നം മയങ്ങുന്ന കടമിഴിക്കോണുകളോ—

ഹേമേ, നിനക്കുണ്ടായിരുന്നില്ല!

പുഞ്ചിരിയുടെ ഇടിമിന്നലുകൾ നിന്റെ ചുണ്ടുകളിൽ അല തല്ലിയിരുന്നില്ല—

വസ്ത്രാഞ്ചലം കൊണ്ട്, പൊട്ടിവിരിഞ്ഞ പുഞ്ചിരിപ്പൂവിനെ മറച്ചു പിടിക്കാൻ, നിന്നോടാരും പറയുമായിരുന്നില്ല—

—നീയൊരു സുന്ദരി ആയിരുന്നില്ല!

പക്ഷെ, ഒരു മഹായത്നത്തിൽ പങ്കെടുക്കാൻ—നിന്നെ ഞാൻ ക്ഷണിച്ചു.

സുന്ദരികളേക്കാൾ സൌന്ദര്യബോധം സൌന്ദര്യമില്ലാത്തവർക്കാണ്. ഹേമയും സൌന്ദര്യത്തിന്റെ പുറംപൂച്ചുതേടി ദിവസങ്ങൾ എണ്ണിയിരുന്നു..........

....ഒരു സ്കൂൾ മാസ്റ്ററുടെ—എല്ലുന്തി, ഒരായിരം വളവുകളും, കണ്ണടയുമുള്ള ഒരു നാലാം ക്ലാസ് അദ്ധ്യാപകന്റെ—വീട്ടിലേക്കാണ് വിധി അവളെ തള്ളിവിട്ടത്!

മക്കൾ പഠിപ്പുകാരായി—

ഭാഗവും നേടി അന്തേവാസികൾ ഓരോരുത്തരായി ഇറങ്ങിപ്പോയി—

ഒരു നാലുകെട്ട് അനേകം കുടുംബങ്ങളായി—

ആ പൊട്ടിത്തെറിയിൽ പലതും തകർന്നു, പലതും മാറിമറഞ്ഞു, പലതും അപ്രത്യക്ഷമായി.

ഒരു തകർന്ന കപ്പലായി, താൻ.

ആ ഡ്രാമിലെ തോട്ടങ്ങൾ, കുന്നിന്മേൽ കുരു എന്നപോലെ ശരീരവ്യാധിയും തന്നു.

—"നമ്മുടെ പരസ്പരബന്ധം കുത്തഴിഞ്ഞ ഈ കുടുംബത്തിനെ അടുപ്പിക്കും."

കുടുംബത്തിൻെറ പരസ്പരബന്ധം അരക്കിട്ടുറപ്പിക്കാൻ താനവളോട് പ്രാർത്ഥിച്ചുനോക്കി—

—"ഹേമേ, ഈ വിശാലമായ മുറി എൻെറ ഹൃദയമാണ്. ആ അലമാറ നിറയെ ഇരിക്കുന്ന പുസ്തകങ്ങൾ എൻെറ മസ്തിഷ്കത്തിനു രൂപവും ഭാവവും നല്കുന്നു—അവക്കെൻെറ ഹൃദയത്തിൽ സ്ഥാനമുണ്ട്. ഈ കിടക്കുന്ന കസേരകൾ എല്ലാവർക്കും വിശ്രമിക്കാനുള്ളതാണ്. ഓടക്കുഴലൂതി കള്ളച്ചിരി എറിഞ്ഞുകൊണ്ട് നില്ക്കുന്ന ശ്രീകൃഷ്ണൻ ഈ ലോകത്തിലെ മൂഢത്വം കണ്ട് ചിരിക്കുകയാണ്. ശേഷം സ്ഥലം മുഴുവൻ ഒഴിഞ്ഞു കിടക്കുകയാണ്—അവിടമെല്ലാം നിനക്ക് സഞ്ചരിക്കാനുള്ളതാണ്."

പക്ഷെ—

നാലുകെട്ടിൻെറ, ഭിത്തികൾ കൊണ്ട് സങ്കീർണ്ണമാക്കിയ, ഉൾഭാഗം പോലെ, ഇടുങ്ങിയതായിരുന്നു അവളുടെ ചിന്താഗതി. അതിൽ ഭൂതവും ഭാവിയും അസ്തപ്രജ്ഞമായിരുന്നു—വർത്തമാനകാലത്തിലെ പുളിനത്വവും ഗോമാങ്ങയും അവൾക്ക് കൂടുതൽ രുചിപ്രദമായിരുന്നിരിക്കാം.

—ഭൂതത്തിൽനിന്നു് വർത്തമാനവും, വർത്തമാനത്തിൽ നിന്നു് ഭാവിയും വാർത്തെടുക്കുന്ന ആദർശങ്ങളുടെ ലോകത്തിലേക്ക്—

സ്വാർത്ഥത്തിനേക്കാൾ പൊതുഗുണത്തിന്നു് വില കല്പിക്കുന്ന സ്നേഹബന്ധങ്ങളുടെ ലോകത്തിലേക്ക്—

ആ പോത്തുംവണ്ടി തെളിച്ചു കൊണ്ടുപോകുവാൻ താൻ ശ്രമിച്ചു.........

...........പരാജിതനായി.

പെൺമാനിൻെറ കണ്ണിണയോ—തത്തച്ചുണ്ടുകളോ—മുല്ലപ്പൂ നാണിക്കുന്ന പുഞ്ചിരിയോ—സ്വപ്നം മയങ്ങുന്ന കടമിഴിക്കോണുകളോ—

ഹേമേ, നിനക്കുണ്ടായിരുന്നില്ല!

പുഞ്ചിരിയുടെ ഇടിമിന്നലുകൾ നിൻെറ ചുണ്ടുകളിൽ അല തല്ലിയിരുന്നില്ല—

വസ്ത്രാഞ്ചലം കൊണ്ട്, പൊട്ടിവിരിഞ്ഞ പുഞ്ചിരിപ്പൂവിനെ മറച്ചു പിടിക്കാൻ, നിന്നോടാരും പറയുമായിരുന്നില്ല—

—നീയൊരു സുന്ദരി ആയിരുന്നില്ല!

പക്ഷെ, ഒരു മഹായത്നത്തിൽ പങ്കെടുക്കാൻ—നിന്നെ ഞാൻ ക്ഷണിച്ചു.

സുന്ദരികളേക്കാൾ സൌന്ദര്യബോധം സൌന്ദര്യമില്ലാത്തവർക്കാണ്. ഹേമയും സൌന്ദര്യത്തിൻെറ പുറംപൂച്ചുതേടി ദിവസങ്ങൾ എണ്ണിയിരുന്നു...........

....ഒരു സ്കൂൾ മാസ്റ്ററുടെ—എല്ലന്തി, ഒരായിരം വളവുകളും, കണ്ണടയുമുള്ള ഒരു നാലാം ക്ലാസ് അദ്ധ്യാപകൻെറ—വീട്ടിലേക്കാണ് വിധി അവളെ തള്ളിവിട്ടതു്!

മക്കൾ പഠിപ്പുകാരായി—

ഭാഗവും നേടി അന്തേവാസികൾ ഓരോരുത്തരായി ഇറങ്ങിപ്പോയി—

ഒരു നാലുകെട്ട് അനേകം കുടുംബങ്ങളായി—

ആ പൊട്ടിത്തെറിയിൽ പലതും തകർന്നു, പലതും മാറിമറഞ്ഞു, പലതും അപ്രത്യക്ഷമായി.

ഒരു തകർന്ന കപ്പലായി, താൻ.

ആ ഡ്രാമിലെ തോട്ടങ്ങൾ, കുനിന്മേൽ കുരു എന്നപോലെ ശരീരവ്യാധിയും തന്നു.

ഹൃദയത്തിലാരംഭിച്ച്—അതിനെ കാൻതീന്ന്—ശരീരത്തിലേക്ക് കടന്നുചെന്നു രോഗം—

വ്യക്തിത്വത്തെ നശിപ്പിക്കാൻ തുടങ്ങി. താൻ ചിന്താകുലനായി.

ഇന്ന് താൻ മറെറാരു നാലുകെട്ടിൻെറ രക്ഷക്കായി പടപൊരുതുകയാണ്—ലഡാക്കിലെ മലഞ്ചെരുവുകളിൽ.

കാഷ്മീരിൻെറ മണ്ണിൽ അളകയുടെ ഓർമ്മക്കവേണ്ടി രക്തബിന്ദുക്കാം കൊണ്ട് കുങ്കുമപ്പൊട്ട് തൊട്ടുവിക്കുകയാണ്.

—! അവാം സുന്ദരമായ ഒരു സ്വപ്നമായിരുന്നു........!

അവളുടെ അച്ഛൻ ലഡാക്കിൽ സമരം ചെയ്യുകയായിരുന്നു.

സന്തോഷത്തിൻെറ സന്ദേശവാഹികയായി അളക നടന്നുവരുന്നതു കാണാം. നേഴ്സ് നളിനി പല ജോലികളും അവളെയാണ് ഏല്പിക്കുക.

മറെറാരു ഫ്ളോറൻസ് നൈററിൻഗേലിനെപ്പോലെ ദീപവും ഏന്തി അവാം വരാറില്ലായിരിക്കാം—പക്ഷെ അവളുടെ നോട്ടത്തിലും നടപ്പിലും മറെറാരു ഫ്ളോറൻസിനെ കാണാൻ തങ്ങാംക്ക് കഴിഞ്ഞിട്ടുണ്ട്. ഇൻഫൻ ഉദ്യോഗസ്ഥന്മാർക്കുള്ള വാർഡിൽ അവളൊരു പതിവുകാരിയായിരുന്നു.

തൻെറ ഹൃദയം കാരിരുമ്പിൻേറതായി മാറിയിരുന്നു. അളക ആർക്കോ മരുന്ന് കൊടുക്കുകയാണ്. ഏതോ ഒരു രോഗിയുടെ മകൻ ആ വഴി ഓടിവന്നു. തനിക്ക് വെച്ചിരുന്ന ഉച്ചഭക്ഷണം അവൻ തട്ടിക്കളഞ്ഞു—തികച്ചും അറിയാതെ. പക്ഷെ, താനവനെ തെരുതെരെ പ്രഹരിക്കാൻ തുടങ്ങി.

അളകയാണ് അവനെ പിടിച്ചുമാററിയതു്.

—"താങ്കളൊരു കുടുംബം തകക്കും."

ഇടിവെട്ടേററ പോലെ താനവളെ തറച്ചു നോക്കി ഇരുന്നുപോയി. അതൊരടിയായിരുന്നു—താങ്കളൊരു കുടുംബം തകക്കും.

താനവളുമായി ഇടപഴകി. "താങ്കാം നശിക്കാൻ ജനിച്ചതല്ല. ഈ ഗർത്തത്തിൽനിന്ന് കൂടുതൽ ശക്തിയാർജ്ജിച്ച് താങ്കാം ഉയർത്തെഴുന്നേല്ക്കു; ഒരതിമാനുഷനാകു"—അളക പറയും.

ഒരു കൊടുങ്കാററടിച്ചു!

അതിൻെറ ശക്തിയിൽ ആസ്സാമിലെ തേയിലത്തോട്ടങ്ങാം നിന്നു വിറച്ചു!

താനാ കൊടുങ്കാററിൽ ഒരാലില പോലെ അടിമുടി വിറച്ചുപോയി!

— അളക ലഡാക്കിലേക്ക് പോയിരിക്കുന്നു. തൻെറ മാതാവായ നേഴ്സ് നളിനിയുടെ ഒത്താശകളോടെ അവാം ലഡാക്കിലേക്ക് വിവരമില്ലാതെ പിതാവിനെ തേടി പുറപ്പെട്ടിരിക്കുന്നു.

അടുത്ത ദിവസം നേഴ്സ് നളിനിയോട് പലതും ചോദിച്ചു: "ഇതു ശരിയാണോ?"

അവാം നിർവ്വികാരയായി, അക്ഷോഭ്യയായി പറയും: ശരിയാണ്.

അതു ശരിയായിരുന്നു—അതോടൊപ്പം മററു പലതും ശരിയായിരുന്നു താൻ ലഡാക്കിലെ മുന്നണിയിൽ ഇന്നുന്നം പിടിച്ച് കിടക്കുന്നുണ്ടെന്നതും ശരിയാണ്.

ഹൃദയത്തിൽ നിന്നാരംഭിച്ച്—വേച്ചും വിറച്ചും, പങ്ങിയും, പതുങ്ങിയും, നിന്നും നടന്നും, ദേഹത്തിലേക്ക് കടന്ന്—അതിനെ കാൻ

തിന്നാൻ തുടങ്ങിയ രോഗത്തെ—

താൻ ലഡാക്കിലെ മലംചെരുവുകളിൽ നേരിടുകയാണ്.

ശരീരത്തിലെ വ്യാധിയെ വൈദ്യശാസ്ത്രം നശിപ്പിച്ചു.

മനസ്സിലെ രോഗത്തെ നശിപ്പിക്കാൻ കാഷ്മീരിലെ മണ്ണിൽ, ലില്ലിപ്പൂക്കൾ പുഞ്ചിരിക്കുന്ന പൊന്തക്കാടുകളിൽ, രക്തബിന്ദുക്കൾ കൊണ്ട് കുങ്കുമപ്പൊട്ടു തൊടുവിക്കുകയാണ് താൻ....

ഇച്ഛാശക്തി മനസ്സിന്റെ തരളമായ ഭാവങ്ങളോട് പടവെട്ടി മുന്നേറുകയാണ്.

താനാദ്യം എഴുതിയ കവിത!

അനന്തമായി അനസ്യൂതമായി, ഒരു ഒററയടിപ്പാത മണലാരണ്യത്തിലൂടെ വളഞ്ഞു പുളഞ്ഞു പോവുകയാണ്. ഒരു മാൻ മൃഗമരീചികകളെ തേടി ആ വഴി ഓടിപ്പോയി

ഹേമേ, അന്നു നീയായിരുന്നു ആ ജലതൃഷ്ണ. പക്ഷെ, ആ മാൻ ദാഹം കൊണ്ട് തളന്ന് മരിച്ചുവീണില്ല.

അതിന്റെ വ്യക്തിത്വം ക്രൂശിക്കപ്പെട്ടില്ല!

അതുയർത്തെഴുന്നേററിരിക്കുന്നു!

ഒരു വലിയ നാലുകെട്ടിന്റെ അഖണ്ഡതക്ക് വേണ്ടി—ആദർശങ്ങൾക്ക് വേണ്ടി—തന്റെ നാട്ടിനു് വേണ്ടി—

താനുയിർത്തെഴുന്നേററിരിക്കുന്നു!

Contact,

THE COCHIN ALL SPORTS

BROADWAY

ERNAKULAM

Dealers in:

—SPORTS

—TOYS

—PRIZE CUPS

PHONE: 349

തിന്നാൻ തുടങ്ങിയ രോഗത്തെ—

താൻ ലഡാക്കിലെ മലംചെരുവുകളിൽ നേരിടുകയാണ്.

ശരീരത്തിലെ വ്യാധിയെ വൈദ്യശാസ്ത്രം നശിപ്പിച്ചു.

മനസ്സിലെ രോഗത്തെ നശിപ്പിക്കാൻ കാഷ്മീരിലെ മണ്ണിൽ, ലില്ലിപ്പൂക്കൾ പുഞ്ചിരിക്കുന്ന പൊന്തക്കാടുകളിൽ, രക്തബിന്ദുക്കൾ കൊണ്ട് കുങ്കുമപ്പൊട്ടു തൊടുവിക്കുകയാണ് താൻ....

ഇച്ഛാശക്തി മനസ്സിന്റെ തരളമായ ഭാവങ്ങളോട് പടവെട്ടി മുന്നേറുകയാണ്.

താനാദ്യം എഴുതിയ കവിത!

അനന്തമായി അനുസ്യൂതമായി, ഒരു ഒറ്റയടിപ്പാത മണലാരണ്യത്തിലൂടെ വളഞ്ഞു പുളഞ്ഞു പോവുകയാണ്. ഒരു മാൻ മൃഗമരീചികകളെ തേടി ആ വഴി ഓടിപ്പോയി

ഹേമേ, അന്നു നീയായിരുന്നു ആ ജലതൃഷ്ണ. പക്ഷെ, ആ മാൻ ദാഹം കൊണ്ട് തളന്ന് മരിച്ചുവീണില്ല.

അതിന്റെ വ്യക്തിത്വം ക്രൂശിക്കപ്പെട്ടില്ല!

അതുയർത്തെഴുന്നേറ്റിരിക്കുന്നു!

ഒരു വലിയ നാലുകെട്ടിന്റെ അഖണ്ഡതക്ക് വേണ്ടി—ആദർശങ്ങൾക്ക് വേണ്ടി—തന്റെ നാട്ടിനു് വേണ്ടി—

താനുയിർത്തെഴുന്നേറ്റിരിക്കുന്നു!


Contact,

# THE COCHIN ALL SPORTS

BROADWAY

ERNAKULAM

Dealers in:

**—SPORTS**

**—TOYS**

**—PRIZE CUPS**

PHONE: 349

# ചെറുകഥ:- അന്നും ഇന്നും

പ്രസാദ് കെ. ആർ., പി. യു. സി.

ഭാഷയിലെ ചെറുകഥാവിഭാഗം നാളിതുവരെ നേടിയ പുരോഗതി തികച്ചും ആശാവഹമാണ്. മലയാളചെറുകഥാമണ്ഡലം വളരെയേറെ പരിപുഷ്ടമായിക്കഴിഞ്ഞു. വിപ്രിയജനകമായ വീരകഥാകഥനത്തിൽനിന്നും ചരിത്രാഖ്യാനരീതിയിൽനിന്നും ബഹുദൂരം അകന്നു സഞ്ചരിച്ച്, സാമൂഹികജീവിതപ്രതിഫലനത്തിൽ എത്തിച്ചേർന്ന ചെറുകഥാപ്രസ്ഥാനം അസൂയാവഹമായ രീതിയിൽ അനുക്രമം അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്നു. അത്ഭുതാവഹമാണീ വളർച്ച.

എം. ആർ. കെ. സി, ഒട്ടവിൽ, എന്നിവരിൽ നിന്നും കിളുത്ത് മലബാർ കെ സുകുമാരൻ, ഈ. വി. കൃഷ്ണപിള്ള തുടങ്ങിയവരിലൂടെ വേരുറപ്പിച്ച്, ദേവ്, തകഴി, പൊറ്റെക്കാട്ട്, പൊൻകുന്നം വർക്കി, കാരൂർ, ബഷീർ, ഉറൂബ്, ലളിതാംബികാ അന്തർജ്ജനം, മുതലായവരിലൂടെ വളർന്ന്, പടർന്ന് പന്തലിച്ച് നിൽക്കുന്ന ഭാഷാചെറുകഥാവൃക്ഷം, ടി. പത്മനാഭൻ, എം. ടി. കെ. ടി., കോവിലൻ, നന്തനാർ, നന്ദിനിക്കുട്ടി, മാധവിക്കുട്ടി, രാജലക്ഷ്മി എന്നിവരിലൂടെ പുഷ്പിച്ച് സാഹിത്യത്തിന്റെ വസന്താരാമത്തിൽ നറുമണം ചൊരിയുകയാണിന്ന്. അന്നു തൊട്ടിന്നോളം മലയാളചെറുകഥാപ്രസ്ഥാനം ആർജ്ജിച്ച മഹത്തും ബൃഹത്തുമായ ആ വളർച്ചയെക്കുറിച്ചും, ചെറുകഥയിലെ ആധുനിക പ്രവണതകളെക്കുറിച്ചും, കുറഞ്ഞതോതിൽ ഒന്നു പരിചിന്തനം ചെയ്യുവാനാണെന്റെ ശ്രമം.

## ആവിർഭാവം

നോവൽ, ജീവചരിത്രം, യാത്രാവിവരണം, ഉപന്യാസം തുടങ്ങിയ വിവിധ സാഹിത്യപ്രസ്ഥാനങ്ങൾക്കെന്നപോലെ ചെറുകഥയ്ക്കും മലയാളത്തിൽ ജന്മം നൽകിയത്, ഇന്ത്യയിലെ ബ്രിട്ടീഷ്ഭരണമാണ്. പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭത്തോടുകൂടി, തിരുവിതാംകൂറും, കൊച്ചിയും, മലബാറും (ഇന്നത്തെ ഐക്യകേരളം) വെള്ളക്കാരുടെ അധീനതയിലായിത്തീർന്നു. കേരളക്കരയിൽ ആംഗലവിദ്യാഭ്യാസത്തിന്റെ നാന്ദി കുറിച്ചതു് ഇക്കാലത്താണ്. പാശ്ചാത്യ മിഷനറിമാർ, വിദ്യാലയങ്ങൾ തുടങ്ങിയവ സ്ഥാപിച്ച്, പാശ്ചാത്യസംസ്ക്കാരം ഇവിടെ പ്രചരിപ്പിക്കുന്നതിലും, മതപരിവർത്തനം നടത്തുന്നതിലും സമഗ്രവും സർവ്വംകഷവുമായ ശ്രദ്ധ പതിപ്പിച്ചു. വിദ്യാലയങ്ങളിൽ ഇംഗ്ലീഷിനോടൊപ്പം മലയാളവും പഠിപ്പിക്കുവാൻ അവർ മറന്നില്ല. ക്രമേണ ധാരാളം മലയാളഗ്രന്ഥങ്ങളുടെ സഹായം, അനിവാര്യമായിത്തീർന്നു. ഇതോടുകൂടി, നോവൽ, ചെറുകഥ, ഉപന്യാസം എന്നിത്യാദി പ്രമുഖസാഹിത്യപ്രസ്ഥാനങ്ങൾ ഭാഷയിൽ ഉടലെടുത്തു. ബ്രിട്ടീഷ് മിഷനറിമാർ തന്നെ ആരംഭിച്ച പത്രപ്രവർത്തനവും ഈ പ്രസ്ഥാനങ്ങളുടെ വളർച്ചയെ സാരമായി സഹായിച്ചിട്ടുണ്ട്.

## ആദ്യകാലകഥകൾ

എം. ആർ. കെ. സി., ഒട്ടവിൽ, എന്നിവ

താണു്. മലയാളത്തിലെ പ്രാരംഭകാലകാഥികന്മാർ എന്നു് സൂചിപ്പിച്ചുവല്ലൊ. നാമിന്നു കാണുന്ന കഥനരീതിയിൽ നിന്നും തികച്ചും വിഭിന്നമായ ഒരു രീതിയാണു് അവർ അവലംബിച്ചിരുന്നതു്. നാടോടിക്കഥകളുടേയും, വീരചരിത്രങ്ങളുടേയും, പ്രകാരാന്തരങ്ങളായിരുന്നു അവരുടെകഥകൾ എന്നു് പറയുന്നതിൽ തെററില്ല. ചരിത്രസംഭവങ്ങളും, പഴംകഥകളും മററും തിരഞ്ഞെടുത്തു്, അവയെ സ്വമനോധർമ്മാനുസരണം, സ്വന്തമായ ശൈലിയിൽ, ചെറുകഥാരൂപേണ പുറത്തിറക്കുകയായിരുന്നു പ്രാരംഭകാല കാഥികന്മാർ പ്രായേണ ചെയ്തിരുന്നതു്. പിന്നീടു്, ഇ. വി. കൃഷ്ണപിള്ള, മൂർക്കോത്തു് കുമാരൻ, മലബാർ കെ. സുകുമാരൻ, എന്നിവരുടെ കാലമായപ്പോഴേയ്ക്കും ചെറുകഥാരചനയിൽ പ്രകടമായ വ്യതിയാനങ്ങൾ സംഭവിച്ചു കഴിഞ്ഞിരുന്നു. എന്നാൽ ചെറുകഥാ നിർമ്മാണത്തിൽ, നൂതനവും, സമൂലവുമായ ഒരു പരിവർത്തനം സംഭവിയ്ക്കാൻ പിന്നേയും കുറേ കാലം കൂടി കാത്തിരിയ്ക്കേണ്ടിവന്നു

## പരിവർത്തനം വരുന്നു!

ചെറുകഥയിൽ ഇടക്കാലത്തുണ്ടായ പരിഷ്ക്കരണത്തിനും, പരിവർത്തനത്തിനും നിദാനമായിരുന്നിട്ടുള്ള സംഗതികൾ അസംഖ്യമാണു്. പാശ്ചാത്യകഥകൾക്കു് മലയാളത്തിൽ കൈവന്ന പ്രചുരപ്രചാരം ഇവയിൽ സർവ്വഥാ പ്രാഥമ്യവും പ്രാമുഖ്യവും അർഹിയ്ക്കുന്നു. കേസരി ബാലകൃഷ്ണപിള്ള കേസരിയിലൂടെ വിവർത്തനം ചെയ്തു് പ്രസിദ്ധീകരിച്ച, മോപ്പസാങ്ങു്, ചെക്കോവു്, ടോൾസ്റ്റോയ് തുടങ്ങിയ പ്രഥിതരായ പാശ്ചാത്യകഥാകൃത്തുക്കളുടെ കഥകൾ, കേരളസാഹിത്യത്തിൽ ചെലുത്തിയ സ്വാധീനത വലുതാണു്. പാശ്ചാത്യകഥാകൃത്തുക്കളുടെ പ്രത്യേകമായ ആഖ്യാനരീതിയും, പ്രമേയം തിരഞ്ഞെടുക്കുന്നതിൽ അവർ പ്രദർശിപ്പിച്ചിരുന്ന അനുകരണാർഹമായ പാടവവും, നമ്മുടെ ചെറുകഥാകൃത്തുക്കളെ ഹഠാദാകർഷിച്ചു. ദേവു്, തകഴി, ബഷീർ തുടങ്ങി ഇന്നു് മലയാളത്തിൽ മുൻപന്തിയിൽ നില്ക്കുന്നകാഥികന്മാരിൽ ഭൂരിഭാഗവും മാന്ത്രികമായ ഈ സ്വാധീനവലയത്തിനുള്ളിൽ വളർന്നു വന്നവരത്രെ!

പാശ്ചാത്യകഥകളുടെ പ്രേരണയിൽ നിന്നും നവംനവങ്ങളായ പല പ്രവണതകളും ചെറുകഥയിൽ നാമെടുത്തു. പഴംകഥകളും മററും ചെറുകഥകളാക്കി മാററിയിരുന്ന പഴയ രീതിയിൽ ഇതോടുകൂടി സ്പഷ്ടമായ പല ഭേദങ്ങളും ഉണ്ടായി. നിത്യജീവിതത്തിലെ ഹൃദയസ്പർശിയായ അനുഭവശതങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള എണ്ണമററ ചെറുകഥകൾക്കു് മലയാളം രൂപംനൽകി. തകഴി, ദേവു്, പൊറേറക്കാട്ടു്, തുടങ്ങിയ പേരെടുത്ത പല കാഥികരുടേയും കഥകൾ ഈ പരിവർത്തനത്തിൻെറ സന്തതികളത്രെ. തകഴി പ്രഭൃതികൾ, സാധാരണക്കാരൻെറയും, കർഷകൻെറയും പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളെ പരാമർശിച്ചുകൊണ്ടു്, പലപ്പോഴും തങ്ങളുടെ സാഹിത്യസൃഷ്ടികൾ നടത്തിയപ്പോൾ, ദേവും കൂട്ടുകാരും അതിൽനിന്നും അല്പം ഉയർന്നു് ഇടത്തരക്കാരൻെറ ജീവിതരീതിയെ പകർത്തിക്കാണിയ്ക്കാനാണു് അധികവും താന്താങ്ങളുടെ തൂലികകൾ ചലിപ്പിച്ചിരുന്നതു്. അതെന്തായാലും മർത്ത്യസഞ്ചയത്തിൻെറ ദൈനംദിനജീവിതരീതിയേയും അധുനാതന പ്രശ്നങ്ങളേയും മുഖ്യമായി പ്രപഞ്ചനം ചെയ്തുകൊണ്ടുള്ള ഇത്തരം കഥകൾ കരസ്ഥമാക്കിയ അപ്രതിമമായ വളർച്ച്, ക്രമേണ പഴയരീതിയിലുള്ള ചെറുകഥാനിർമ്മാണരീതിയെ പാടെ വിപാടനം ചെയ്യുന്നതിലാണു് പര്യവസാനിച്ചതു്. ഇന്നു് പഴയരീതിപിടിച്ചുകൊണ്ടെഴുതപ്പെടുന്ന കഥകൾ കാണാനേ ഇല്ല.

## യുവതലമുറയുടെ രംഗപ്രവേശം!

ഭാഷാചെറുകഥയുടെ ഈ അടുത്ത കാലത്തെ ചരിത്രത്തിലേയ്ക്കൊന്നു കണ്ണോടിച്ചാൽ, ഏവർക്കും ബോദ്ധ്യമാകുന്ന ഒരു വസ്തുതയുണ്ടു്. പഴയ തലമുറയുടെ വിശ്രമവും, പുതിയ കാഥി

താണ്. മലയാളത്തിലെ പ്രാരംഭകാലകാഥികന്മാർ എന്നു് സൂചിപ്പിച്ചുവല്ലൊ. നാമിന്നു കാണുന്ന കഥനരീതിയിൽ നിന്നും തികച്ചും വിഭിന്നമായ ഒരു രീതിയാണു് അവർ അവലംബിച്ചിരുന്നതു്. നാടോടിക്കഥകളുടേയും, വീരചരിത്രങ്ങളുടേയും, പ്രകാരാന്തരങ്ങളായിരുന്നു അവരുടെകഥകൾ എന്നു് പറയുന്നതിൽ തെററില്ല. ചരിത്രസംഭവങ്ങളും, പഴംകഥകളും മററും തിരഞ്ഞെടുത്തു്, അവയെ സ്വമനോധർമ്മാനുസരണം, സ്വന്തമായ ശൈലിയിൽ, ചെറുകഥാരൂപേണ പുറത്തിറക്കുകയായിരുന്നു പ്രാരംഭകാലകാഥികന്മാർ പ്രായേണ ചെയ്തിരുന്നതു്. പിന്നീട്ട്, ഇ. വി. കൃഷ്ണപിള്ള, മൂക്കോത്തു് കുമാരൻ, മലബാർ കെ. സുകുമാരൻ, എന്നിവരുടെ കാലമായപ്പോഴേയ്ക്കും ചെറുകഥാരചനയിൽ പ്രകടമായ വ്യതിയാനങ്ങൾ സംഭവിച്ചു കഴിഞ്ഞിരുന്നു. എന്നാൽ ചെറുകഥാ നിർമ്മാണത്തിൽ, നൂതനവും, സമൂലവുമായ ഒരു പരിവത്തനം സംഭവിയ്ക്കാൻ പിന്നേയും കുറേ കാലം കൂടി കാത്തിരിയ്ക്കേണ്ടിവന്നു

## പരിവത്തനം വരുന്നു!

ചെറുകഥയിൽ ഇടക്കാലത്തുണ്ടായ പരിഷ്ക്കരണത്തിനും, പരിവത്തനത്തിനും നിദാനമായിരുന്നിട്ടുള്ള സംഗതികൾ അസംഖ്യമാണു്. പാശ്ചാത്യകഥകൾക്കു് മലയാളത്തിൽ കൈവന്ന പ്രചുരപ്രചാരം ഇവയിൽ സവ്വ്ഥാ പ്രാഥമ്യവും പ്രാമുഖ്യവും അർഹിയ്ക്കുന്നു. കേസരി ബാലകൃഷ്ണപിള്ള കേസരിയിലൂടെ വിവർത്തനം ചെയ്തു് പ്രസിദ്ധീകരിച്ച, മോപ്പസാങ്ങ്, ചെക്കോവ്, ടോൾസ്റ്റോയ് തുടങ്ങിയ പ്രഥിതരായ പാശ്ചാത്യകഥാകൃത്തുക്കളുടെ കഥകൾ, കേരളസാഹിത്യത്തിൽ ചെലുത്തിയ സ്വാധീനത വലുതാണു്. പാശ്ചാത്യകഥാകൃത്തുക്കളുടെ പ്രത്യേകമായ ആഖ്യാനരീതിയും, പ്രമേയം തിരഞ്ഞെടുക്കുന്നതിൽ അവർ പ്രദർശിപ്പിച്ചിരുന്ന അനുകരണാർഹമായ പാടവവും, നമ്മുടെ ചെറുകഥാകൃത്തുക്കളെ ഹഠാദാകർഷിച്ചു. ദേവു്, തകഴി, ബഷീർ തുടങ്ങി ഇന്നു് മലയാളത്തിൽ മുൻപന്തിയിൽ നിൽക്കുന്നകാഥികന്മാരിൽ ഭൂരിഭാഗവും മാന്ത്രികമായ ഈ സ്വാധീനവലയത്തിനുള്ളിൽ വളർന്നു വന്നവരത്രെ!

പാശ്ചാത്യകഥകളുടെ പ്രേരണയിൽ നിന്നും നവംനവങ്ങളായ പല പ്രവണതകളും ചെറുകഥയിൽ നാമ്പെടുത്തു. പഴംകഥകളും മററും ചെറുകഥകളാക്കി മാററിയിരുന്ന പഴയ രീതിയിൽ ഇതോടുകൂടി സ്പഷ്ടമായ പല ഭേദങ്ങളും ഉണ്ടായി. നിത്യജീവിതത്തിലെ ഹൃദയസ്പർശിയായ അനുഭവശതങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള എണ്ണമററ ചെറുകഥകൾക്കു് മലയാളം രൂപംനൽകി. തകഴി, ദേവു്, പൊററെക്കാട്ടു്, തുടങ്ങിയ പേരെടുത്ത പല കാഥികരുടേയും കഥകൾ ഈ പരിവർത്തനത്തിൻെറ സന്തതികളത്രെ. തകഴി പ്രഭൃതികൾ, സാധാരണക്കാരൻെറയും, കർഷകൻെറയും പരുപരുത്ത ജീവിതയാഥാത്ഥ്യങ്ങളെ പരാമർശിച്ചുകൊണ്ടു്, പലപ്പോഴും തങ്ങളുടെ സാഹിത്യസൃഷ്ടികൾ നടത്തിയപ്പോൾ, ദേവും കൂട്ടുകാരും അതിൽനിന്നും അല്പം ഉയർന്നു് ഇടത്തരക്കാരൻെറ ജീവിതരീതിയെ പകർത്തിക്കാണിയ്ക്കാനാണു് അധികവും താന്താങ്ങളുടെ തൂലികകൾ ചലിപ്പിച്ചിരുന്നതു്. അതെന്തായാലും മർത്ത്യസഞ്ചയത്തിൻെറ ദൈനംദിനജീവിതരീതിയേയും അധുനാതന പ്രശ്നങ്ങളേയും മുഖ്യമായി പ്രപഞ്ചനം ചെയ്തുകൊണ്ടുള്ള ഇത്തരം കഥകൾ കരസ്ഥമാക്കിയ അപ്രതിമമായ വളച്ച്, ക്രമേണ പഴയരീതിയിലുള്ള ചെറുകഥാനിർമ്മാണരീതിയെ പാടെ വിപാടനം ചെയ്യുന്നതിലാണു് പര്യവസാനിച്ചതു്. ഇന്നു് പഴയരീതിപിടിച്ചുകൊണ്ടെഴുതപ്പെടുന്ന കഥകൾ കാണാനേ ഇല്ല.

## യുവതലമുറയുടെ രംഗപ്രവേശം!

ഭാഷാചെറുകഥയുടെ ഈ അടുത്ത കാലത്തെ ചരിത്രത്തിലേയ്ക്കൊന്നു കണ്ണോടിച്ചാൽ, ഏവക്കും ബോദ്ധ്യമാകുന്ന ഒരു വസ്തുതയുണ്ടു്. പഴയ തലമുറയുടെ വിശ്രമവും, പുതിയ കാഥി

കന്മാരുടെ സുധീരമായ രംഗപ്രവേശവുമാണ്. തകഴി, ദേവ്, ബഷീർ, കാരൂർ, തുടങ്ങിയ കാഥികപഞ്ചാനനന്മാർ, മിക്കവാറും തങ്ങളുടെ സടകളൊതുക്കി, ക്രൗര്യമടക്കി, നീണ്ട മൗനവും അവലംബിച്ച്, കഴിഞ്ഞുകൂടുന്ന മട്ടാണ്. അവരുടെ ഉജ്ജ്വലമായ ഗർജ്ജനങ്ങളുടെ അനുരണനം കേൾക്കണമെങ്കിൽ പോലും വല്ല വാർഷികപ്പതിപ്പുകളുടേയും താളുകളെ ആശ്രയിക്കേണ്ട പരിതാപകരമായ അവസ്ഥാവിശേഷമാണ് പാവപ്പെട്ട വായനക്കാരനുള്ളത്. പകരം വരുന്ന പുതിയ തലമുറയാകട്ടെ, ഉത്സാഹത്തിന്റെയും, പ്രസരിപ്പിന്റെയും പര്യായമാണ്. യുവസഹജമായ എടുത്തുചാട്ടത്തിൽനിന്നും, ചാപല്യങ്ങളിൽനിന്നും, വിമുക്തരല്ലെങ്കിലും, ഭാവിയിലേയ്ക്കുള്ള വാഗ്ദാനങ്ങൾ നൽകുവാൻ അവർ ഒട്ടുമുക്കാലും പര്യാപ്തരാണ്. മലയാളചെറുകഥാരണ്യഭരണം ഇന്നേറെക്കുറെ ഈ നവാഗതരുടെ കയ്യിൽ നിക്ഷിപ്തമാണെന്ന് പറയാം.

## ചെറുകഥയിലെ ആധുനിക പ്രവണതകൾ!

പുതിയ കഥാകൃത്തുക്കളെക്കുറിച്ചും, അവരുടെ കഥനരീതിയെക്കുറിച്ചും പറയുകയാണെങ്കിൽ അതുതന്നെ ഒരു ലേഖനത്തിനുള്ള വക നൽകിയേക്കും. അംഗസംഖ്യയെക്കുറിച്ചു പറയുകയാണെങ്കിൽ വളരെയേറെ പ്രബലരാണവർ. അഭ്യസ്തവിദ്യരായ യുവാക്കളെല്ലാം തന്നെ "ചെറുകഥാകൃത്ത്" എന്ന ഖ്യാതിനേടാൻ കാപ്പുകെട്ടി, കോപ്പുകൂട്ടി നടക്കുന്ന ഒരുകാലഘട്ടമാണിത്. പുരോഗമനത്തിന്റെ പേരിൽ ഇവരിൽ പലരും കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ, അത്യന്തം ജുഗുപ്സാവഹങ്ങളത്രെ! വാസ്തവത്തിൽ നമ്മുടെ ചെറുകഥാപ്രസ്ഥാനത്തെ അഭിമുഖീകരിക്കുന്ന ജടിലപ്രശ്നങ്ങളിൽ ഒന്നാണിത്. ചെറുകഥയുടെ, സുഗമമായ ഉൽഗതിയെ പ്രതിബന്ധിക്കുന്ന ഇത്തരം ദുഷിച്ച വാസനകൾ സാക്ഷരത്വം ലഭിച്ച ഏതൊരാൾക്കും ചെറുകഥാരംഗത്ത് പ്രവർത്തിക്കാമെന്ന മിഥ്യാബോധം. അതിന്റെ പാരമ്യത്തിലെത്തിച്ചേർന്നതിന്റെ പരിണതഫലമത്രെ! അതെന്തെങ്കിലുമാകട്ടെ, ചെറുകഥയിലെ ആധുനിക പ്രവണതകളെക്കുറിച്ചും, അവയ്ക്ക് വിധാതാക്കളായി വർത്തിക്കുന്നവർക്ക് നേതൃത്വം നൽകുന്ന യുവകാഥികാഗ്രേസരന്മാരെക്കുറിച്ചും, ലഘുവായതോതിൽ നമുക്കൊരു പഠനം നടത്തിനോക്കാം.

പുതിയ കഥാകൃത്തുക്കളെക്കുറിച്ചോർക്കുമ്പോൾ, ആദ്യമായി, മനോമുകുരത്തിൽ തെളിഞ്ഞുവരിക, എം. ടി. വാസുദേവൻ നായരുടേയും, കെ. ടി. മുഹമ്മദിന്റേയും, രൂപങ്ങളാണ്. ലോകചെറുകഥാമത്സരത്തിൽ, സമ്മാനാർഹമായ "കണ്ണുകൾ" എന്ന കഥയിലൂടെ വിഖ്യാതനായ കെ. ടി. യും, അതേ സമ്മാനത്തിനു തന്നെ പിന്നീട് അർഹമായ "വളർത്തുമൃഗങ്ങളു"മായി രംഗത്തേയ്ക്ക് കടന്നുവന്ന എം. ടി. യും മലയാളചെറുകഥാ സാഹിത്യത്തിനു നൽകിയ സംഭാവനകൾ അനർഘങ്ങളാണ്. ഇതിൽ, കെ ടി. പിന്നീട് തന്റെ ശ്രദ്ധ കൂടുതലായി തിരിച്ചത്, നാടകരചനയിലാണ്. എന്നാൽ എം. ടി. യാകട്ടെ, നോവലിനെ ഒഴിച്ചുനിർത്തിപ്പറയുകയാണെങ്കിൽ, തന്റെ പഴയ കളരിയിൽത്തന്നെ പതിവുപോലെ പരിശീലനം തുടർന്നുപോന്നു. സുലളിതവും, സുന്ദരവുമായ ശൈലി, ഹൃദ്യമായ വർണ്ണനകൾ, എന്നീ സവിശേഷതകൾ, എം. ടി. യുടെ കഥകളെ മററുള്ളവയിൽനിന്നും വ്യതിരിക്തമാക്കുന്നു. "നാലുകെട്ടി"ന്റെ അനാർഭാടമെങ്കിലും അന്തസ്സുററ അന്തരീക്ഷത്തിൽനിന്നും പുറത്തുകടന്ന്, വിശാലമായ പ്രപഞ്ചത്തിന്റെ അനന്തമായ വഴിത്താരയിലൂടെ പ്രയാണമാരംഭിച്ച, പ്രൗഢമായ ഒരത്ഭുതപ്രതിഭയുടെ, ഉടമസ്ഥനായ ഈ യുവകാഥികൻ പുതിയ കഥാകൃത്തുക്കളിൽ ഉണർത്തിവിടുന്ന പ്രേരണകൾ അപ്രമേയങ്ങളത്രെ. പ്രമേയാവതരണത്തിൽ, എം. ടി. പ്രകടമാക്കുന്ന പ്രാഗത്ഭ്യവും പ്രത്യേകം പ്രശംസനീയമാണ്.

പാത്രസൃഷ്ടിയിലും, ആഖ്യാനരീതിയിലും ഒരുപോലെ ഉയർന്ന മാനദണ്ഡം പുലർത്തിയെ

ങ്കിൽ മാത്രമെ, ഒരു കഥ മികച്ചതെന്നു് പറയാനാവൂ. ആധുനിക കാഥികന്മാരിൽ പലർക്കും പററുന്ന അബദ്ധവും ഇതുതന്നെയാണു്. ആഖ്യാനരീതി, പാത്രസൃഷ്ടി, ഇവയിൽ ഏതെങ്കിലും ഒന്നിൽ മാത്രം ശ്രദ്ധ ചെലുത്തുന്നു എന്നതാണു്, അവരുടെ കഥകളുടെ ഒന്നാമത്തെ പരാജയഹേതു. ടി. പത്മനാഭൻ തുടങ്ങിയവരുടെ കഥകൾ മുൻപ്രസ്താവിച്ചതിനൊരപവാദമാണു്. വ്യാഖ്യാനാതീതമായ സവിശേഷതകളാണു് പത്മനാഭന്റെ കഥകളിൽ കാണുക. തിക്തതയും, മാധുര്യവും, സുഖവും ദുഃഖവും എന്നിങ്ങനെ എല്ലാ വൈരുദ്ധ്യങ്ങളും, വൈവിദ്ധ്യങ്ങളും മേളിച്ചിണങ്ങിയ, വ്യക്തിയുടെ ഹൃദയവീഥിയിലൂടെ സാന്ധ്യരാഗം പോലെ, ഈറനായ കൺപീലിയോടെ ഈ ഏകാന്താദ്ധ്വഗൻ പോകുന്നു.

തോക്കുകളുടേയും, ബയണററുകളുടേയും ലോകത്തിലെ, അത്ഭുതംനിറഞ്ഞ സംഭവങ്ങളെ വികേന്ദ്രീകരിച്ചുകൊണ്ടുള്ള, വിഷാദാത്മകങ്ങളായ കഥകളെഴുതുന്ന കോവിലനും, നന്ദനാരും ഇവിടെ സ്മരണീയരാണു്. സ്വാനുഭവങ്ങളിലൂടെ സമാർജ്ജിച്ച വേദനകൾക്കും, യാതനകൾക്കും, കലയുടെ, നിസർഗ്ഗസുന്ദരമായ പരിവേഷമണിയിക്കുന്നതിനുള്ള ഉൽക്കടമായ അഭിനിവേശത്തിൽനിന്നും ഉൽഭൂതമായവയത്രെ ഇവരുടെ കഥകൾ. പാറപ്പുറത്തും, വിനയനും, പട്ടാളകഥകളെഴുതുന്നതിൽ പിന്നിലല്ല.

ഏതെങ്കിലും പ്രത്യേകമായ ഭാവങ്ങളുടെ ഏകതാനമായ ആവിഷ്ക്കരണമാണു്, നന്ദിനിക്കുട്ടി, മാധവിക്കുട്ടി, രാജലക്ഷ്മി എന്നിവരുടെ കഥകൾ. സഹൃദയലോകം ഒരിക്കലും പരിചയിച്ചിട്ടില്ലാത്ത, നവ്യവും, ദിവ്യവുമായ ഒരനുഭൂതിമണ്ഡലം തുറന്നുവിട്ടു്, വായനക്കാരന്റെ ഹൃദയത്തിൽ അഗാധമായ ചലനങ്ങൾ സൃഷ്ടിക്കുകയാണവയുടെ സ്വഭാവം.

## പ്രേമം! പ്രേമം!!

പ്രേമത്തെ, അതേ, ഈ ഭൗതികപ്രപഞ്ചത്തിലെ പ്രൗഢോജ്ജ്വലമായ ആ പ്രതിഭാസത്തെ ആസ്പദമാക്കി, വിരചിതങ്ങളായവയാണു്, ഇന്നു് കാണുന്ന കഥകളിൽ ഒരു നല്ല വിഭാഗവും എന്നു് പറയുന്നതിൽ തെററില്ല. പ്രതിപാദ്യവിഷയത്തിന്റെ സത്തയ്ക്കും, ഭാവഭംഗിയ്ക്കും ഭംഗം വരാതെ, വിലോലഭാവനയുടെ പാലാഴിയിൽനിന്നും കടഞ്ഞെടുക്കുന്ന, കലാമേന്മ നിറഞ്ഞ പ്രണയകഥകൾ മുതൽ, മാനവചേതനയിൽ വർത്തിക്കുന്ന സകല മൂല്യഭാവങ്ങളേയും, മാനുഷികമൂല്യങ്ങളേയും ശകലീകരിക്കുന്ന, കേവലം രണ്ടാംതരം ശൃംഗാരകഥകൾ വരെ, ആധുനിക ചെറുകഥാ സാഹിത്യം ഉൾക്കൊള്ളുന്നു. പ്രേമം യുവസഹജമായ ഒരു വികാരവിശേഷമായതുകൊണ്ടും, അതിനടിമപ്പെടാത്തവർ വിരളമായതുകൊണ്ടും, അതേക്കുറിച്ചെഴുതുന്ന ഏതു അരോചകമായ കഥയും ക്ഷന്തവ്യമാണെന്ന ഒരുതരം, തെററിദ്ധാരണ, നമ്മുടെ യുവകാഥികന്മാരിൽ പലർക്കുമുള്ളതായിതോന്നുന്നു. എന്നാൽ ഒരു കാര്യം അവർ ഓർത്തിരിക്കുന്നതു് നന്നു്. പ്രേമത്തിന്റെ ലോകത്തിലൂടെയുള്ള അന്ധമായ ഈ അപഥസഞ്ചാരം നല്ലതിനല്ല തന്നെ. മദ്യവും, മാംസദാഹവും മദിരോത്സവം നടത്തുന്ന, മണിയറകൾക്കും, പ്രേമാഭിനയങ്ങൾക്കു്, കളമൊരുക്കുന്ന മററു വേദികൾക്കുമപ്പുറത്തു്, പ്രതീക്ഷകൾ തുടിക്കുന്ന മറെറാരു ലോകം കൂടിയുണ്ടു്. അതിനെ ബോധപൂർവ്വം വിസ്മരിക്കുന്നതു്, ഉത്തമനായ ഒരു കഥാകൃത്തിനു് ചേർന്ന വൃത്തിയല്ല. പ്രേമത്തെക്കാളുപരി, മനുഷ്യജീവിതത്തെ പിടിച്ചു കുലുക്കുന്ന മററു സംഭവങ്ങൾക്കു്, ഒരു കാഥികൻ പ്രാധാന്യം നൽകുമ്പോഴേ അയാളുടെ കഥകൾ സഹൃദയലോകത്തിൽ ശാശ്വതപ്രതിഷ്ഠ നേടുന്നുള്ളു. മോപ്പസാങ്ങു്, തുടങ്ങിയവരുടെ കഥകൾ നഗ്നമായ ഈ യാഥാർത്ഥ്യത്തെയത്രെ വിളിച്ചുപറയുന്നതു്. നമ്മുടെ കാഥികന്മാരും ഈ പരമാർത്ഥം മനസ്സിലാക്കി, അതിനനുസൃതമായി പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

നവാഗതരും അല്ലാത്തവരുമായ കാഥികന്മാരിൽ, സവിശേഷമായ പരിഗണനയർഹി

ങ്കിൽ മാത്രമെ, ഒരു കഥ മികച്ചതെന്നു് പറയാനാവൂ. ആധുനിക കാഥികന്മാരിൽ പലക്കും പററുന്ന അബദ്ധവും ഇതുതന്നെയാണ്. ആഖ്യാനരീതി, പാത്രസൃഷ്ടി, ഇവയിൽ ഏതെങ്കിലും ഒന്നിൽ മാത്രം ശ്രദ്ധ ചെലുത്തുന്നു എന്നതാണ്, അവരുടെ കഥകളുടെ ഒന്നാമത്തെ പരാജയഹേതു ടി. പത്മനാഭൻ തുടങ്ങിയവരുടെ കഥകൾ മുൻപ്രസ്താവിച്ചതിനൊരപവാദമാണ്. വ്യാഖ്യാനാതീതമായ സവിശേഷതകളാണ് പത്മനാഭൻെറ കഥകളിൽ കാണുക. തിക്തതയും, മാധുര്യവും, സുഖവും ദുഃഖവും എന്നിങ്ങനെ എല്ലാ വൈരുദ്ധ്യങ്ങളും, വൈവിദ്ധ്യങ്ങളും മേളിച്ചിണങ്ങിയ, വ്യക്തിയുടെ ഹൃദയവീഥിയിലൂടെ സാന്ധ്യരാഗം പോലെ, ഈറനായ കൺപീലിയോടെ ഈ ഏകാന്താദ്ധ്വഗൻ പോകുന്നു.

തോക്കുകളുടേയും, ബയണററുകളുടേയും ലോകത്തിലെ, അത്ഭുതംനിറഞ്ഞ സംഭവങ്ങളെ വികേന്ദ്രീകരിച്ചുകൊണ്ടുള്ള, വിഷാദാത്മകങ്ങളായ കഥകളെഴുതുന്ന കോവിലനും, നന്ദനാരും ഇവിടെ സ്മരണീയരാണ്. സ്വാനുഭവങ്ങളിലൂടെ സമാർജ്ജിച്ച വേദനകൾക്കും, യാതനകൾക്കും, കലയുടെ, നിസർഗ്ഗസുന്ദരമായ പരിവേഷമണിയിക്കുന്നതിനുള്ള ഉൽക്കടമായ അഭിനിവേശത്തിൽനിന്നും ഉൽഭൂതമായവയത്രെ ഇവരുടെ കഥകൾ. പാറപ്പുറത്തും, വിനയനും, പട്ടാളകഥകളെഴുതുന്നതിൽ പിന്നിലല്ല.

ഏതെങ്കിലും പ്രത്യേകമായ ഭാവങ്ങളുടെ ഏകതാനമായ ആവിഷ്ക്കരണമാണ്, നന്ദിനിക്കുട്ടി, മാധവിക്കുട്ടി, രാജലക്ഷ്മി എന്നിവരുടെ കഥകൾ. സഹൃദയലോകം ഒരിക്കലും പരിചയിച്ചിട്ടില്ലാത്ത, നവ്യവും, ദിവ്യവുമായ ഒരനുഭൂതിമണ്ഡലം തുറന്നുവിട്ട്, വായനക്കാരൻെറ ഹൃദയത്തിൽ അഗാധമായ ചലനങ്ങൾ സൃഷ്ടിക്കുകയാണവയുടെ സ്വഭാവം.

## പ്രേമം! പ്രേമം!!

പ്രേമത്തെ, അതേ, ഈ ഭൗതികപ്രപഞ്ചത്തിലെ പ്രൗഢോജ്ജ്വലമായ ആ പ്രതിഭാസത്തെ ആസ്പദമാക്കി, വിരചിതങ്ങളായവയാണ്, ഇന്നു് കാണുന്ന കഥകളിൽ ഒരു നല്ല വിഭാഗവും എന്നു് പറയുന്നതിൽ തെററില്ല. പ്രതിപാദ്യവിഷയത്തിൻെറ സത്തയ്ക്കും, ഭാവഭംഗിയ്ക്കും ഭംഗം വരാതെ, വിലോലഭാവനയുടെ പാലാഴിയിൽനിന്നും കടഞ്ഞെടുക്കുന്ന, കലാമേന്മ നിറഞ്ഞ പ്രണയകഥകൾ മുതൽ, മാനവചേതനയിൽ വർത്തിക്കുന്ന സകല മൂല്യഭാവങ്ങളേയും, മാനുഷികമൂല്യങ്ങളേയും ശകലീകരിക്കുന്ന, കേവലം രണ്ടാംതരം ശൃംഗാരകഥകൾ വരെ, ആധുനിക ചെറുകഥാ സാഹിത്യം ഉൾക്കൊള്ളുന്നു. പ്രേമം യുവസഹജമായ ഒരു വികാരവിശേഷമായതുകൊണ്ടും, അതിനടിമപ്പെടാത്തവർ വിരളമായതുകൊണ്ടും, അതേക്കുറിച്ചെഴുതുന്ന ഏതു അരോചകമായ കഥയും ക്ഷന്തവ്യമാണെന്ന ഒരുതരം, തെററിദ്ധാരണ, നമ്മുടെ യുവകാഥികന്മാരിൽ പലക്കുമുള്ളതായിതോന്നുന്നു. എന്നാൽ ഒരു കാര്യം അവർ ഓർത്തിരിക്കുന്നതു് നന്നു്. പ്രേമത്തിൻെറ ലോകത്തിലൂടെയുള്ള അന്ധമായ ഈ അപഥസഞ്ചാരം നല്ലതിനല്ല തന്നെ. മദ്യവും, മാംസദാഹവും മദിരോത്സവം നടത്തുന്ന, മണിയറകൾക്കും, പ്രേമാഭിനയങ്ങൾക്ക്, കളമൊരുക്കുന്ന മററു വേദികൾക്കുമപ്പുറത്തു്, പ്രതീക്ഷകൾ തുടിക്കുന്ന മറെറാരു ലോകം കൂടിയുണ്ടു്. അതിനെ ബോധപൂർവ്വം വിസ്മരിക്കുന്നതു്, ഉത്തമനായ ഒരു കഥാകൃത്തിനു് ചേർന്ന വൃത്തിയല്ല. പ്രേമത്തെക്കാളുപരി, മനുഷ്യജീവിതത്തെ പിടിച്ചു കുലുക്കുന്ന മററു സംഭവങ്ങൾക്ക്, ഒരു കാഥികൻ പ്രാധാന്യം നൽകുമ്പോഴേ അയാളുടെ കഥകൾ സഹൃദയലോകത്തിൽ ശാശ്വതപ്രതിഷ്ഠ നേടുന്നുള്ളു. മോപ്പസാങ്ങ്, തുടങ്ങിയവരുടെ കഥകൾ നഗ്നമായ ഈ യാഥാർത്ഥ്യത്തെയത്രെ വിളിച്ചുപറയുന്നതു്. നമ്മുടെ കാഥികന്മാരും ഈ പരമാർത്ഥം മനസ്സിലാക്കി, അതിനനുസൃതമായി പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

നവാഗതരും അല്ലാത്തവരുമായ കാഥികന്മാരിൽ, സവിശേഷമായ പരിഗണനയർഹി

ക്കുന്ന, മറ്റു പലരുമുണ്ട്; ഇനിയും പരിചയപ്പെടേണ്ടതായിട്ട്. അവരെക്കുറിച്ച് എന്തെങ്കിലും പറയാതെ പോകുന്നത് ശരിയല്ലെന്നറിയാം. പക്ഷേ, വിസ്താരഭയംമൂലം ഞാനവരെ സഖേദം വിസ്മരിക്കുകയാണ്.

ഇങ്ങിനെ, മലയാള ചെറുകഥാസാഹിത്യത്തിന്, ഈ അടുത്ത കാലത്ത്, സിദ്ധിച്ച പുരോഗതികൾ അമേയമാണ്. അസമീക്ഷ്യകാരികളും, ഉപരിപ്ലവബുദ്ധികളുമായ ഏതാനും യുവകാഥികന്മാരുടെ, വിരസമായ വിതണ്ഡവാദങ്ങളും അസ്വീകാര്യങ്ങളായ ആശയഗതികളും ഉൾക്കൊള്ളുന്ന ചെറുകഥകളെ ഉദ്ദേശിച്ചുകൊണ്ടല്ല ഇതെഴുതുന്നത്. പ്രേമഭ്രാന്ത് പിടിച്ച ചില കഥാകൃത്തുക്കളുടെ, സ്ത്രൈണമായ ജല്പനങ്ങൾ സഭ്യതയുടെ പരിധിവിട്ട ആ സാഹിത്യസൃഷ്ടികളെ സ്മരിപ്പിച്ചുകൊണ്ടുമല്ല, ഇപ്രകാരം അഭിപ്രായപ്പെടുന്നത്. പിന്നെയോ? പ്രാപഞ്ചികരഹസ്യങ്ങളുടെ അഗാധതലങ്ങളിലേയ്ക്കിറങ്ങിച്ചെന്ന്, അവിടെനിന്നും അനർഘമായ കഥാമുത്തുകൾ തപ്പിയെടുത്ത്, അവയെ സാദരം, സഹൃദയസമക്ഷം സമർപ്പിക്കുന്ന, സൂക്ഷ്മനിരീക്ഷണപാടവവും, അപഗ്രഥനശീലവും അനുപമമായ ഭാവനാസമ്പത്തും കൈമുതലായുള്ള സമർത്ഥരായ യുവകാഥികന്മാരുടെ സരസമായ ചെറുകഥകളെ ഉള്ളിൽക്കണ്ടുകൊണ്ടാണിതെഴുതുന്നത്. സഹൃദയഹൃദയത്തിൽ ബന്ധുരമായ ഭാവശതങ്ങളെ—വൈകാരികവും വൈചാരികവുമായ ശുദ്ധാനുഭൂതികളെ—ഉണർത്തിവിടുവാൻ പര്യാപ്തങ്ങളായ അഭിരാമമായ ആ ചെറുകഥാവൃന്ദത്തെ ഉള്ളിൽക്കണ്ടുകൊണ്ട് തന്നെ പറയട്ടെ; "കൂമ്പടഞ്ഞു" എന്ന വാദം ചെറുകഥയെ സംബന്ധിച്ചോളം ഒരിക്കലും പ്രസക്തമല്ലതന്നെ.

പുതിയ തലമുറ—ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും ചുടുരക്തം സിരകളിലൂടെയൊഴുകുന്ന മാദകമായ യൗവനത്തിന്റെ അനശ്വരരായ പ്രവാചകർ! ഇന്നലെയുടെ സന്ദേശവാഹകരാണവർ. ഇന്നിന്റെ സന്തോഷദായകരും നാളെയുടെ വിധാതാക്കളുമാണവർ. അദമ്യമായ അസൂയയും, അനല്പമായ പുരോഗമനസ്പർദ്ധയും മൂലം സകല സംസ്കരണശ്രമങ്ങളെയും തടഞ്ഞുനിർത്തുകയും, അഹന്തയുള്ളവയെപ്പോലും ബോധപൂർവ്വം അവഗണിക്കുകയും ചെയ്യുന്ന, നിർഘൃണരും, നിഷ്കരുണരുമായ പയറ്റിത്തെളിഞ്ഞ തലമുറയുടെ മദ്ധ്യത്തിലേയ്ക്ക്, അവർ അടിവെച്ചടിവെച്ചുകയറുകയാണ്. ഇന്നലെയുടെ ചരിത്രം തിരുത്തിയെഴുതാനല്ലവർ വരുന്നത്. പഴമയുടെ നേരെ വികൃതമായി പല്ലിളിച്ചുകാട്ടി പരിഹസിക്കാനുമല്ലവർ വരുന്നത്. പിന്നെയോ? ഭൂതകാലത്തിന്റെ നേട്ടങ്ങളെ അംഗീകരിച്ചുകൊണ്ട് തന്നെ, നിസർഗ്ഗമോഹനമായ സർഗ്ഗശക്തിയിൽനിന്നും, താന്താങ്ങളുടെ പുതിയ അദ്ധ്യായങ്ങൾ തുന്നിച്ചേർക്കുവാനും, നല്ല നാളെയ്ക്കു കളമൊരുക്കുവാനുമാണവർ വരുന്നത്. അവരെ നാം സ്വീകരിച്ചിരുത്തുക.

ധൃതിപിടിച്ച് കത്തെഴുതിക്കൊണ്ടിരുന്ന ഭർത്താവ് പെട്ടെന്ന് എഴുത്തുനിർത്തി; അദ്ദേഹം അസ്വാസ്ഥ്യപ്പെടുന്നപോലെ തോന്നി.

ഭാര്യ ചോദിച്ചു:— എന്തുപറ്റി?

ഭർത്താവ്:— അതോ?............അതെന്റെ നാവിന്റെ തുമ്പത്തുണ്ടായിരുന്നു. ഇപ്പോൾ പിടി കിട്ടുന്നില്ല.

ഭാര്യ:— സാരമില്ല. ഒന്നു മനസ്സൂന്നി ആലോചിച്ചു നോക്കു. വീണ്ടും കിട്ടും.

ഭർത്താവ്:— കിട്ടാൻ യാതൊരു വഴിയുമില്ല. അത് ഈ കത്തിന്മേലൊട്ടിക്കാനുള്ള സ്റ്റാമ്പായിരുന്നു.

ചെറുകഥ:-

# ഓലത്തുമ്പുകൾ

—കെ. പി. ശർമ്മ.

രാവിലെ ഉണർന്നപ്പോൾ നേരം കുറെയധികം പുലർന്നിരുന്നു. ഓ, അല്ലെങ്കിലെന്നാണ് നേരത്തെയെഴുന്നേല്ക്കാറുള്ളത്? നേരത്തെയെഴുന്നേല്ക്കാൻ ശീലിച്ചിട്ടില്ല പഠിക്കുന്ന കാലത്തുപോലും. പണ്ട് മുത്തശ്ശി പറയാറുള്ളത് ഓർമ്മയിലുണ്ടിപ്പോഴും, ഞാൻതാമസിക്കുന്നിടത്ത് മഹാലക്ഷ്മി കാലുകുത്തുകയില്ലെന്ന്.

കിടക്കയിൽ മൂരിനിവർന്ന് എഴുന്നേററിരുന്നു്, അമ്മ വിളിച്ചുണർത്തിത്തന്ന ചൂടുചായ അകത്താക്കുമ്പോഴാണ് ടൂത്ത് പേസ്റ്റില്ല എന്നോർത്തത്. വേലക്കാരൻ പയ്യനെ പേസ്റ്റിനു പറഞ്ഞുവിട്ടിട്ട് ഒരു സിഗററെറ്റെടുത്തു കത്തിച്ചുകൊണ്ട് വരാന്തയിലിറങ്ങിനിന്നപ്പോൾ, പച്ചപിടിച്ച വൃക്ഷത്തലപ്പുകളിൽ പ്രഭാതസൂര്യന്റെ ബാലരശ്മികൾ മുത്തമിടുകയാണ്. ഇളംവെയിലണിഞ്ഞുകിടക്കുന്ന കുന്നിൻപുറങ്ങളിൽ മഞ്ഞക്കോളാമ്പിപ്പൂക്കൾ ചിരിച്ചു കുഴഞ്ഞുനില്ക്കുകയാണ്.

നീണ്ട മൂന്നു വർഷങ്ങൾക്കുശേഷം നാട്ടിൽ വന്നത് മിനിഞ്ഞാന്നു രാത്രിയിലാണ്. ഇന്നലെ മുഴുവൻ ഉറക്കമായിരുന്നു. ഊണുകഴിച്ചതു തന്നെ അമ്മയുടെ നിർബ്ബന്ധംമൂലമായിരുന്നു. ഒന്നുരണ്ടു പ്രാവശ്യം അമ്മയാരോടോ പറയുന്നതു കേട്ടിരുന്നു "അവന്റെ കോലം കണ്ടില്ലേ? നേരത്തിനും കാലത്തിനും വല്ലതും കഴിക്കാഞ്ഞിട്ടാ."

വർഷങ്ങൾ ചിലതു കഴിഞ്ഞുവെങ്കിലും ഈ ഗ്രാമത്തിന്റെ മുഖത്തിനു യാതൊരു മാററവും വന്നിട്ടില്ല. ഒരു കാലത്ത് എന്റെ ജീവിതം തന്നെ ആ കുന്നിൻ ചരിവുകളിലും വയൽ വരമ്പിലുമായിരുന്നു. പൂപറിക്കാനും മാമ്പഴം ശേഖരിക്കാനുമായി എത്രപ്രാവശ്യം അവിടെയൊക്കെ ഓടിച്ചാടി നടന്നിട്ടുണ്ട്. അന്നൊക്കെ ജീവിതത്തിനൊരർത്ഥവും കനവുമില്ലായിരുന്നു; കടമയും കടപ്പാടുമില്ലായിരുന്നു.

വേലക്കാരൻ പയ്യൻ ടൂത്ത് പേയ്സ്റ്റുമായി കടന്നുവന്നു. പായ്ക്കററിന്മേൽ കുറെ ചുവന്നയക്ഷരങ്ങൾ നിരന്നിരിക്കുന്നു. "കോൾഗേററ് ടൂത്ത് പേയ്സ്റ്റ്"............

എന്റെ ചിന്തകൾ വർഷങ്ങളെത്തഴുകി പിന്നിലേക്കു പറന്നുപോയി. ഭൂതകാലത്തിന്റെ ഇക്കിളിപ്പെടുത്തുന്ന ഓർമ്മകൾ ഹൃദയത്തിന്റെ മൃദുലവശങ്ങളിലൂടെ നീന്തിക്കടന്നുപോയി.

കോളേജിൽ പഠിക്കുന്ന കാലത്താണ്, ഇംഗ്ലീഷ് ക്ലാസ്സിലാണെന്നാണോർമ്മ. ക്ലാസ്സെടുത്തുകൊണ്ടിരുന്ന ലെക്ചറർ പെൺകുട്ടികളുടെ ഭാഗത്തേക്ക് ഒരു ചോദ്യം തൊടുത്തുവിട്ടു. ശാരിയെഴുന്നേററുനിന്നു, ക്ലാസ്സിന്റെ മുഴുവൻ ശ്രദ്ധയാകർഷിച്ചുകൊണ്ട്.

ശാരിയെ നിങ്ങൾക്കൊന്നു പരിചയപ്പെടുത്തട്ടെ. സദാസമയവും പ്രസന്നവദനയായൊരു പെൺകുട്ടി. ആരെന്തു ചോദിച്ചാലും ചിരി തുടങ്ങും. പുഞ്ചിരിക്കുമ്പോൾ ആ കവിളുകളിൽ പനിനീർപൂക്കൾ വിരിയുകയായി.

# ഓലത്തുമ്പുകൾ

—കെ. പി. ശശി.

രാവിലെ ഉണർന്നപ്പോൾ നേരം കുറെയധികം പുലർന്നിരുന്നു. ഓ, അല്ലെങ്കിലെന്നാണ് നേരത്തെയെഴുന്നേല്ക്കാറുള്ളതു്? നേരത്തെയെഴുന്നേല്ക്കാൻ ശീലിച്ചിട്ടില്ല പഠിക്കുന്ന കാലത്തുപോലും. പണ്ട് മുത്തശ്ശി പറയാറുള്ളതു് ഓർമ്മയിലുണ്ടിപ്പോഴും, ഞാൻതാമസിക്കുന്നിടത്തു് മഹാലക്ഷ്മി കാലുകുത്തുകയില്ലെന്നു്.

കിടക്കയിൽ മൂരിനിവർന്ന് എഴുന്നേററിരുന്നു്, അമ്മ വിളിച്ചുണർത്തിത്തന്ന ചുടുചായ അകത്താക്കുമ്പോഴാണ് ടൂത്ത് പേസ്റ്റില്ല എന്നോർത്തതു്. വേലക്കാരൻ പയ്യനെ പേസ്റ്റിനു പറഞ്ഞുവിട്ടിട്ട് ഒരു സിഗററെറടുത്തു കത്തിച്ചുകൊണ്ട് വരാന്തയിലിറങ്ങിനിന്നപ്പോൾ, പച്ചപിടിച്ച വൃക്ഷത്തലപ്പുകളിൽ പ്രഭാതസൂര്യന്റെ ബാലരശ്മികൾ മുത്തമിടുകയാണ്. ഇളംവെയിലണിഞ്ഞുകിടക്കുന്ന കുന്നിൻപുറങ്ങളിൽ മഞ്ഞക്കോളാമ്പിപ്പൂക്കൾ ചിരിച്ചു കുഴഞ്ഞുനില്ക്കുകയാണ്.

നീണ്ട മൂന്നു വർഷങ്ങൾക്കുശേഷം നാട്ടിൽ വന്നതു് മിനിഞ്ഞാന്നു രാത്രിയിലാണ്. ഇന്നലെ മുഴുവനുറക്കമായിരുന്നു. ഊണുകഴിച്ചതുതന്നെ അമ്മയുടെ നിർബ്ബന്ധംമൂലമായിരുന്നു. ഒന്നുരണ്ടു പ്രാവശ്യം അമ്മയാരോടോ പറയുന്നതു കേട്ടിരുന്നു "അവന്റെ കോലം കണ്ടില്ലേ? നേരത്തിനും കാലത്തിനും വല്ലതും കഴിക്കാഞ്ഞിട്ടാ."

വർഷങ്ങൾ ചിലതു കഴിഞ്ഞുവെങ്കിലും ഈ ഗ്രാമത്തിന്റെ മുഖത്തിനു യാതൊരു മാററവും വന്നിട്ടില്ല. ഒരു കാലത്തു് എന്റെ ജീവിതം തന്നെ ആ കുന്നിൻ ചരിവുകളിലും വയൽ വരമ്പിലുമായിരുന്നു. പൂപറിക്കാനും മാമ്പഴം ശേഖരിക്കാനുമായി എത്രപ്രാവശ്യം അവിടെയൊക്കെ ഓടിച്ചാടി നടന്നിട്ടുണ്ട്. അന്നൊക്കെ ജീവിതത്തിനൊരർത്ഥവും കനവുമില്ലായിരുന്നു; കടമയും കടപ്പാടുമില്ലായിരുന്നു.

വേലക്കാരൻ പയ്യൻ ടൂത്ത് പേയ്സ്റ്റുമായി കടന്നുവന്നു. പായ്ക്കററിന്മേൽ കുറെ ചുവന്നയക്ഷരങ്ങൾ നിരന്നിരിക്കുന്നു. "കോൾഗേററ് ടൂത്ത് പേയ്സ്റ്റ്"............

എന്റെ ചിന്തകൾ വർഷങ്ങളെത്തഴുകി പിന്നിലേക്കു പറന്നുപോയി. ഭൂതകാലത്തിന്റെ ഇക്കിളിപ്പെടുത്തുന്ന ഓർമ്മകൾ ഹൃദയത്തിന്റെ മൃദുലവശങ്ങളിലൂടെ നീന്തിക്കടന്നുപോയി.

കോളേജിൽ പഠിക്കുന്ന കാലത്താണ്, ഇംഗ്ലീഷ് ക്ലാസ്സിലാണെന്നാണോർമ്മ. ക്ലാസ്സെടുത്തുകൊണ്ടിരുന്ന ലെക്ചറർ പെൺകുട്ടികളുടെ ഭാഗത്തേക്ക് ഒരു ചോദ്യം തൊടുത്തുവിട്ടു. ശാരിയെഴുന്നേററുനിന്നു, ക്ലാസ്സിന്റെ മുഴുവൻ ശ്രദ്ധയാകർഷിച്ചുകൊണ്ട്.

ശാരിയെ നിങ്ങൾക്കൊന്നു പരിചയപ്പെടുത്തട്ടെ. സദാസമയവും പ്രസന്നവദനയായൊരു പെൺകുട്ടി. ആരെന്തു ചോദിച്ചാലും ചിരി തുടങ്ങും. പുഞ്ചിരിക്കുമ്പോൾ ആ കവിളുകളിൽ പനിനീർപൂക്കൾ വിരിയുകയായി.

മുല്ലമൊട്ടുകളെ വെല്ലുന്ന ദന്തനിരകൾ മറെറാരു സവിശേഷതയാണ്..........

"Come on; give me the answer"—ലെക്ചറർ പറഞ്ഞു.

ശാരി ചിരിച്ചുകൊണ്ടുതന്നെ നിന്നു.

"Why are you laughing?" ക്ലാസ്സിലുയന്ന അമർത്തിയ ചിരിയോടൊപ്പം, ലെക്ചററുടെ ശബ്ദം ഉയന്നു.

അപ്പോഴാണ് പിൻബഞ്ചിൽ ചുമരും ചാരിയിരുന്ന ജോബ് തൻെറ 'കമൻറ്' പാസ്സാക്കിയതു്–"കോൾഗേററ്". ക്ലാസ്സിൽ കൂട്ടച്ചിരി പൊങ്ങി. ശാരിയാകെ വിളറി വിയത്തു; തലകറങ്ങി വീണില്ലെന്നു മാത്രം.

ജോബിട്ട പേരുറക്കുന്നതിനധികം ദിവസം വേണ്ടിവന്നില്ലെന്നുതോന്നുന്നു. വളരെ വേഗം ശാരിയെന്ന പേരു വിസ്മൃതമായി. ആദ്യമൊക്കെ മുഖം തുടുത്തിരുന്നുവെങ്കിലും, പിന്നെപ്പിന്നെ "കോൾഗേററ്" എന്നുകേട്ടാൽ കവിളിൽ പനിനീർപൂക്കൾ വിരിയുകയായി; അധരങ്ങൾക്കിടയിൽ മുല്ലമൊട്ടുകളും.

"അല്ലാ നീ പല്ലു തേയ്പ്പുതുടങ്ങീട്ടു തന്നില്ലേ?"—അമ്മയുടെ ചോദ്യമെന്നെ സ്വപ്നങ്ങളിൽ നിന്നുണത്തി.

പല്ലു ബ്രഷ് ചെയ്യലും കുളിയുമെല്ലാം വേഗത്തിൽ കഴിഞ്ഞു. കാപ്പികുടികഴിഞ്ഞു്, സ്റ്റാൻലി ഗാർഡ്നറുടെ ഒരു പെറിമേസൺ നോവലുമായി മുറിയിലിരുന്നു സല്ലപിക്കുകയായിരുന്നു.

"എടാ നിന്നെക്കാണാൻ, നിൻെറ കൂടെ പ്പഠിച്ച ഒരു കുട്ടി വന്നിരിക്കുന്നു"—മുറിയിലേക്കു് കടന്നുവന്ന അമ്മയാണതു പറഞ്ഞതു്.

ഫോണിൽ ബെല്ലടിക്കുന്നതുകേട്ട് പെറിമേസൺ റിസീവർ കയ്യിലെടുത്തു. അപ്പോഴാണ് അമ്മയുടെ വരവു്. നോവൽ മടക്കിവച്ചിട്ടു് ഞാനെഴുന്നേററു.

വരാന്തയിൽ നില്ക്കുന്ന ശാരി അധരങ്ങൾക്കിടയിൽ മുല്ലമൊട്ടുകളുമായി!

ഈറൻ വസ്ത്രങ്ങളും നെററിയിൽ ചന്ദനക്കുറിയുമായി!

ഒട്ടും പ്രതീക്ഷിച്ചിരുന്നതല്ല. ഞാൻനിന്നു പരുങ്ങി കുറച്ചുനേരത്തേക്കു്. കണ്ണുകൾ അറിയാതെ മേശപ്പുറത്തേക്കു ചെന്നു. വെളുത്ത റാപ്പറിന്മേൽ ചുവന്നയക്ഷരങ്ങൾ! 'COLGATE.'

ശാരിയാണാദ്യം ശബ്ദിച്ചതെന്നു തോന്നുന്നു. "ബാബു ഞങ്ങളെയൊക്കെ മറന്നുകാണുമല്ലെ?"

ഞാനൊന്നു പുഞ്ചിരിക്കുവാൻ ശ്രമിച്ചു, നിഷ്ഫലമായി.

*    *    *    *    *

പിന്നീടമ്മ പറഞ്ഞാണ് വിവരങ്ങൾ അറിഞ്ഞതു്. കോളേജ് വിട്ട് അധികം കഴിയുന്നതിനു മുമ്പു് ശാരിയുടെ വിവാഹം കഴിഞ്ഞു–ഞങ്ങളുടെ നാട്ടിൽ ജോലിയുണ്ടായിരുന്ന ഒരെഞ്ചിനീയറുമായി. അങ്ങിനെയാണവർ ഞങ്ങളുടെ അയല്ക്കാരായതും അമ്മയുമായടുത്തതും.

മധുവിധുവിൻെറ മധുരാനുഭൂതികൾ പകന്നുതീരും മുമ്പെ സ്നേഹധനനായ ആ ഭത്താവു വളെ വിട്ടുപിരിഞ്ഞു. 'മോട്ടോർ ആക്സിഡൻററാ'യിരുന്നത്രെ.

എൻെറ ഓട്ടോഗ്രാഫിൻെറ മഞ്ഞത്താളിൽ ഉരുണ്ടയക്ഷരത്തിൽ ശാരിയെഴുതിത്തന്നതു് ഞാനോക്കുന്നു—

"വിധിവിഹിതപ്രവാഹത്തിലൊന്നുപോ–
ലൊഴുകിടും വെറുമോലത്തുരുമ്പുകൾ
.........................................."

ഹൃദയത്തിലകാരണമായി വേദന വളന്നു

വരുന്നതുപോലെ തോന്നി. എന്റെയാരാണ് ശാരി? പലപ്പോഴും സ്വയം ചോദിച്ചിട്ടുണ്ട്. അധരത്തോളമെത്തിയ പാനപാത്രം തകർന്നുവീണ്, ഈറൻ കണ്ണുകളുമായി ഹൃദയത്തിന്റെ കോണിലിരുന്ന് ആരോ വിങ്ങി വിങ്ങിക്കരയുന്നതുപോലെ തോന്നി. പാടിത്തീരാത്ത ഒരു ശോകഗാനം സദാ കാതുകളിൽ മാറ്റൊലിക്കൊള്ളുന്നു.

നിത്യവും കാണാറുണ്ട് ശാരിയെ. മഞ്ഞണിഞ്ഞ പുലരിയിൽ, കിഴക്കു കുങ്കുമപ്പൂക്കൾ വിരിയുമ്പോൾ, ഈറനണിഞ്ഞ് നെറ്റിയിൽ ചന്ദനവും, മുടിയ്ക്കിടയിൽ തുളസീദളങ്ങളുമായി അവൾ വരും. അമ്മയെക്കണ്ട് എന്തെങ്കിലും പറയുവാനുണ്ടാവും നിത്യവും.

സ്നേഹിക്കുന്നതിൽ ഒരാനന്ദമുണ്ട്. സ്നേഹിക്കുന്നത് വേദനയുടെ മരുഭൂമിയിലൂടെ തീർത്ഥാടനം ചെയ്യുന്ന ഒരു പെൺകുട്ടിയെയാണെങ്കിലോ?

രണ്ടുമൂന്നു പ്രാവശ്യം ശാരിയുടെ വീട്ടിൽ പോയി. പകലെ വെറുതെ ഒന്നു കറങ്ങാനിറങ്ങിയതാണ് മിക്ക ദിവസവും! അവസാനം ചെന്നു നില്ക്കുന്നത് പച്ച പെയിന്റിട്ട ആ ഗേറ്റിലാവും. കുറച്ചുനേരം സംസാരിച്ചിരിക്കും. സംസാരിക്കുക കൂടുതലും ശാരിയുടെ അമ്മയായിരിക്കും. ഞാൻ എല്ലാം മൂളിക്കേട്ടിരിക്കും. മറുപടി പറയാൻ പലപ്പോഴും സാധിക്കാറില്ല.

ഹൃദയത്തിൽ ചില തീരുമാനങ്ങൾ രൂപം കൊള്ളുകയായിരുന്നു ആ ദിവസങ്ങളിൽ. ലീവ് അവസാനിക്കും മുമ്പ് ഞാനൊരു വിവാഹം കഴിക്കണമെന്നമ്മയാഗ്രഹിച്ചു. ആദ്യമൊക്കെയൊഴിവുകൾ പറഞ്ഞെങ്കിലും, ഹൃദയം സ്നേഹത്തിനുവേണ്ടി ദാഹിക്കുകയായിരുന്നു. വിവാഹത്തെപ്പറ്റി ചിന്തിക്കുമ്പോഴെല്ലാം പനിനീർപൂക്കൾ വിരിയുന്ന കവിൾത്തടങ്ങളാണ് കൺമുന്നിൽ. (ഇന്നു പനിനീർപൂക്കളില്ല, പകരം വേദനയുടെ പൂക്കളാണ്.)

ശാരിയെക്കാണുമ്പോഴെല്ലാം വിചാരിക്കും തുറന്നു സംസാരിക്കണമെന്ന്. വേദന വിതുമ്പി നില്ക്കുന്ന ആ കണ്ണുകളിൽ നോക്കുമ്പോൾ, വാക്കുകൾ കിട്ടാറില്ല—തൊണ്ടയിലെന്തോ കുടുങ്ങിയതുപോലെ. പലയാവർത്തി, പറയാനുള്ളത് പിന്നീടേക്കു മാറ്റിവെച്ചു.

മൂന്നുനാലു ദിവസങ്ങൾക്കു മുമ്പാണ്. കുറെയേറെ ധൈര്യം സംഭരിച്ചിട്ടാണിറങ്ങിയത്. ഇന്നുതന്നെ എന്റെ ഹൃദയത്തിന്റെ ജാലകങ്ങൾ മലക്കെ തുറന്നു കാണിക്കണം എന്നു ശപഥം ചെയ്തിട്ടാണ് ശാരിയുടെ വീട്ടിൽ ചെന്നു കയറിയത്.

അധികം മുഖവുര കൂടാതെ തന്നെ ഞാൻ എന്റെയാഗ്രഹമറിയിച്ചു. അക്ഷമയോടെ—ഞാനാ നീലക്കണ്ണുകൾ ഈറനാകുന്നതു കണ്ടു. രണ്ടു വാചകങ്ങൾ വിതുമ്പിപ്പുറത്തുവന്നു "ബാബുവിന് നല്ലൊരു ഭാവിയുണ്ട്, നല്ലൊരു പെൺകുട്ടിയെ വിവാഹം കഴിക്കു..........ഞാൻ കാരണം ആ ജീവിതം തുലയരുത്"...........

അവിടെനിന്നിറങ്ങിപ്പോന്നപ്പോൾ ഒരു ചിന്ത മാത്രമായിരുന്നു മനസ്സിൽ—ലീവവസാനിക്കും മുമ്പ് നാടുവിടുക. ഈ നാട്ടിലെ വായുവിൽ തകർന്നുപോയ അഭിലാഷങ്ങളുടെ നെടുവീർപ്പുകൾ തങ്ങി നില്പുണ്ട്. എന്റെ കണ്ണുകൾ ഈറനാവാതിരിയ്ക്കാൻ ഞാൻ ശ്രദ്ധിച്ചു.

മുകളിൽ അനന്തമായ ആകാശനീലിമ—താഴെ ചെമ്മണ്ണു നിറഞ്ഞ നാട്ടുപാതയുടെ ഇരുവശങ്ങളിലുമായി പരന്നുകിടക്കുന്ന പച്ചവി- ദി
ച്ച നെൽവയലുകൾ എന്റെ ഹൃദയം ാർ
ലെ, ശൂന്യമാണ് നീണ്ടുപോകുന്ന ചെമ്മണ്ണു ണ്ട
റഞ്ഞ ആ വഴിത്താരയും.

ശാരിയെ പിന്നെ കണ്ടിട്ടില്ല. എന്നെക്കാണേണ്ട എന്നു കരുതിയാവണം വീട്ടിൽക്കൂടി വരാത്തത്. ഇന്നു രാവിലെ പതിവുപോലെ അമ്മയാണ് പറഞ്ഞത് "ബാബൂ! ശാരിയുടെ കല്യാണം തീരുമാനിച്ചത്രെ, പേർഷ്യായിൽ നി

വരുന്നതുപോലെ തോന്നി. എന്റെയാരാണ് ശാരി? പലപ്പോഴും സ്വയം ചോദിച്ചിട്ടുണ്ട്. അധരത്തോളമെത്തിയ പാനപാത്രം തകർന്നുവീണ്, ഈറൻ കണ്ണുകളുമായി ഹൃദയത്തിന്റെ കോണിലിരുന്ന് ആരോ വിങ്ങി വിങ്ങിക്കരയുന്നതുപോലെ തോന്നി. പാടിത്തീരാത്ത ഒരു ശോകഗാനം സദാ കാതുകളിൽ മാറ്റൊലിക്കൊള്ളുന്നു.

നിത്യവും കാണാറുണ്ട് ശാരിയെ. മഞ്ഞണിഞ്ഞ പുലരിയിൽ, കിഴക്കു കുങ്കുമപ്പൂക്കൾ വിരിയുമ്പോൾ, ഈറനണിഞ്ഞ് നെറ്റിയിൽ ചന്ദനവും, മുടിസ്സിടയിൽ തുളസീദളങ്ങളുമായി അവൾ വരും. അമ്മയെ കണ്ട് എന്തെങ്കിലും പറയുവാനുണ്ടാവും നിത്യവും.

സ്നേഹിക്കുന്നതിൽ ഒരാനന്ദമുണ്ട്. സ്നേഹിക്കുന്നത് വേദനയുടെ മരുഭൂമിയിലൂടെ തീർത്ഥാടനം ചെയ്യുന്ന ഒരു പെൺകുട്ടിയെയാണെങ്കിലോ?

രണ്ടുമൂന്നു പ്രാവശ്യം ശാരിയുടെ വീട്ടിൽ പോയി. പകലെ വെറുതെ ഒന്നു കറങ്ങാനിറങ്ങിയതാണ് മിക്ക ദിവസവും! അവസാനം ചെന്നു നില്ക്കുന്നത് പച്ച പെയിൻറിട്ട ആ ഗേറ്റിലാവും. കുറച്ചുനേരം സംസാരിച്ചിരിക്കും. സംസാരിക്കുക കൂടുതലും ശാരിയുടെ അമ്മയായിരിക്കും. ഞാൻ എല്ലാം മൂളിക്കേട്ടിരിക്കും. മറുപടി പറയാൻ പലപ്പോഴും സാധിക്കാറില്ല.

ഹൃദയത്തിൽ ചില തീരുമാനങ്ങൾ രൂപം കൊള്ളുകയായിരുന്നു ആ ദിവസങ്ങളിൽ. ലീവ് അവസാനിക്കും മുമ്പ് ഞാനൊരു വിവാഹം കഴിക്കണമെന്നമ്മയാഗ്രഹിച്ചു. ആദ്യമൊക്കെയൊഴിവുകൾ പറഞ്ഞെങ്കിലും, ഹൃദയം സ്നേഹത്തിനുവേണ്ടി ദാഹിക്കുകയായിരുന്നു. വിവാഹത്തെപ്പറ്റി ചിന്തിക്കുമ്പോഴെല്ലാം പനിനീർപൂക്കൾ വിരിയുന്ന കവിൾത്തടങ്ങളാണ് കൺമുന്നിൽ. (ഇന്നു പനിനീർപൂക്കളില്ല, പകരം വേദനയുടെ പൂക്കളാണ്.)

ശാരിയെക്കാണുമ്പോഴെല്ലാം വിചാരിക്കും തുറന്നു സംസാരിക്കണമെന്ന്. വേദന വിതുമ്പി നില്ക്കുന്ന ആ കണ്ണുകളിൽ നോക്കുമ്പോൾ, വാക്കുകൾ കിട്ടാറില്ല—തൊണ്ടയിലെന്തോ കുടുങ്ങിയതുപോലെ. പലയാവർത്തി, പറയാനുള്ളത് പിന്നീടേക്കു മാറ്റിവെച്ചു.

മൂന്നുനാലു ദിവസങ്ങൾക്കു മുമ്പാണ്. കുറെയേറെ ധൈര്യം സംഭരിച്ചിട്ടാണിറങ്ങിയത്. ഇന്നുതന്നെ എന്റെ ഹൃദയത്തിന്റെ ജാലകങ്ങൾ മലക്കെ തുറന്നു കാണിക്കണം എന്നു ശപഥം ചെയ്തിട്ടാണ് ശാരിയുടെ വീട്ടിൽ ചെന്നു കയറിയത്.

അധികം മുഖവുര കൂടാതെ തന്നെ ഞാൻ എന്റെയാഗ്രഹമറിയിച്ചു. അക്ഷമയോടെ— ഞാനാ നീലക്കണ്ണുകൾ ഈറനാകുന്നതു കണ്ടു. രണ്ടു വാചകങ്ങൾ വിതുമ്പിപ്പുറത്തുവന്നു "ബാബുവിന് നല്ലൊരു ഭാവിയുണ്ട്, നല്ലൊരു പെൺകുട്ടിയെ വിവാഹം കഴിക്കു..........ഞാൻ കാരണം ആ ജീവിതം തുലയരുത്"...........

അവിടെനിന്നിറങ്ങിപ്പോന്നപ്പോൾ ഒരു ചിന്ത മാത്രമായിരുന്നു മനസ്സിൽ—ലീവവസാനിക്കും മുമ്പ് നാടുവിടുക. ഈ നാട്ടിലെ വായുവിൽ തകർന്നുപോയ അഭിലാഷങ്ങളുടെ നെടുവീർപ്പുകൾ തങ്ങി നില്പുണ്ട്. എന്റെ കണ്ണുകൾ ഈറനാവാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചു.

മുകളിൽ അനന്തമായ ആകാശനീലിമ— താഴെ ചെമ്മണ്ണു നിറഞ്ഞ നാട്ടുപാതയുടെ ഇരുവശങ്ങളിലുമായി പരന്നു കിടക്കുന്ന പച്ചവി
ച്ച നെൽവയലുകൾ എന്റെ ഹൃദയം ഭി
ലെ, ശൂന്യമാണ് നീണ്ടുപോകുന്ന ചെമ്മണ്ണ് ാർ
റഞ്ഞ ആ വഴിത്താരയും. ണ്ട

ശാരിയെ പിന്നെ കണ്ടിട്ടില്ല. എന്നെക്കാണേണ്ട എന്നു കരുതിയാവണം വീട്ടിൽകൂടി വരാത്തത്. ഇന്നു രാവിലെ പതിവുപോലെ അമ്മയാണ് പറഞ്ഞത് "ബാബു! ശാരിയുടെ കല്യാണം തീരുമാനിച്ചത്രെ, പേഷ്യായിൽ നി

നും വന്ന കുറുപ്പുമായി”

ഞാനൊന്നു ഞെട്ടാതിരുന്നില്ല. എന്റെ തലച്ചോറിൽക്കൂടി ഒരായിരം പൽച്ചക്രങ്ങൾ ഇരമ്പി മറിയുന്നതുപോലെ. അമ്മ തുടർന്നു, “ആലോചന തുടങ്ങീട്ട് കാലം കുറെയായി. ആദ്യമവൾക്ക് സമ്മതല്ലായിരുന്നത്രെ!”

എന്നിലൊരപരാധബോധമുയർന്നു വന്നു. എന്റെ മാവിക്കുവേണ്ടിയിവിടെയിതാ ഒരു പെൺകുട്ടി പുനർവിവാഹത്തിനു സമ്മതം മൂളിയിരിക്കുന്നു—അതോ ഒരു നാല്പത്തെട്ടുകാരനുമായി! ഞാൻ സ്വയം ചെറുതാകുന്നതുപോലെ തോന്നി; ഒന്നുറക്കെക്കരയാനൊരു പ്രേരണ!


**ALWAYS INSIST ON**

Laboratory and Fine Chemicals

Analytical and Laboratory Reagents

Amino-Acids, Stains, Drugs, Vitamins, etc.

Manufactured by E. Merck and other renowned producers,

directly imported by

**S. MATHURADAS & CO.,**

**Post Box No. 2113.**

**PRINCESS STREET,**

**BOMBAY - 2.**

Gram: SMATHURCO. Phone: 30273

# കഥകളി—ഒരു സുന്ദരകല

വി. എൽ. രാമവർമ്മ, F. U .C.

കെട്ടിപ്പൊക്കിയ പന്തലിൽ തിരശ്ശീല പിടിച്ചുകൊണ്ടു് രണ്ടുപേർ! അതിനുമുമ്പിൽ കത്തിക്കൊണ്ടിരിക്കുന്ന ഒരു വലിയ നിലവിളക്കു്!! തിരശ്ശീലക്കുള്ളിൽനിന്നും മദ്ദളത്തിന്റെ ശ്രവണസുന്ദരമായ ശബ്ദതരംഗം ആ പ്രദേശത്താകെ അലയടിച്ചുകൊണ്ടുയരുന്നു. അതിനുള്ളിൽ ആളുകളുടെ ശബ്ദാരവങ്ങളും. എല്ലാം എല്ലാം രംഗത്തെ സജീവമാക്കിക്കൊണ്ടിരിക്കുകയാണു്. പത്തു വർഷങ്ങൾക്കു് മുമ്പു് ഞാൻ കണ്ട കഥകളിയുടെ രംഗങ്ങൾ ഓർമ്മയുടെ തിരശ്ശീല നീക്കി പതുക്കെ പ്രത്യക്ഷപ്പെടുകയാണു്............

ഇന്നു് അന്തർദ്ദേശീയമായിപ്പോലും വളരെ പ്രചാരത്തിലിരിക്കുന്ന കഥകളി, ചരിത്രത്തിന്റെ ഏടുകളിൽ മറഞ്ഞു കിടന്നൊരു കാലമുണ്ടായിരുന്നു. പഴമയുടേതായ ആ കളിയെ ഇന്നു് പുതുമയുടേതായ കുപ്പായവുമിടുവിച്ചു്, സുന്ദരമാക്കി, പുറത്തേക്കു് കൊണ്ടുവന്ന കലാകാരന്മാരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. കേരളീയക്ഷേത്രകലകളിൽ എന്തുകൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്ന കഥകളി ഇന്നു് ഒരു പുതിയ നൃത്തകലയായി രൂപാന്തരപ്പെട്ടിരിക്കുന്നു. പരിഷ്ക്കാരത്തിന്റെ അത്യുന്നതകോടിയിലിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽപ്പോലും കഥകളി പ്രശസ്തിയാർജ്ജിച്ചിട്ടുണ്ടെന്നു് പറഞ്ഞാൽ അതു് അതിശയോക്തിയായിരിക്കുകയില്ലല്ലോ. അമേരിക്കയിൽനിന്നും കഥകളിയഭ്യസിക്കുവാൻ അഡയാറിൽ വന്ന സർ ക്ലിഫോർഡ് ജോൺസും അദ്ദേഹത്തിന്റെ പത്നി ബെററി ജോൺസും അടുത്ത കാലത്തു് കഥകളിയഭ്യസിച്ചു് തിരിച്ചുപോയിരിക്കുന്നു. തായ്‌ലണ്ടിൽ നിന്നു് മോൺടിസാർട്ടു്, അമേരിക്കയിൽനിന്നു് വന്നു് 'രാഗിണിദേവി' എന്ന പേരിൽ കഥകളിയഭ്യസിച്ച മദാമ്മ, ബംഗാളിലെ റീത്ത ഇവരെല്ലാം കഥകളിയെ ഒരു ഭാരതീയനൃത്തകലയായി മാററിയിരിക്കുന്നു. ഭാരതത്തിന്റെ പാവനമായ മണ്ണിലാണല്ലോ 'ശാകുന്തളം' കഥ നടന്നതു്. അതുപോലെ ഒരു നാടകം സംസ്കൃതത്തിൽ ഉണ്ടായിട്ടില്ലെന്നാണു് പ്രസിദ്ധ ജർമ്മൻ സാഹിത്യകാരനായ ഗോയ്ഥെ പറഞ്ഞതു്. ആ നാടകം ഇപ്പോൾ കഥകളിരംഗത്തു് പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്.

## പ്രേക്ഷകർ അന്നും ഇന്നും

നമ്മുടെയിടയിൽ പണ്ടൊക്കെ കഥകളിയുണ്ടെന്നു് കേട്ടാൽ ആദ്യം പുറപ്പെടുക ഒരു പക്ഷെ, കാരണവന്മാരായിരിക്കും. പഴമക്കാരുടെ കേളീരംഗമായിരിക്കും കഥകളി നടക്കുന്ന സ്ഥലം! രാത്രി മുഴുവൻ ഉറക്കമിളച്ചു്, ഈ ഊമക്കളി കാണുവാൻ പോകുന്നതുകൊണ്ടു് എന്താണു് പ്രയോജനം എന്നു് ചിലർ ചോദിക്കുന്നതു് കേട്ടിട്ടുണ്ടു്. കഥകളിയിൽ നടന്മാർ കൈമുദ്രകളെക്കൊണ്ടും മുഖഭാവങ്ങളെക്കൊണ്ടുമാണല്ലോ അഭിനയിക്കുന്നതു്. അപ്പോളതൊരു ഊമക്കളിയല്ലേ? എന്നു് ചോദിക്കുവാനൊരു മ്പെട്ടവരെ ശകാരിച്ചിട്ട കാര്യമില്ല. [കഥകളിപ്പദങ്ങളുടെ രാഗവും കൊട്ടിന്റെ താളവുമൊത്തു് കൈകാലുകളെക്കൊണ്ടും മുഖഭാവങ്ങളെക്കൊണ്ടും അഭിനയിക്കുന്ന നടന്മാരെ അഭിനന്ദിക്കാതെ വയ്യ.] ഇന്നത്തെ നില മാറിയിരിക്കുന്നു.

# കഥകളി—ഒരു സുന്ദരകല

വി. എൽ. രാമവർമ്മ, P. U .C.

കെട്ടിപ്പൊക്കിയ പന്തലിൽ തിരശ്ശീല പിടിച്ചുകൊണ്ടു് രണ്ടുപേർ! അതിനുമുമ്പിൽ കത്തിക്കൊണ്ടിരിക്കുന്ന ഒരു വലിയ നിലവിളക്കു്!! തിരശ്ശീലക്കുള്ളിൽനിന്നും മദ്ദളത്തിന്റെ ശ്രവണസുന്ദരമായ ശബ്ദതരംഗം ആ പ്രദേശത്താകെ അലയടിച്ചുകൊണ്ടുയരുന്നു. അതിനുള്ളിൽ ആളുകളുടെ ശബ്ദാരവങ്ങളും. എല്ലാം എല്ലാം രംഗത്തെ സജീവമാക്കിക്കൊണ്ടിരിക്കുകയാണു്. പത്തു വർഷങ്ങൾക്കു് മുമ്പു് ഞാൻ കണ്ട കഥകളിയുടെ രംഗങ്ങൾ ഓർമ്മയുടെ തിരശ്ശീല നീക്കി പുറക്കെ പ്രത്യക്ഷപ്പെടുകയാണു്............

ഇന്നു് അന്തർദ്ദേശീയമായിപ്പോലും വളരെ പ്രചാരത്തിലിരിക്കുന്ന കഥകളി, ചരിത്രത്തിന്റെ ഏടുകളിൽ മറഞ്ഞു കിടന്നൊരു കാലമുണ്ടായിരുന്നു. പഴമയുടേതായ ആ കളിയെ ഇന്നു് പുതുമയുടേതായ കുപ്പായവുമിടുവിച്ചു്, സുന്ദരമാക്കി, പുറത്തേയ്ക്കു് കൊണ്ടുവന്ന കലാകാരന്മാരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. കേരളീയക്ഷേത്രകലകളിൽ എന്തുകൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്ന കഥകളി ഇന്നു് ഒരു പുതിയ നൃത്തകലയായി രൂപാന്തരപ്പെട്ടിരിക്കുന്നു. പരിഷ്ക്കാരത്തിന്റെ അത്യുന്നതകോടിയിലിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽപ്പോലും കഥകളി പ്രശസ്തിയാർജ്ജിച്ചിട്ടുണ്ടെന്നു് പറഞ്ഞാൽ അതു് അതിശയോക്തിയായിരിക്കുകയില്ലല്ലോ. അമേരിക്കയിൽനിന്നും കഥകളിയഭ്യസിക്കുവാൻ അഡയാറിൽ വന്ന സർ ക്ലിഫോർഡ് ജോൺസും അദ്ദേഹത്തിന്റെ പത്നി ബെററി ജോൺസും അടുത്ത കാലത്തു് കഥകളിയഭ്യസിച്ചു് തിരിച്ചുപോയിരിക്കുന്നു. തായ്‌ലണ്ടിൽ നിന്നു് മോൺടിസാർട്ടു്, അമേരിക്കയിൽനിന്നു് വന്നു് 'രാഗിണിദേവി' എന്ന പേരിൽ കഥകളിയഭ്യസിച്ച മദാമ്മ, ബംഗാളിലെ റീത്ത ഇവരെല്ലാം കഥകളിയെ ഒരു ഭാരതീയനൃത്തകലയായി മാററിയിരിക്കുന്നു. ഭാരതത്തിന്റെ പാവനമായ മണ്ണിലാണല്ലോ 'ശാകുന്തളം' കഥ നടന്നതു്. അതുപോലെ ഒരു നാടകം സംസ്കൃതത്തിൽ ഉണ്ടായിട്ടില്ലെന്നാണു് പ്രസിദ്ധ ജർമ്മൻ സാഹിത്യകാരനായ ഗോയ്ഥെ പറഞ്ഞതു്. ആ നാടകം ഇപ്പോൾ കഥകളിരംഗത്തു് പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്.

## പ്രേക്ഷകർ അന്നും ഇന്നും

നമ്മുടെയിടയിൽ പണ്ടൊക്കെ കഥകളിയുണ്ടെന്നു് കേട്ടാൽ ആദ്യം പുറപ്പെടുക ഒരു പക്ഷെ, കാരണവന്മാരായിരിക്കും. പഴമക്കാരുടെ കേളീരംഗമായിരിക്കും കഥകളി നടക്കുന്ന സ്ഥലം! രാത്രി മുഴുവൻ ഉറക്കമിളച്ചു്, ഈ ഊമക്കളി കാണുവാൻ പോകുന്നതുകൊണ്ടു് എന്താണു് പ്രയോജനം എന്നു് ചിലർ ചോദിക്കുന്നതു് കേട്ടിട്ടുണ്ടു്. കഥകളിയിൽ നടന്മാർ കൈമുദ്രകളെക്കൊണ്ടും മുഖഭാവങ്ങളെക്കൊണ്ടുമാണല്ലോ അഭിനയിക്കുന്നതു്. അപ്പോളതൊരു ഊമക്കളിയല്ലേ? എന്നു് ചോദിക്കുവാനൊരുമ്പെട്ടവരെ ശകാരിച്ചിട്ടു കാര്യമില്ല. [കഥകളിപ്പദങ്ങളുടെ രാഗവും കൊട്ടിന്റെ താളവുമൊത്തു് കൈകാലുകളെക്കൊണ്ടും മുഖഭാവങ്ങളെക്കൊണ്ടും അഭിനയിക്കുന്ന നടന്മാരെ അഭിനന്ദിക്കാതെ വയ്യ.] ഇന്നത്തെ നില മാറിയിരിക്കുന്നു.

പണ്ട് രാജാവിൻെറ ഇഷ്ടത്തിനൊത്ത് ആടിയിരുന്ന കഥകളി ഇപ്പോൾ പ്രത്യേകസ്ഥലങ്ങളിൽ ടിക്കററ് വച്ചാണ് കളിക്കുന്നത്. കാണുവാൻ പോകുന്നതോ? ശാസ്ത്രീയമായി കഥകളിയെപ്പററി ഗ്രഹിച്ച് അറിവുകൊണ്ട് തലനരച്ചിട്ടുള്ള പച്ചപ്പരിഷ്ക്കാരികളായ യുവാക്കന്മാരാണ്. മധുരങ്ങളായ കഥകളിപ്പദങ്ങൾ പാടുമ്പോൾ, പാടുന്നവൻെറയും ശ്രവിക്കുന്നവൻെറയും ഹൃദയങ്ങൾ എങ്ങിനെ കോൾമയിർ കൊള്ളാതിരിക്കും!! ......

## ഉൽപത്തിയും വികാസവും

കഥകളിയുടെ ആരംഭത്തിന് മുൻപ് 'രാമനാട്ടം' എന്ന പേരിൽ കൊട്ടാരക്കരത്തമ്പുരാൻ നടത്തിയിരുന്ന കളിയായിരുന്നു പ്രസിദ്ധിയാർജ്ജിച്ചത്. എന്നാൽ, കോട്ടയം കേരളവർമ്മ തമ്പുരാനാണ് കഥകളിയെന്നപേരിൽ രാമനാട്ടം പരിഷ്ക്കരിച്ചതെന്ന് പറയപ്പെടുന്നു. കഥകളിയെ വിജയത്തിലെത്തിക്കാൻ സഹായിച്ചത് കല്ലടിക്കോടൻെറയും കപ്ലിങ്ങാട്ട് നമ്പൂതിരിയുടേയും പരിശ്രമങ്ങളാണ്. കേരളീയമല്ല കഥകളിയെന്ന് ഒരു കൂട്ടരും, അതേ കേരളകല തന്നെയാണതെന്നു വാദിക്കുന്ന മററൊരു കൂട്ടരും അടുത്തകാലത്ത് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എങ്ങിനെയൊക്കെയായാലും കേരളീയ സാഹചര്യത്തിൽ വളർന്നുവന്ന് വിജയത്തിലെത്തി, കഥകളി, എന്നുപറയുന്നതിൽ തെററില്ല.

ഈ കാലഘട്ടത്തിലെ കഥകളി പരിഷ്ക്കരണത്തിന് മുൻകൈ എടുത്തുപ്രവർത്തിക്കുന്നതും പുതിയ പുതിയ രീതിയിൽ വളർത്തുന്നതും ശ്രീ കലാമണ്ഡലം കൃഷ്ണൻകുട്ടിപ്പൊതുവാളാണ്. എല്ലാ രംഗങ്ങളിലും ഒരു പോലെ കഴിവുള്ള കൃഷ്ണൻകുട്ടിപ്പൊതുവാളിന് ദീർഘകാലം കലാസേവനം ചെയ്യാൻ സാധിക്കട്ടെ!

## കലാമണ്ഡലം

കേരളത്തിൽ കഥകളി പഠിപ്പിക്കുന്നതിന് മഹാകവി വള്ളത്തോൾ സ്ഥാപിച്ച 'കലാമണ്ഡലം' ചെറുതുരുത്തിയിൽ ഭാരതപ്പുഴയുടെ തീരത്ത് അദ്ദേഹത്തിൻെറ സ്മാരകമായി ഇന്നും വിലസുന്നു! അവിടെ കഥകളിയഭ്യസിക്കുവാൻ വരുന്ന സ്വദേശിവിദേശികളോട് ഒരുപക്ഷെ അവിടത്തെ മണൽതരികൾ വള്ളത്തോളിൻെറ മധുരസ്മരണകളുടെ കഥകൾ പറഞ്ഞുകൊടുക്കുന്നുണ്ടായിരിക്കാം. നൃത്തകലയുടെ ആ പരിപാവന ക്ഷേത്രത്തിൽനിന്നും പുറത്തു പോകുന്ന വിദ്യാർത്ഥികൾ, ആ മഹാകവിയുടെ പരിശ്രമങ്ങളെപ്പററി ഓർമ്മിക്കുമ്പോൾ, ഒരുപക്ഷെ കണ്ണുകളിൽ സന്തോഷാശ്രുക്കൾ നിറയുന്നുണ്ടായിരിക്കും. ഈ കലാലയത്തിൽ ഭരതനാട്യം, മണിപുരിനൃത്തം, കഥകളിനൃത്തം എന്നിവ പഠിപ്പിക്കപ്പെടുന്നു. ഇരിഞ്ഞാലക്കുടയിൽ ഉണ്ണായിവാരിയർ സ്മാരകമായി ഒരു കഥകളി ക്ലബ്ബുമുണ്ട്.

ദിവംഗതനായ പട്ടിക്കാംതൊടി രാമുണ്ണി മേനോൻ, കവളപ്പാറ നാരായണൻനായർ എന്നിവർ കഥകളിയുടെ സ്രഷ്ടാക്കളാണെന്നു പറയാം. അവർ മൺമറഞ്ഞുപോയെങ്കിലും അവരുടെ സേവനത്തിൻെറ പ്രതീകമായി കഥകളി മുന്നേറിക്കൊണ്ടിരിക്കുന്നു.

ഗുരു കുഞ്ചുക്കുറുപ്പ്, വാഴേങ്കട കുഞ്ചുനായർ എന്നിവരുടെ സേവനങ്ങൾ കഥകളിയെ ധന്യമാക്കികൊണ്ടിരിക്കുന്നു. പണ്ടത്തെ ഊമക്കളി ഇന്ന് ലോകപ്രസിദ്ധി നേടിയിരിക്കുന്നു. കലാമണ്ഡലത്തിൽനിന്ന് ഒരു കഥകളിസംഘം അമേരിക്ക, റഷ്യ, ജപ്പാൻ എന്നീ രാജ്യങ്ങളിൽപോയികളിച്ചിട്ടുണ്ട്.

കഥകളിയിലെ വേഷങ്ങളിൽ പ്രധാനപ്പെട്ടവ കത്തി, താടി, പച്ച എന്നിവയാണ്. വേഷം കെട്ടിവരുന്ന നടന്മാരെ കാണുമ്പോൾ അത്ഭുതമുണ്ടായേക്കാം. ഇവർ എങ്ങിനെ അണിഞ്ഞൊരുങ്ങുന്നു! പ്രസിദ്ധനായ ഒരു കഥകളി നടൻ ഒരിക്കൽ പറഞ്ഞത് ഞാനോർക്കുന്നു. "കഥകളിയിൽ വേഷം കെട്ടുന്ന സമയത്ത് ഒരു ഉറക്കം വേണമെങ്കിൽ കഴിക്കാം; നാലഞ്ചു മണിക്കൂർ വേണ്ടിവരും അതു പൂർത്തിയാകാൻ."

## ടാഗോറും കഥകളിയും

വിശ്വമഹാകവി രവീന്ദ്രനാഥടാഗോർ തന്റെ അനുഗൃഹീതമായ തൂലികകൊണ്ടു് കഥകളിയേയും അനുഗ്രഹിച്ചിട്ടുണ്ടു്. 1961 സെപ്തംബർ 17-ാം തിയ്യതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ "ടാഗോർ കണ്ട കഥകളി"' എന്ന തലക്കെട്ടിൽ എം. മുകുന്ദരാജ എഴുതിയ ലേഖനത്തിലെ ടാഗോറിന്റെ അഭിപ്രായം ഏററവും ശ്രദ്ധേയമാണു്.

"ശുദ്ധമായ ഭാരതീയനൃത്തത്തിന്റെ സ്മരണകൂടി മറഞ്ഞുകഴിഞ്ഞ ഉത്തരേന്ത്യക്കാരായ ഞങ്ങൾക്കു് കേരളീയകലയായ കഥകളിയുടെ ഈ മഹനീയപ്രദർശനം പുളകോൽഗമകാരിയായിട്ടാണു് തോന്നിയതു്. ഈ പ്രാചീനവിശിഷ്ടകല, അതിന്റെ എല്ലാ നാടകീയതയോടും മനോഹാരിതയോടും ചൊവചൊവക്കോടും കൂടി ഇപ്പോഴും ഭാരതത്തിന്റെ പാരമ്പര്യമായി നിലനില്ക്കുന്നുവെന്നു് ഉറപ്പുതന്നതിനു് ഞാൻ വളരെ നന്ദിയുള്ളവനാണു്." അന്നത്തെ കഥകളിപ്രദർശനംകണ്ടു് അഭിപ്രായം രേഖപ്പെടുത്തിയതാണു് ശ്രീ ടാഗോർ. ആ വിശ്വമഹാകവിയുടെ അനശ്വരങ്ങളായ ഈ വാക്കുകൾ കഥകളിയെ ലോകം എന്നെന്നും സ്മരിക്കുവാൻ ഇടവരുത്തുന്ന സന്ദേശങ്ങളാകട്ടെ!

## കഥകളിയുടെ ഭാവി

കഥകളിയുടെ പ്രശസ്തി അനുദിനം മുന്നേറിക്കൊണ്ടിരിക്കുന്നു. അനവധി ബാലന്മാർ നാളത്തെ പ്രശസ്തിയുള്ള നടന്മാരായി തീരുവാൻ മുന്നോട്ടുവന്നുകൊണ്ടിരിക്കുന്നു. കേരളാഗവണ്മെൻറും കേന്ദ്രഗവണ്മെൻറും ധനസഹായം നല്കിയും മററും കഥകളിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൽ ആദ്യമായി കഥകളിയുടെ പ്രോത്സാഹനത്തിനും അതിനെപ്പററിയുള്ള സാമാന്യമായ അറിവു് ജനങ്ങളിൽ പകർന്നു കൊടുക്കുന്നതിനും കഥകളിയുടെ സാങ്കേതികവളർച്ചയെപ്പററി പ്രതിപാദിക്കാനും തയ്യാറായി ഒരു മാസിക തൃശ്ശൂർ കേന്ദ്രമായി 1961 ആഗസ്റ്റു് മാസത്തിൽ ജന്മമെടുത്തു. 'കഥകളി ബന്ധുക്കൾക്കു്" ഇതൊരാശ്വാസമാണു്. എങ്കിലും അനവധി പ്രസിദ്ധീകരണങ്ങൾ ഇനിയും ആവശ്യമായിട്ടാണിരിക്കുന്നതു്.

---

ഡാക്ടർ, എഞ്ചിനീയർ, രാഷ്ട്രീയപ്രവർത്തകൻ ഇവർ മൂന്നുപേർ തങ്ങളിൽ ആരുടെ തൊഴിലാണു് ഏററവും പഴക്കമുള്ളതെന്നു തർക്കിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഡാക്ടർ:— ആദാമിന്റെ ഒരു വാരിയെല്ലു് എടുത്താണു് ഹവ്വായെ സൃഷ്ടിച്ചതെന്നു ബൈബിളിൽ പറയുന്നുണ്ടു്. അതു ശസ്ത്രക്രിയയുടെ കഴിവാണു കാണിക്കുന്നതു്. അതുകൊണ്ടു ഞങ്ങളുടെ തൊഴിലിന്നാണു് ഏററവും പഴക്കം.

എഞ്ചി:— ഹേയ്, ഒരിക്കലും അല്ല. അസ്വസ്ഥമായ അന്തരീക്ഷത്തിൽനിന്നു് 6 ദിവസം കൊണ്ടാണു് ഈ ഭൂമിയെ സൃഷ്ടിച്ചതു്. അതു് എഞ്ചിനീയറിങ്ങിന്റെ കഴിവാണു്.

രാഷ്ട്രീയ:— ശരി. അപ്പോൾ ആരാണു് ഈ അസ്വസ്ഥമായ അന്തരീക്ഷം സൃഷ്ടിച്ചതു്?

## ടാഗോറും കഥകളിയും

വിശ്വമഹാകവി രവീന്ദ്രനാഥടാഗോർ തന്റെ അനുഗ്രഹീതമായ തൂലികകൊണ്ട് കഥകളിയേയും അനുഗ്രഹിച്ചിട്ടുണ്ട്. 1961 സെപ്തംബർ 17-ാം തിയ്യതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ "ടാഗോർ കണ്ട കഥകളി" എന്ന തലക്കെട്ടിൽ എം. മുകുന്ദരാജ എഴുതിയ ലേഖനത്തിലെ ടാഗോറിന്റെ അഭിപ്രായം ഏററവും ശ്രദ്ധേയമാണ്.

"ശുദ്ധമായ ഭാരതീയനൃത്തത്തിന്റെ സ്മരണകൂടി മറഞ്ഞുകഴിഞ്ഞ ഉത്തരേന്ത്യക്കാരായ ഞങ്ങൾക്ക് കേരളീയകലയായ കഥകളിയുടെ ഈ മഹനീയപ്രദർശനം പുളകോൽഗമകാരിയായിട്ടാണ് തോന്നിയതു്. ഈ പ്രാചീനവിശിഷ്ടകല, അതിന്റെ എല്ലാ നാടകീയതയോടും മനോഹാരിതയോടും ചൊറുചൊറുക്കോടും കൂടി ഇപ്പോഴും ഭാരതത്തിന്റെ പാരമ്പര്യമായി നിലനില്ക്കുന്നുവെന്ന് ഉറപ്പുതന്നതിനു് ഞാൻ വളരെ നന്ദിയുള്ളവനാണ്." അന്നത്തെ കഥകളിപ്രദർശനംകണ്ട് അഭിപ്രായം രേഖപ്പെടുത്തിയതാണ് ശ്രീ ടാഗോർ. ആ വിശ്വമഹാകവിയുടെ അനശ്വരങ്ങളായ ഈ വാക്കുകൾ കഥകളിയെ ലോകം എന്നെന്നും സ്മരിക്കുവാൻ ഇടവരുത്തുന്ന സന്ദേശങ്ങളാകട്ടെ!

## കഥകളിയുടെ ഭാവി

കഥകളിയുടെ പ്രശസ്തി അനുദിനം മുന്നേറിക്കൊണ്ടിരിക്കുന്നു. അനവധി ബാലന്മാർ നാളത്തെ പ്രശസ്തിയുള്ള നടന്മാരായി തീരുവാൻ മുന്നോട്ടുവന്നുകൊണ്ടിരിക്കുന്നു. കേരളാ ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും ധനസഹായം നല്കിയും മററും കഥകളിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു കേരളത്തിൽ ആദ്യമായി കഥകളിയുടെ പ്രോത്സാഹനത്തിനും അതിനെപ്പററിയുള്ള സാമാന്യമായ അറിവ് ജനങ്ങളിൽ പകർന്നു കൊടുക്കുന്നതിനും കഥകളിയുടെ സാങ്കേതികവളർച്ചയെപ്പററി പ്രതിപാദിക്കാനും തയ്യാറായി ഒരു മാസിക തൃശ്ശൂർ കേന്ദ്രമായി 1961 ആഗസ്റ്റ് മാസത്തിൽ ജന്മമെടുത്തു. കഥകളി ബന്ധുക്കൾക്ക് ഇതൊരാശ്വാസമാണ്. എങ്കിലും അനവധി പ്രസിദ്ധീകരണങ്ങൾ ഇനിയും ആവശ്യമായിട്ടാണിരിക്കുന്നതു്.

---

ഡാക്ടർ, എഞ്ചിനീയർ, രാഷ്ട്രീയപ്രവർത്തകൻ ഇവർ മൂന്നുപേർ തങ്ങളിൽ ആരുടെ തൊഴിലാണ് ഏററവും പഴക്കമുള്ളതെന്നു തർക്കിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഡാക്ടർ:— ആദാമിന്റെ ഒരു വാരിയെല്ല് എടുത്താണ് ഹവ്വായെ സൃഷ്ടിച്ചതെന്നു ബൈബിളിൽ പറയുന്നുണ്ട്. അതു ശസ്ത്രക്രിയയുടെ കഴിവാണു കാണിക്കുന്നതു്. അതുകൊണ്ടു ഞങ്ങളുടെ തൊഴിലിന്നാണ് ഏററവും പഴക്കം.

എഞ്ചി:— ഹേയ്, ഒരിക്കലും അല്ല. അസ്വസ്ഥമായ അന്തരീക്ഷത്തിൽനിന്നു് 6 ദിവസം കൊണ്ടാണ് ഈ ഭൂമിയെ സൃഷ്ടിച്ചതു്. അതു് എഞ്ചിനീയറിങ്ങിന്റെ കഴിവാണ്.

രാഷ്ട്രീയ:— ശരി. അപ്പോൾ ആരാണ് ഈ അസ്വസ്ഥമായ അന്തരീക്ഷം സൃഷ്ടിച്ചതു്?

# ചെറുകഥ — രൂപവും ഭാവവും

— കെ. വി. കുരിയാക്കോസ് II ബി. എസ്സ്‌സി.

ആധുനിക മലയാളത്തിലെ ഏറ്റവും വിപുലമായ ഒരു സാഹിത്യശാഖയാണ് ചെറുകഥ. ഉത്ഭവിച്ചിട്ട് കാലമധികമായിട്ടില്ലെങ്കിലും, ഇതര സാഹിത്യശാഖകളോട് തട്ടിച്ചുനോക്കിയാൽ കൂടുതൽ വളർച്ചയെത്തിയിട്ടുള്ള ഒരു പ്രസ്ഥാനവും ഇതു തന്നെയാണ്. ലോകത്തിലെ ഇതരഭാഷകളിലെ കൃതികളുടെ ഒപ്പം നില്ക്കത്തക്ക കൃതികൾ നമുക്കുണ്ടായിട്ടുണ്ടെങ്കിൽ അതു് ചെറുകഥകൾ മാത്രമാണ്. യഥാർത്ഥ ജീവിതത്തോട് ഇത്ര അധികം അടുത്തുവന്നിട്ടുള്ളതും ഇത്രമാത്രം ജനകീയവുമായ ഒരു സാഹിത്യവിഭാഗം നമ്മുടെ ഭാഷയിലില്ല. സാധാരണ വായനക്കാർക്ക് കല്പിതകഥകളാണല്ലോ മഹാകാവ്യാദികളേക്കാൾ അഭിലഷണീയമായിട്ടുള്ളതു്. അത്തരം കഥകൾ ഗുളികപ്രായമാക്കിക്കൊടുക്കുവാനുണ്ടായ ശ്രമത്തിന്റെ അനന്തരഫലമാണ് ചെറുകഥാപ്രസ്ഥാനം.

വ്യവസായം, പ്രയത്നശീലം എന്നിത്യാദികളിൽ ഉയർന്നസ്ഥാനത്തു വിലസുന്ന അമേരിക്കക്കാരിൽ നിന്നാണ് ഈ പ്രസ്ഥാനം ആദ്യമായി ഉടലെടുത്തതു്. ധാരാളം സമയം പുസ്തകവായനക്കു ചെലവഴിക്കാൻ നിർവ്വാഹമില്ലാതെ കഴിഞ്ഞിരുന്ന അമേരിക്കക്കാരെ സാഹിത്യാഭിരുചിയിൽ തൃപ്തിപ്പെടുത്തുന്നതിന് ഇർവിങ്ങ് ഹാത്തോൺ, അല്ലൻ പോ തുടങ്ങിയവരുടെ ചെറുകഥകൾക്കു സാധിച്ചു. ചെറുകഥകളുടെ ആവിർഭാവത്തെപ്പറ്റി വിചിന്തനം ചെയ്യുന്നതായാൽ ഈ നൂതന പ്രസ്ഥാനത്തിനും, ആനുകാലിക പത്രങ്ങൾക്കും തമ്മിൽ വലിയ സാമ്യമുണ്ടെന്നു കാണാം. മാസിക സർവ്വസാധാരണമായ ഒരു കാലത്താണ് ചെറുകഥകളുടെ പുറപ്പാട്. നോവൽ സ്വയമേവ ഒരു ഗ്രന്ഥമാകയാൽ അതിന് പരാപേക്ഷ കൂടാതെ ജീവിക്കാം. എന്നാൽ ചെറുകഥ തനിയെ പുറപ്പെടുന്നതെങ്ങനെ? മാസികയുടെ പുറങ്ങളിൽ അഭയം പ്രാപിക്കുകയേ അതിന് നിർവ്വാഹമുള്ളു. "എഡ്ഗർ അല്ലൻ പോ" എന്ന ഇംഗ്ലീഷു സാഹിത്യകാരൻ ഏകദേശം ഒരു മണിക്കൂറിനുള്ളിൽ വായിച്ചുതീർക്കാവുന്ന ഒരു കഥയാണ് ചെറുകഥയെന്ന് സാമാന്യമായി നിർവ്വചിച്ചിരിക്കുന്നു.

ചെറുകഥയിൽ വേണ്ടതായ ഗുണം ഏകാഗ്രതയാകുന്നു. നോവൽ വായിക്കുന്നവരുടെ വികാരങ്ങൾക്ക് സന്ദർഭോചിതമായി വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഒരു വികാരം അത്യുഗ്രമായി നിലകൊള്ളുന്ന പക്ഷം അതു് അത്യധികം ദുസ്സഹമായി തീരുന്നതുകൊണ്ട് അതിന്റെ തീക്ഷ്ണത പരിഹരിക്കുവാൻ ഇതര വികാരങ്ങൾ ജനിപ്പിക്കുന്ന രംഗങ്ങൾ നോവൽ കർത്താവ് സൃഷ്ടിക്കുന്നു. എന്നാൽ ചെറുകഥയിൽ ഒരു വികാരത്തിനു മാത്രമെ ഇടമുള്ളു. അതു് ഉപര്യുപരി വർദ്ധിപ്പിക്കുന്നതിൽ തൽകർത്താവ് ജാഗരൂകനായിരിക്കും. ചെറുകഥയിൽ മനുഷ്യന്റെ സ്വഭാവത്തെക്കാൾ അവൻ ചെയ്യുന്ന പ്രവൃത്തിക്കാണ് പ്രാധാന്യം കല്പിക്കുന്നതു്. ഒരു സംഭവം മറ്റൊന്നിനെ പിൻതുടരുന്നു. "ഇനി എന്താണ് സംഭവിക്കുവാൻ പോകുന്നതു്" എന്നുള്ള ജിജ്ഞാസ വായനക്കാരെ ആദ്യന്തം വികാരതരളിതരാക്കുന്നു. ഒരു നായകൻ; ഒരു നായിക; അവരുടെ ശുഭസമാഗമനത്തിനു വിഘ്നമായി നിലകൊള്ളുന്ന കഥാപാത്രങ്ങൾ; വിഘ്നങ്ങളുടെ ദൂരീകരണം; അഭീഷ്ടസിദ്ധി എന്നിവയൊക്കെയാണല്ലോ സാധാരണ കണ്ടുവരാറുള്ള കഥാഘടകങ്ങൾ. ഒടുവിൽ കുഞ്ഞുകൃഷ്ണമേനവന്റെ ചെറുകഥകൾ ഇത്തരത്തിൽപ്പെട്ടവയാണ്.

വസ്തുക്കളുടെ സൂക്ഷ്മസ്ഥിതികൾ ഗ്രഹിക്കുവാൻ ജാഗരൂകനായിരിക്കുന്ന കഥാകൃത്ത് സാമാന്യദൃഷ്ടിക്ക് വിഷയീഭവിക്കാത്ത പല സംഗതികളും ഹൃദിസ്ഥമാക്കി യഥാവസരം വിനിയോഗിക്കുന്നു.

ചെറുകഥാകാരൻ്റെ വിഷയം ഏറ്റവും പരിമിതമാകകൊണ്ട് നാം നിസ്സാരമെന്ന് വച്ചു തള്ളുന്ന സംഭവങ്ങൾ സൂക്ഷ്മദർശിനിയന്ത്രത്തിലെന്നപോലെ അദ്ദേഹത്തിൻ്റെ മനോമുകുരത്തിൽ പ്രതിഫലിക്കുന്നു. പരമാർത്ഥമായ ഒരു സംഭവം തന്നെയും ഖനിയിൽനിന്നും കുഴിച്ചെടുത്ത ലോഹം പോലെ അനിയതമായ ആകൃതിയോടുകൂടിയതും മലീമസവുമായിരിക്കും. അതിനെ ഭാവനയാകുന്ന ഉലയിൽ ഉരുക്കി നിശ്ചിതാകൃതിയിൽ ഭംഗിയുള്ള ഒരു ഉന്നതകലാസൃഷ്ടിയാക്കിത്തീർക്കുക എന്ന ആ കൃത്യം ചെറുകഥാകത്താവിൽ നിക്ഷിപ്തമായിരിക്കുന്നു.

രണ്ടു പുരുഷന്മാരും ഒരു സ്ത്രീയും അല്ലെങ്കിൽ രണ്ടു സ്ത്രീകളും ഒരു പുരുഷനും ഉള്ള കാലത്തോളം ചെറുകഥകൾക്കു യാതൊരു ക്ഷാമവുമുണ്ടാവുകയില്ല. ഈ ഇനത്തിലുള്ള കഥാപ്രേരകങ്ങളെ ത്രികോണബീജം എന്നു നാമകരണം ചെയ്യാം. ചഞ്ചലചിത്തനായ കാമുകൻ സ്വഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളിൽ അനുരക്തയാവുക എന്നു വിചാരിക്കുക. അപ്പോൾ അയാൾ പരിശുദ്ധമായ പ്രേമം പരിപാലിക്കുന്നില്ല. രണ്ടു സ്ത്രീകളും കൂടി അയാളുടെ ചിത്തം തകർക്കുന്നതിന് ശ്രമിക്കുന്ന പക്ഷം അയാൾ നിത്യബ്രഹ്മചാരിയായി ജീവിക്കുന്നതിന് ഒരുമ്പെടുന്നു. ലോകത്തിലുള്ള ചെറുകഥകളിൽ പകുതിയിലേറെ ശൃംഗാരരസപ്രധാനങ്ങളാണ്.

നോവൽ, ചെറുകഥ എന്നിവയുടെ പ്രതിപാദനരീതികൾക്കു തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണ് ചിലർ മനസ്സിലാക്കിയിട്ടുള്ളതെന്ന് തോന്നുന്നു. ഒന്നു വലുതും മറ്റത് താരതമ്യേന ചെറിയതെന്നുമല്ലാതെ അവയ്ക്കു തമ്മിൽ എന്താണ് വ്യത്യാസം എന്നവർ ചോദിക്കുമായിരിക്കും. എല്ലാ കാവ്യങ്ങളുടേയും ജീവിതം വ്യംഗ്യമാണെങ്കിലും, നോവലിൽ പല സംഗതികൾ സവിസ്തരം പ്രതിപാദിക്കേണ്ടതായി വന്നുകൂടുന്നു.

ചെറുകഥ ആരംഭിക്കേണ്ടതെങ്ങനെയാണെന്ന് ഇനിയും ആരും ക്ലിപ്തമായി നിർദ്ദേശിച്ചിട്ടില്ല. ദീർഘമായ ഒരു കഥയുടെ ആരംഭം അല്പം പരുങ്ങലാണെങ്കിൽ ആ കുറവ് അനന്തരാദ്ധ്യായങ്ങളിൽ പരിഹരിക്കപ്പെടാവുന്നതാണ്. കാഥികാഗ്രേസരനായ സ്കോട്ടിൻ്റെ കഥകൾ ആരംഭിക്കുന്നത് ഏതാണ്ട് ഇഴയുന്ന രീതിയിലാണ്. മുഖപ്രസംഗം ഒഴിവാക്കുന്നതിനുവേണ്ടി ചിലർ സംഭാഷണം കൊണ്ട് ചെറുകഥകൾ ആരംഭിക്കാറുണ്ട്. ഇത് നല്ലൊരുപായമാണ്. പക്ഷെ നാടകനിർമ്മാണത്തിലുള്ള ഒരു സമ്പ്രദായമാണിതെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. ഈ രീതിയിലുള്ള സംഭാഷണം കഥയെ ദുർഘടമാക്കുന്നതിന് ഉപകരിക്കുന്നതാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

പാത്രസംവിധാനം ചെറുകഥയിൽ വളരെ പ്രധാനപ്പെട്ട ഒന്നാകുന്നു. പാത്രമില്ലാത്ത കഥ വധൂവരന്മാർ ഇല്ലാത്ത മംഗല്യംപോലെയാകുന്നു. ഒരു പുറത്തു താളമേളങ്ങൾ നടക്കുന്നു; മറ്റൊരു പുറത്തു സദ്യക്കുള്ള കോപ്പുകൾ ഒരുക്കുന്നു; വഴിനീളെ തോരണങ്ങളും കൊടിക്കൂറകളും ഉയരുന്നു. പക്ഷെ വധുവും വരനും മാത്രമില്ല. അങ്ങനെ വന്നാൽ വിവാഹാഘോഷങ്ങളുടെ അർത്ഥമെന്ത്? അപ്രകാരം തന്നെ പാത്രങ്ങളില്ലാത്ത ആഖ്യാനം കഥയല്ല. ചില കഥകളിൽ പാത്രസൃഷ്ടിക്ക് അമിതമായ പ്രാധാന്യമുണ്ട്.

നോവലിൽ പ്രകൃത്യതീതങ്ങളായ പാത്രങ്ങൾ വിരളമാണ്. പക്ഷെ ചെറുകഥയിൽ അപ്രകാരമല്ല. ലോകോത്തരമായ പല ചെറുകഥകളിലും അലോകസാധാരണമായ പാത്രങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സ്റ്റീവൻസണിൻ്റെ Will O' The Mill എന്ന കഥയുടെ അവസാനത്തിൽ മൃത്യു എന്നൊരു പാത്രം നായകനായ വില്ലിനോട് സംഭാഷണം ചെയ്യുന്നു.

വസ്തുക്കളുടെ സൂക്ഷ്മസ്ഥിതികൾ ഗ്രഹിക്കുവാൻ ജാഗരൂകനായിരിക്കുന്ന കഥാകൃത്ത് സാമാന്യദൃഷ്ടിക്ക് വിഷയീഭവിക്കാത്ത പല സംഗതികളും ഏദിസ്ഥമാക്കി യഥാവസരം വിനിയോഗിക്കുന്നു.

ചെറുകഥാകാരന്റെ വിഷയം ഏററവും പരിമിതമാകകൊണ്ട് നാം നിസ്സാരമെന്ന് വച്ച് തള്ളുന്ന സംഭവങ്ങൾ സൂക്ഷ്മദർശിനിയന്ത്രത്തിലെന്നപോലെ അദ്ദേഹത്തിന്റെ മനോമുകുരത്തിൽ പ്രതിഫലിക്കുന്നു. പരമാർത്ഥമായ ഒരു സംഭവം തന്നെയും ഖനിയിൽനിന്നും കുഴിച്ചെടുത്ത ലോഹം പോലെ അനിയതമായ ആകൃതിയോടുകൂടിയതും മലീമസവുമായിരിക്കും. അതിനെ ഭാവനയാകുന്ന ഉലയിൽ ഉരുക്കി നിശ്ചിതാകൃതിയിൽ ഭംഗിയുള്ള ഒരു ഉന്നതകലാസൃഷ്ടിയാക്കിത്തീർക്കുക എന്ന ആകൃത്യം ചെറുകഥാകർത്താവിൽ നിക്ഷിപ്തമായിരിക്കുന്നു.

രണ്ടു പുരുഷന്മാരും ഒരു സ്ത്രീയും അല്ലെങ്കിൽ രണ്ടു സ്ത്രീകളും ഒരു പുരുഷനും ഉള്ള കാലത്തോളം ചെറുകഥകൾക്കു യാതൊരു ക്ഷാമവുമുണ്ടാവുകയില്ല. ഈ ഇനത്തിലുള്ള കഥാപ്രേരകങ്ങളെ ത്രികോണബീജം എന്നു നാമകരണം ചെയ്യാം. ചഞ്ചലചിത്തനായ കാമുകൻ സ്വഭാര്യയെ ഉപേക്ഷിച്ച് മറെറാരുവളിൽ അനുരക്തയാവുക എന്നു വിചാരിക്കുക. അപ്പോൾ അയാൾ പരിശുദ്ധമായ പ്രേമം പരിപാലിക്കുന്നില്ല. രണ്ടു സ്ത്രീകളും കൂടി അയാളുടെ ചിത്തം തകർക്കുന്നതിന് ശ്രമിക്കുന്ന പക്ഷം അയാൾ നിത്യബ്രഹ്മചാരിയായി ജീവിക്കുന്നതിന് ഒരുമ്പെടുന്നു. ലോകത്തിലുള്ള ചെറുകഥകളിൽ പകുതിയിലേറെ ശൃംഗാരരസപ്രധാനങ്ങളാണ്.

നോവൽ, ചെറുകഥ എന്നിവയുടെ പ്രതിപാദനരീതികൾക്കു തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണ് ചിലർ മനസ്സിലാക്കിയിട്ടുള്ളതെന്ന് തോന്നുന്നു ഒന്നു വലുതും മററത് താരതമ്യേന ചെറിയതെന്നുമല്ലാതെ അവയ്ക്കു തമ്മിൽ എന്താണ് വ്യത്യാസം എന്നവർ ചോദിക്കുമായിരിക്കും. എല്ലാ കാവ്യങ്ങളുടേയും ജീവിതം വ്യംഗ്യമാണെങ്കിലും, നോവലിൽ പല സംഗതികൾ സവിസ്തരം പ്രതിപാദിക്കേണ്ടതായി വന്നുകൂടുന്നു.

ചെറുകഥ ആരംഭിക്കേണ്ടതെങ്ങനെയാണെന്ന് ഇനിയും ആരും ക്ലിപ്തമായി നിർദ്ദേശിച്ചിട്ടില്ല. ദീർഘമായ ഒരു കഥയുടെ ആരംഭം അല്പം പരുങ്ങലാണെങ്കിൽ ആ കുറവ് അനന്തരാദ്ധ്യായങ്ങളിൽ പരിഹരിക്കപ്പെടാവുന്നതാണ്. കാഥികാഗ്രേസരനായ സ്കോട്ടിന്റെ കഥകൾ ആരംഭിക്കുന്നത് ഏതാണ്ട് ഇഴയുന്ന രീതിയിലാണ്. മുഖപ്രസംഗം ഒഴിവാക്കുന്നതിനുവേണ്ടി ചിലർ സംഭാഷണം കൊണ്ട് ചെറുകഥകൾ ആരംഭിക്കാറുണ്ട്. ഇത് നല്ലൊരുപായമാണ്. പക്ഷെ നാടകനിർമ്മാണത്തിലുള്ള ഒരു സമ്പ്രദായമാണിതെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. ഈ രീതിയിലുള്ള സംഭാഷണം കഥയെ ദുർഘടമാക്കുന്നതിന് ഉപകരിക്കുന്നതാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

പാത്രസംവിധാനം ചെറുകഥയിൽ വളരെ പ്രധാനപ്പെട്ട ഒന്നാകുന്നു. പാത്രമില്ലാത്ത കഥ വധൂവരന്മാർ ഇല്ലാത്ത മംഗല്യംപോലെയാകുന്നു ഒരു പുറത്തു താലമേളങ്ങൾ നടക്കുന്നു; മറെറാരു പുറത്തു സദ്യക്കുള്ള കോപ്പുകൾ ഒരുക്കുന്നു; വഴിനീളെ തോരണങ്ങളും കൊടിക്കൂറകളും ഉയരുന്നു. പക്ഷെ വധുവും വരനും മാത്രമില്ല. അങ്ങനെ വന്നാൽ വിവാഹാഘോഷങ്ങളുടെ അർത്ഥമെന്ത്? അപ്രകാരം തന്നെ പാത്രങ്ങളില്ലാത്ത ആഖ്യാനം കഥയല്ല. ചില കഥകളിൽ പാത്രസൃഷ്ടിക്ക് അമിതമായ പ്രാധാന്യമുണ്ട്.

നോവലിൽ പ്രകൃത്യതീതങ്ങളായ പാത്രങ്ങൾ വിരളമാണ്. പക്ഷെ ചെറുകഥയിൽ അപ്രകാരമല്ല. ലോകോത്തരമായ പല ചെറുകഥകളിലും അലോകസാധാരണമായ പാത്രങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സ്റ്റീവൻസണിന്റെ Will O' The Mill എന്ന കഥയുടെ അവസാനത്തിൽ മൃത്യു എന്നൊരു പാത്രം നായകനായ വില്ലിനോട് സംഭാഷണം ചെയ്യുന്നു.

വയോവൃദ്ധനായ "വിൽ" സംഭാഷണാനന്തരം ആഗതനോടൊന്നിച്ച് ഒരു ദീർഘയാത്രക്ക് പുറപ്പെടുന്നു. ഇപ്രകാരം തന്നെ അല്ലൻ പോ, ഹാത്തോൺ തുടങ്ങിയ കലാകാരന്മാരും പ്രകൃത്യതീതകഥാപാത്രങ്ങളെക്കൊണ്ട് കൈകാര്യം ചെയ്യുന്നുണ്ട്. ഇപ്രകാരം ചെയ്തിരിക്കുന്നത് ആശാസ്യമാണോ അല്ലയോ എന്നത് കഥാകൃത്തിന്റെ വൈഭവത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു കാര്യം തീർച്ചയാണ്. മനുഷ്യാനുഭവത്തിൽ പെടാത്ത യാതൊന്നും ചെറുകഥയിലാവട്ടെ, നോവലിലാവട്ടെ, സ്വീകാര്യമല്ല. ചെറുകഥ അല്പസമയത്തിലെ പാരായണത്തിനുള്ള ഒരു കാവ്യമായതുകൊണ്ട് നിരീശ്വരന്മാരും, ലൌകികബുദ്ധികളുമായ ശാസ്ത്രജ്ഞന്മാർക്ക് പോലും അവ തല്ക്കാലം വിശ്വാസയോഗ്യമായിത്തോന്നുന്നു.

തലക്കെട്ട് ചെറുകഥയിൽ വളരെ പ്രധാനമാണ്. ഒരു നല്ല തലക്കെട്ടിന്റെ ലക്ഷണങ്ങൾ ഔചിത്യം, വിശേഷപ്രതീതി, ആകർഷകത്വം, നൂതനത്വം, ഹ്രസ്വത എന്നിവയാകുന്നു. കഥയുടെ മർമ്മത്തോടു വളരെയധികം അടുത്തു നിൽക്കുന്നതായിരിക്കണം തലക്കെട്ട്. കഥയുടെ ന്യൂനത തലക്കെട്ടിൽ നിന്നും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. കാബൂളിവാല എന്ന ടാഗോറിന്റെ കഥ യുവഹൃദയങ്ങളിൽ വളരെഅധികം സ്വാധീനശക്തി ചെലുത്തുന്നു. കാബൂളിവാലയെപ്പററി മിനിയുടെ അച്ഛൻ പറയുകയാണ്. "എനിക്കെന്താണ് അയാളേക്കാളൊരു മെച്ചം? അയാളും ഒരച്ഛൻ!" ഈ സമസൃഷ്ടിത്വം കാത്രരിനെപ്പോലെ ഉള്ള ഉത്തമ ചെറുകഥാകൃത്തുക്കളിൽ കാണാവുന്നതാണ്. വലിയതെന്നും, ചെറിയതെന്നുമുള്ള വ്യത്യാസം മനുഷ്യത്വത്തിന്റെ മുമ്പിൽ മാഞ്ഞുപോകുന്നു.


കല്ല്യാണ സാരികൾക്കും,

ബിന്നി, ബെൻടക്സ് സാരികൾക്കും,

മററു എല്ലാ തുണിത്തരങ്ങൾക്കും

★ എം. പി. ടെക്സ്‌ററയിൽസ് ★

മാർക്കററ് & ഠാണാ ഇരിങ്ങാലക്കുട

Phone Nos. Market. 5. A.
Tana. 140.

# "സാഹിത്യം ജീവിതത്തോളം സാർവ്വലൌകികമോ?"

വി. ഐ. സുബ്രഹ്മണ്യൻ

"The soul of a Nation, the true ideals of its civilization, the real message of the people's innerself, are expressed in its literature; that the authors are the legislators, though unacknowledged of mankind"...

T. S. Eliot ൻെറ ഏററവും ശ്രദ്ധേയമായ ഒരു വാക്യമാണിതു്. ഒരു രാഷ്ട്രത്തിൻെറ ആത്മാവു് പ്രതിഫലിക്കുന്നതു് സാഹിത്യത്തിലാണു്. കാലങ്ങളായുള്ള സാംസ്കാരിക സമ്പത്തു് സജീവമായി സാഹിത്യത്തിൽ സഞ്ചയിക്കുന്ന മാനുഷികവികാരവിചാരങ്ങൾ സമഗ്രമായ ഒരു ദർശനമായി രൂപം പ്രാപിക്കുന്നതു് സാഹിത്യാദികലകളിലൂടെയാണു്. അംഗീകാരം ലഭിക്കാത്ത നിയമനിർമ്മാതാക്കളത്രെ കവികൾ. രാഷ്ട്രത്തിൻെറ പുരോഗതിയിൽ ഗണ്യമായ ഒരു പങ്കു് സാഹിത്യകാരന്മാർ വഹിക്കുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യനെ മനുഷ്യനോടു് കൂട്ടിയിണക്കുന്നതിനുള്ള കണ്ണികളാണു് സാഹിത്യകാരന്മാർ; രാഷ്ട്രത്തിൻെറ, മാനവവംശത്തിൻെറ 'സുദർശനചക്രം' കൈയിലേന്തുന്നവരാണവർ.

മററു കലകളെപ്പോലെ സാഹിത്യം 'ആദർശ'വും, 'രക്ഷാമാർഗ്ഗ'വും ആണു്. സാഹിത്യാസ്വാദനം സുഖദായകമാണു്; മോക്ഷവുമാണു്. മാനുഷവികാരങ്ങളെ അഭൌമീകരിച്ചെടുക്കുവാനുള്ള കഴിവു് സാഹിത്യത്തിനുണ്ടു്. ഉത്തമസാഹിത്യം മനുഷ്യൻെറ ജീവിതത്തിലെ 'ദീപശിഖ'യാണു്. ആത്മീയചൈതന്യത്തെ മനുഷ്യജീവിതത്തോടു് സമരസപ്പെടുത്തി ഉത്തമവും ശ്രേഷ്ഠവുമാക്കിത്തീർക്കുവാനുള്ള സാഹിത്യത്തിൻെറ കഴിവു് അപ്രമേയമാണു്!

സാമൂഹ്യസത്യങ്ങളെ വർണ്ണപ്പൊലിമയോടുകൂടി പല തരത്തിൽ ചിത്രീകരിക്കുകയാണല്ലൊ ഉത്തമസാഹിത്യകാരന്മാർ ചെയ്യുക. അതു് നാലു മതിലുകൾക്കുള്ളിലെ സങ്കുചിതാന്തരീക്ഷത്തിൽ ഒരിക്കലും ലസിക്കുകയില്ല. ഈ പ്രപഞ്ചത്തോളം തന്നെ വിശാലമാണു് സാഹിത്യം. അതായതു് ഉത്തമസാഹിത്യകാരന്മാരുടെ ഹൃദയം പ്രപഞ്ചസത്യങ്ങളുടെ—പ്രാപഞ്ചിക രഹസ്യങ്ങളുടെ കല്ലറകൾക്കുള്ളിൽ പ്രവേശിക്കുവാൻ മാർഗ്ഗം തേടുകയാണു്.

## കവിയും ഋഷിയും

പ്രാചീനകാലത്തു് കവികളെ മഹർഷിമാരെന്നു് വിളിച്ചിരുന്നുവല്ലൊ. ധ്യാനനിഷ്ഠനായി, ഭൌതികജീവിതത്തിലെ മധുരിമയിൽ നിന്നകന്നു് ഏകാന്തതയിലിരിക്കുമ്പോൾ, അവരുടെ ഹൃദയത്തിൽ ദിവ്യതയുടെ ഏതോ ഒരു തിരിനാളം പ്രകാശിക്കുന്നു. ആത്മീയചൈതന്യം മുററിയ ഒരു അന്തരീക്ഷം, ഒരു അനുഭൂതിവിശേഷം കവികളുടെ ഹൃദയാന്തർഭാഗത്തു് രൂപം കൊള്ളും. എന്നാൽ തങ്ങൾക്കു മാത്രം അനുഭവിച്ചറിയാവുന്ന ആ സത്യങ്ങളെ, കവിതകളിലൂടെ മററുള്ളവർക്കു് അവർ കാഴ്ചവെയ്ക്കുവാൻ ശ്രമിക്കുന്നു. സാധാരണജനങ്ങളുടെ ഭാവനസ്ക്കതീതമായ ചില സത്യങ്ങളുമായി ഇണങ്ങിക്കഴിയുവാൻ ചില അസുലഭനിമിഷങ്ങൾ മഹർഷിമാരായ കവികൾക്കു് ഉണ്ടാകാറുണ്ടത്രെ. ആ അനുഭൂതികളുടെ ആവിഷ്ക്കാരം സിംബലുകളിലൂടെ കലാചൈതന്യം നശിക്കാതെ സാ

# "സാഹിത്യം ജീവിതത്തോളം സാർവ്വലൌകികമോ?"

വി. ഐ. സുബ്രഹ്മണ്യൻ

"The soul of a Nation, the true ideals of its civilization, the real message of the people's innerself, are expressed in its literature; that the authors are the legislators, though unacknowledged of mankind"...

T. S. Eliot ൻെറ ഏററവും ശ്രദ്ധേയമായ ഒരു വാക്യമാണിതു്. ഒരു രാഷ്ട്രത്തിൻെറ ആത്മാവു് പ്രതിഫലിക്കുന്നതു് സാഹിത്യത്തിലാണു്. കാലങ്ങളായുള്ള സാംസ്കാരിക സമ്പത്തു് സജീവമായി സാഹിത്യത്തിൽ സഞ്ചയിക്കുന്നു മാനുഷികവികാരവിചാരങ്ങൾ സമഗ്രമായ ഒരു ദർശനമായി രൂപം പ്രാപിക്കുന്നതു് സാഹിത്യാദികലകളിലൂടെയാണു്. അംഗീകാരം ലഭിക്കാത്ത നിയമനിർമ്മാതാക്കളത്രെ കവികൾ. രാഷ്ട്രത്തിൻെറ പുരോഗതിയിൽ ഗണ്യമായ ഒരു പങ്കു് സാഹിത്യകാരന്മാർ വഹിക്കുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യനെ മനുഷ്യനോടു് കൂട്ടിയിണക്കുന്നതിനുള്ള കണ്ണികളാണു് സാഹിത്യകാരന്മാർ; രാഷ്ട്രത്തിൻെറ, മാനവവംശത്തിൻെറ 'സുദർശനചക്രം' കൈയിലേന്തുന്നവരാണവർ.

മററു കലകളെപ്പോലെ സാഹിത്യം 'ആദർശ'വും, 'രക്ഷാമാർഗ്ഗ'വും ആണു്. സാഹിത്യാസ്വാദനം സുഖദായകമാണു്; മോക്ഷവുമാണു്. മാനുഷവികാരങ്ങളെ അഭൗമീകരിച്ചെടുക്കുവാനുള്ള കഴിവു് സാഹിത്യത്തിനുണ്ടു്. ഉത്തമസാഹിത്യം മനുഷ്യൻെറ ജീവിതത്തിലെ 'ദീപശിഖ'യാണു്. ആത്മീയചൈതന്യത്തെ മനുഷ്യജീവിതത്തോടു് സമരസപ്പെടുത്തി ഉത്തമവും ശ്രേഷ്ഠവുമാക്കിത്തീർക്കുവാനുള്ള സാഹിത്യത്തിൻെറ കഴിവു് അപ്രമേയമാണു്!

സാമൂഹ്യസത്യങ്ങളെ വണ്ണപ്പൊലിമയോടുകൂടി പല തരത്തിൽ ചിത്രീകരിക്കുകയാണല്ലോ ഉത്തമസാഹിത്യകാരന്മാർ ചെയ്യുക. അതു് നാലു മതിലുകൾക്കുള്ളിലെ സങ്കുചിതാന്തരീക്ഷത്തിൽ ഒരിക്കലും ലസിക്കുകയില്ല. ഈ പ്രപഞ്ചത്തോളം തന്നെ വിശാലമാണു് സാഹിത്യം. അതായതു് ഉത്തമസാഹിത്യകാരന്മാരുടെ ഹൃദയം പ്രപഞ്ചസത്യങ്ങളുടെ— പ്രാപഞ്ചിക രഹസ്യങ്ങളുടെ കല്ലറകൾക്കുള്ളിൽ പ്രവേശിക്കുവാൻ മാർഗ്ഗം തേടുകയാണു്.

## കവിയും ഋഷിയും

പ്രാചീനകാലത്തു് കവികളെ മഹർഷിമാരെന്നു് വിളിച്ചിരുന്നുവല്ലോ. ധ്യാനനിഷ്ഠനായി, ഭൗതികജീവിതത്തിലെ മധുരിമയിൽ നിന്നകന്നു് ഏകാന്തതയിലിരിക്കുമ്പോൾ, അവരുടെ ഹൃദയത്തിൽ ദിവ്യതയുടെ ഏതോ ഒരു തിരിനാളം പ്രകാശിക്കുന്നു. ആത്മീയചൈതന്യം മുററിയ ഒരു അന്തരീക്ഷം, ഒരു അനുഭൂതിവിശേഷം കവികളുടെ ഹൃദയാന്തർഭാഗത്തു് രൂപം കൊള്ളും. എന്നാൽ തങ്ങൾക്കു മാത്രം അനുഭവിച്ചറിയാവുന്ന ആ സത്യങ്ങളെ, കവിതകളിലൂടെ മററുള്ളവക്കു് അവർ കാഴ്ചവെക്കുവാൻ ശ്രമിക്കുന്നു. സാധാരണജനങ്ങളുടെ ഭാവനാതീതമായ ചില സത്യങ്ങളുമായി ഇണങ്ങിക്കഴിയുവാൻ ചില അസുലഭനിമിഷങ്ങൾ മഹർഷിമാരായ കവികൾക്കു് ഉണ്ടാകാറുണ്ടത്രെ. ആ അനുഭൂതികളുടെ ആവിഷ്കാരം സിംബലുകളിലൂടെ കലാചൈതന്യം നശിക്കാതെ സാ

ധിയ്ക്കുവാൻ ഉത്തമകവികൾക്കു കഴിയും. സൂര്യനെ, കവിയുടെ ആത്മീയവെളിച്ചം മുഴുവനും കിട്ടിയില്ലെങ്കിലും ആ ഉജ്ജ്വലപ്രകാശത്തിന്റെ ഒരംശം തന്റെ ജീവിതത്തിൽ കടന്നുവരുവാൻ അവനെ സാഹിത്യസൃഷ്ടികൾ സഹായിയ്ക്കുന്നു. "ഇരുട്ടിൽ നിന്നു് എന്നെ വെളിച്ചത്തിലേയ്ക്കു് നയിച്ചാലും" എന്നു് ഓരോ മനുഷ്യനിലും താരസ്വരം സംജാതമാകുന്ന അസുലഭനിമിഷങ്ങളുണ്ടു്. എന്നാൽ ഭൗതികജീവിതത്തിന്റെ മധുരിമ മുഴുവൻ മോന്തിക്കുടിച്ചു് മദോന്മത്തനായി മധുരസ്വപ്നങ്ങളോടെ ജീവിയ്ക്കുവാൻ അവൻ സദാ അഭിലഷിയ്ക്കുന്നു. ഈ അഭിലാഷങ്ങളുടെ അന്തരാളത്തിൽ ജീവിയ്ക്കുന്ന മനുഷ്യാത്മാവിനു് നിയന്ത്രണം കിട്ടുക അത്ര എളുപ്പമല്ല. തന്റെ ഇന്ദ്രിയങ്ങളെ സംയമനം ചെയ്യുവാൻ കഴിയുന്ന ഒരു വ്യക്തി തികച്ചും ഒരു മഹർഷിപദത്തിലേയ്ക്കുയരുന്നു. പഞ്ചേന്ദ്രിയങ്ങൾകൊണ്ടു് അനുഭവിച്ചറിയാൻ കഴിയാത്ത ഒരു 'ദിവ്യാനുഭൂതി' അവനുണ്ടാകും. മിസ്റ്റിസിസത്തിന്റെ ആവിർഭാവത്തിനു നിദാനം ഇങ്ങനെയുള്ള അനുഭൂതിയാണല്ലൊ.

ആത്മജ്ഞാനത്തിന്റെ പരിപൂർണ്ണതയെ ത്തേടിയുള്ള മാനവവംശോദ്ദേശത്തിന്റെ ആവിഷ്ക്കാരങ്ങളും സത്യത്തിന്റെ തീപ്പൊരികളും സമ്മിളിതമായി പ്രതിഫലിയ്ക്കുന്ന ഒന്നത്രെ ഉത്തമസാഹിത്യം. അതായതു് ജീവിതവിമർശനവും, കേവലസത്യങ്ങളെക്കുറിച്ചുള്ള മാനുഷികവിജ്ഞാനത്തിന്റെ ആകത്തുകയുമാണതു്. ശാസ്ത്രജ്ഞാനത്തിന്റേയും സൌന്ദര്യാനുഭൂതിയുടേയും മഹത്തായ ഒരു പ്രവാഹമല്ലെ സാഹിത്യം! മാനവവംശത്തിന്റെ ചിന്താമണ്ഡലത്തിനു് ഒരിയ്ക്കലും വിധേയമാകാത്ത അമാനുഷികസത്യത്തെ, സർവ്വരക്ഷകനായ ഈശ്വരതൃപ്പാദങ്ങളെ ജിജ്ഞാസയോടുകൂടി തേടുകയാണു് ഉത്തമസാഹിത്യകാരന്മാർ. അതുപോലെ തന്നെ കാലികപ്രശ്നങ്ങളെക്കുറിച്ചും സുപ്രസിദ്ധ റഷ്യൻ നിരൂപകനും കവിയുമായ ആനിസിമോർ പറയുന്നതു നോക്കുക, "സാഹിത്യം ഒരു ദന്തഗോപുരത്തിൽ വസിയ്ക്കരുതു്. അതു് ജനസാമാന്യത്തിന്റെ മുന്നോട്ടുള്ള പാച്ചിലിൽ പങ്കെടുക്കുകയും, അതിന്റെ സൃഷ്ടാത്മകവും, നിർമ്മാണാത്മകവും, പുനരുദ്ധാനാത്മകവും ആയ പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കുകയും ചെയ്യട്ടെ".

## കലയും കാലവും

സത്യം, സമത്വം, സ്വാതന്ത്ര്യം എന്നിവയാണു് കാവ്യചിന്തയുടെ പ്രധാന പ്രവാഹങ്ങൾ. ഈ വാക്കുകളുടെ സാധാരണത്വത്തിൽക്കവിഞ്ഞുള്ള അർത്ഥമാണു് ഇതുകൊണ്ടുദ്ദേശിയ്ക്കുന്നതു്: കാലഘട്ടങ്ങളിലൂടെ ലോകത്തിനുത്ഭൂതമാകുന്ന സംഭവവികാസങ്ങൾ കവികളുടെ ഭാവനയിൽ കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. 'ഫ്രഞ്ചുവിപ്ലവം' ഇംഗ്ലീഷു്ഫ്രഞ്ചു സാഹിത്യകാരന്മാർക്കും, റഷ്യൻ വിപ്ലവം അവിടത്തെ സാഹിത്യകാരന്മാർക്കും, എന്നുവേണ്ട, ലോകത്തിലങ്ങോളമിങ്ങോളം നടന്ന പ്രധാന പരിവർത്തനങ്ങൾ സാഹിത്യത്തിൽ 'റിയലിസ്റ്റു്' പ്രസ്ഥാനത്തിനു് വഴിതെളിയിച്ച കലാചൈതന്യത്തിനു് മങ്ങൽ സംഭവിയ്ക്കാതെ ഉത്തമകലാസൃഷ്ടികൾ എല്ലാ സാഹിത്യത്തിലും ഉണ്ടായിട്ടുണ്ടു്

ഫ്രഞ്ചുവിപ്ലവത്തിനുശേഷമാണു് ഇംഗ്ലീഷു് മഹാകവിയായ 'വേർഡ്സ് വർത്തി'നു് സാഹിത്യസപര്യയിൽ കാര്യമായ മാററമുണ്ടായതു്. അന്നുവരെ റൊമാൻറിസിസത്തിൽനിന്നു് അണുപോലും വ്യതിചലിയ്ക്കാതിരുന്ന അദ്ദേഹത്തിന്റെ ഭാവന 'റിയലിസ'ത്തിന്റെ നഭസ്ഥലത്തിൽ ചിറകു വിരുത്തിപ്പറക്കുവാൻ തുടങ്ങി. 'റിയലിസം' റൊമാൻറിസിസവുമായി സമ്മേളിച്ചു്, അദ്ദേഹത്തിന്റെ കവിത്വശക്തിയുടെ മാററു കൂട്ടി.

'ടെന്നിസൻ' ഇംഗ്ലീഷു് കാവ്യശാഖയിൽ പുതിയൊരു ദീപം കൊളുത്തി. റിയലിസത്തിന്റെ ഔന്നത്യകാലഘട്ടമായിരുന്നു അപ്പോൾ. ശാസ്ത്രീയറിയലിസ (Scientific Realism) മായിരുന്നു അദ്ദേഹത്തിന്റെ മഹത്തും ബൃഹത്തുമായ സംഭാവന. ടെന്നിസന്റെ ശാസ്ത്രീയ

വീക്ഷണം അദ്ദേഹത്തിൻെറ പ്രകൃതീകവിതകളിൽ കൂടുതൽ പ്രകടമായിട്ടുണ്ട്. അദ്ദേഹം തികച്ചും ഒരു പ്രകൃത്യുപാസകനായിരുന്നു. 'വിക്ടോറിയൻ ഈറ' സംശയങ്ങളുടേയും വിജ്ഞാനദാഹത്തിൻേറയും മുന്നോടിയായിരുന്നു. 'വിക്ടോറിയൻ ഈറ' എതിർപ്പുകളുടേയും സാമുദായികകലഹങ്ങളുടേയും ആത്മീയവിപ്ലവത്തിൻേറയും രക്തമണ്ഡപമായിരുന്നു. സുപ്രഭാതത്തിൽ "നാനാവിഹംഗമകങ്കണകാണ"മല്ല, വിശന്നു വലയുന്ന അവയുടെ ദീനരോദനങ്ങളാണ് കേൾക്കുവാൻ കഴിയുക. വിശന്നു വലയുന്ന പരശ്ശതം ജീവിതങ്ങളുടെ വേദനകളും നെടുവീർപ്പുകളുമാണ് ലോകത്തിൽ നമുക്ക് കാണുവാനും കേൾക്കുവാനും കഴിയുക.

"Life is bitter and tedious, nothing more
And the world is mud"

(ജീവിതം തിക്തവും മുഷിപ്പനും ആണ്. അതിനേക്കാളേറെയൊന്നുമില്ല; ഈ ലോകം ചെളി മാത്രമാണ്) ഇററാലിയൻ കവിയായ ലിയോപ്പാർഡി തൻെറ "Ultimo Canto di Saffo" എന്ന കവിതയിൽ പ്രസ്താവിച്ചിരിക്കുന്നതാണ് ഉദ്ധൃതവാക്യം.

ഷെല്ലിയുടെ ജീവിതനിരാശയിൽ നിന്നുയർന്ന നെടുവീർപ്പുകളും ഏറെക്കുറെ കക്ശമാണുപോലും.

"From world's bitter wind
Seek shelter under the shadow of the tomb"

അങ്ങനെ ജീവിതത്തിൻെറ നിത്യയാതനകളിലൂടെ ഊളിയിട്ടു കടക്കുമ്പോൾ കവിഹൃദയം മരവിച്ചുപോകുന്നു. ആ മരവിപ്പിൽനിന്നു് നിസർഗ്ഗസിദ്ധമായ വാസനാവൈഭവത്തിനു് ചുറ്റും വെളിച്ചവും കിട്ടുന്നു. തനിക്കുചുററും നിരാശാഗർത്തമാണ് താൻ കാണുന്നതു്. എങ്കിലും അങ്ങു വിദൂരതയിൽ ഏതോ ഒരു ആശാദീപം പ്രകാശിക്കുന്നുണ്ട്.

മനുഷ്യവർഗ്ഗത്തിൻെറ ചരിത്രമെവിടെ? അതിൻെറ താളുകൾ ഒന്നു് മറിച്ചിട്ടുനോക്കുക. സാഹിത്യാദികലകളും ജീവിതവും കൈകോർത്തു പിടിക്കുന്ന ചിത്രങ്ങളാണ്, അതിലെമ്പാടും കാണുക. പുരാതനരാജവംശങ്ങൾ വളരുകയും തളരുകയും ചെയ്തിട്ടുണ്ട്. ആ വളർച്ചയും തളർച്ചയും സാഹിത്യത്തിൻെറ വളർച്ചയോടും തളർച്ചയോടും ബന്ധപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യചരിത്രത്തിലെ സുപ്രധാനമായ കാലഘട്ടമാണല്ലോ, ഷെയ്ക്സ്പിയറുടേയും മററും കാലം. ഇംഗ്ലണ്ടിൻെറ സാമൂഹ്യജീവിതത്തിലും സാഹിത്യരംഗത്തിലും ഇത്രയും ശോഭായമാനമായ ഒരു കാലഘട്ടം വേറെയില്ല. ഇതിൽനിന്നും നാം അനുമാനിക്കേണ്ടതു് സാഹിത്യവും ജീവിതവും കെട്ടുപിണഞ്ഞു കിടക്കുന്നുവെന്നല്ലേ? അവ രണ്ടിൻേറയും പുരോഗതി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഏതാണ്ട് ഇതു് തന്നെയാണ് എല്ലാ രാഷ്ട്രങ്ങളുടേയും പൌരാണികചരിത്രം സാക്ഷ്യം വഹിക്കുന്നതു്. വിക്രമാദിത്യൻെറ ഭരണകാലം ഇന്ത്യാചരിത്രത്തിലെ സുവർണ്ണയുഗമായി എണ്ണപ്പെടുന്നതിൽ സാഹിത്യത്തിനും കാളിദാസാദികൾക്കും അതുല്യമായ ഒരു കയ്യുണ്ട്. മനുഷ്യപ്രയത്നമാണ് ഇതിൻെറയെല്ലാം അന്തർധാര. ജീവിതത്തിൻെറ ചോരയും ചൂടും കലർന്ന മണ്ണിൽനിന്നകന്നുപാടിയ കവികളെല്ലാം പിൻതള്ളപ്പെട്ടുപോയിട്ടുണ്ട്. "ജനസാമാന്യത്തിൻെറ ജീവരക്തത്തിൽ നിന്നു് ഓജസ്സുകൾ കൊണ്ടാലേ കലയ്ക്കു് ഒരു നിലനില്പുള്ളൂ"വെന്നു് മഹാത്മജി അഭിപ്രായപ്പെട്ടിരിക്കുന്നതും മറെറാന്നുകൊണ്ടുമല്ല. "ഒരുവൻ തൻെറ സൃഷ്ടിയിൽ അനുഭവിക്കുന്ന സന്തോഷവും സൌന്ദര്യവുമാണ് കല"യെന്ന മോറിസിൻെറ സിദ്ധാന്തം അതു് തന്നെയല്ലേ ഉദ്ഗാനം ചെയ്യുന്നതു്?

പ്രകൃതിയുടെ അത്യത്ഭുതകരമായ ശക്തിവിശേഷങ്ങൾ കണ്ട് മനുഷ്യൻ അമ്പരന്നുപോയി. അവൻെറ ഭാവനയ്ക്കു ചുററും കാട്ടാറിൻെറ കളഗാനവും മഴവില്ലിൻെറ മഞ്ജിമയും പൂക്കളുടെ പുഞ്ചിരിയും പരിവേഷം ചാർത്തി. തൻെറ

വീക്ഷണം അദ്ദേഹത്തിന്റെ പ്രകൃതികവിതകളിൽ കൂടുതൽ പ്രകടമായിട്ടുണ്ട്. അദ്ദേഹം തികച്ചും ഒരു പ്രകൃത്യുപാസകനായിരുന്നു. 'വിക്ടോറിയൻ ഈറ' സംശയങ്ങളുടേയും വിജ്ഞാനദാഹത്തിന്റേയും മുന്നോടിയായിരുന്നു. 'വിക്ടോറിയൻ ഈറ' എതിർപ്പുകളുടേയും സാമുദായികകലഹങ്ങളുടേയും ആത്മീയവിപ്ലവത്തിന്റേയും രക്തമണ്ഡപമായിരുന്നു. സുപ്രഭാതത്തിൽ "നാനാവിഹംഗമകങ്കണകാണ"മല്ല, വിശന്നു വലയുന്ന അവയുടെ ദീനരോദനങ്ങളാണ് കേൾക്കുവാൻ കഴിയുക. വിശന്നു വലയുന്ന പരശ്ശതം ജീവിതങ്ങളുടെ വേദനകളും നെട്ടുവീർപ്പുകളുമാണ് ലോകത്തിൽ നമുക്ക് കാണുവാനും കേൾക്കുവാനും കഴിയുക.

"Life is bitter and tedious, nothing more
And the world is mud"

(ജീവിതം തിക്തവും മുഷിപ്പനും ആണ്. അതിനേക്കാളേറെയൊന്നുമില്ല; ഈ ലോകം ചെളി മാത്രമാണ്) ഇററാലിയൻ കവിയായ ലിയോപ്പാർഡി തന്റെ "Ultimo Canto di Saffo" എന്ന കവിതയിൽ പ്രസ്താവിച്ചിരിക്കുന്നതാണ് ഉദ്ധൃതവാക്യം.

ഷെല്ലിയുടെ ജീവിതനിരാശയിൽ നിന്നുയർന്ന നെട്ടുവീർപ്പുകളും ഏറെക്കുറെ കക്ശമാണുപോലും.

"From world's bitter wind
Seek shelter under the shadow of the tomb"

അങ്ങനെ ജീവിതത്തിന്റെ നിത്യയാതനകളിലൂടെ ഊളിയിട്ടു കടക്കുമ്പോൾ കവിഹൃദയം മരവിച്ചുപോകുന്നു. ആ മരവിപ്പിൽനിന്നു് നിസർഗ്ഗസിദ്ധമായ വാസനാവൈഭവത്തിന്നു് ചൂടും വെളിച്ചവും കിട്ടുന്നു. തനിക്കുചുററും നിരാശാഗർത്തമാണ് താൻ കാണുന്നതു്. എങ്കിലും അങ്ങു വിദൂരതയിൽ ഏതോ ഒരു ആശാദീപം പ്രകാശിക്കുന്നുണ്ടു്.

മനുഷ്യവർഗ്ഗത്തിന്റെ ചരിത്രമെവിടെ? അതിന്റെ താളുകൾ ഒന്നു് മറിച്ചിട്ടുനോക്കൂ. സാഹിത്യാദികലകളും ജീവിതവും കൈകോർത്തു പിടിക്കുന്ന ചിത്രങ്ങളാണു്, അതിലെമ്പാടും കാണുക. പുരാതനരാജവംശങ്ങൾ വളരുകയും തളരുകയും ചെയ്തിട്ടുണ്ടു്. ആ വളർച്ചയും തളർച്ചയും സാഹിത്യത്തിന്റെ വളർച്ചയോടും തളർച്ചയോടും ബന്ധപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷു് സാമ്രാജ്യചരിത്രത്തിലെ സുപ്രധാനമായ കാലഘട്ടമാണല്ലൊ, ഷെയ്ക്സ്പിയറുടേയും മററും കാലം. ഇംഗ്ലണ്ടിന്റെ സാമൂഹ്യജീവിതത്തിലും സാഹിത്യരംഗത്തിലും ഇത്രയും ശോഭായമാനമായ ഒരു കാലഘട്ടം വേറെയില്ല. ഇതിൽനിന്നും നാം അനുമാനിക്കേണ്ടതു് സാഹിത്യവും ജീവിതവും കെട്ടുപിണഞ്ഞു കിടക്കുന്നുവെന്നല്ലെ? അവ രണ്ടിന്റേയും പുരോഗതി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഏതാണ്ടു് ഇതു് തന്നെയാണു് എല്ലാ രാഷ്ട്രങ്ങളുടേയും പൌരാണികചരിത്രം സാക്ഷ്യം വഹിക്കുന്നതു്. വിക്രമാദിത്യന്റെ ഭരണകാലം ഇന്ത്യാചരിത്രത്തിലെ സുവർണ്ണയുഗമായി എണ്ണപ്പെടുന്നതിൽ സാഹിത്യത്തിന്നും കാളിദാസാദികൾക്കും അതുല്യമായ ഒരു കയ്യുണ്ടു്. മനുഷ്യപ്രയത്നമാണു് ഇതിന്റെയെല്ലാം അന്തർധാര. ജീവിതത്തിന്റെ ചോരയും ചൂടും കലർന്ന മണ്ണിൽനിന്നകന്നുപാടിയ കവികളെല്ലാം പിൻതള്ളപ്പെട്ടുപോയിട്ടുണ്ടു്. "ജനസാമാന്യത്തിന്റെ ജീവരക്തത്തിൽ നിന്നു് ഓജസ്സുകൾ കൊണ്ടാലേ കലയ്ക്കു് ഒരു നിലനില്പുള്ളൂ"വെന്നു് മഹാത്മജി അഭിപ്രായപ്പെട്ടിരിക്കുന്നതും മററൊന്നുകൊണ്ടുമല്ല. "ഒരുവൻ തന്റെ സൃഷ്ടിയിൽ അനുഭവിക്കുന്ന സന്തോഷവും സൌന്ദര്യവുമാണു് കല" യെന്ന മോറിസിന്റെ സിദ്ധാന്തം അതു് തന്നെയല്ലെ ഉദ്ഗാനം ചെയ്യുന്നതു്?

പ്രകൃതിയുടെ അത്യത്ഭുതകരമായ ശക്തിവിശേഷങ്ങൾ കണ്ടു് മനുഷ്യൻ അമ്പരന്നുപോയി. അവന്റെ ഭാവനയ്ക്കു ചുററും കാട്ടാറിന്റെ കളഗാനവും മഴവില്ലിന്റെ മഞ്ജിമയും പൂക്കളുടെ പുഞ്ചിരിയും പരിവേഷം ചാർത്തി. തന്റെ

ഹൃദയത്തിൻെറ ഉള്ളറകളിൽ ഊറിവന്ന ആനന്ദാഹ്ലാദങ്ങൾക്ക് രൂപവും ഭാവവും ഉണ്ടായി. അവയാണ് സംഗീതവും, നൃത്തവും, ചിത്രമെഴുത്തും, മററ സുകുമാരകലകളും. അദ്ധ്വാനക്ഷീണിതരായ അവർ, കൂട്ടം കൂട്ടമായിരുന്ന് വിശ്രമിച്ചു; പ്രകൃതിരാമണീയകതയുടെ തേനരുവിയുടെ തീരത്ത്. പ്രയത്നത്തിൻെറ മധുരഫലങ്ങൾ വിശ്രമാവസ്ഥയിൽ അവരുടെ ഹൃദയങ്ങളിൽ നാമ്പെടുത്തു!

സുഖലോലുപന്മാരുടെ വെന്നിക്കൊടി ആദിമകാലങ്ങളിൽ തന്നെ നാട്ടിയിരുന്നു. അവർ തങ്ങളുടെ സിംഹാസനങ്ങളിൽ കയറിക്കൂടി. അവരുടെ അപദാനങ്ങളെ പാടിപ്പുകഴ്ത്താൻ നിയുക്തരായ ഒരു കൂട്ടം കൂലിപ്പട്ടാളക്കാരാണ് സാഹിത്യകലയ്ക്ക് രൂപം കൊടുത്തതത്രെ. എങ്ങനെയായാലും ഹൃദയത്തിൻെറ അഗാധതയിൽ ചലനങ്ങൾ സൃഷ്ടിച്ച അനുഭൂതികളും വികാരങ്ങളും ആണ് കലയ്ക്ക് അടിസ്ഥാനം.

'വിജ്ഞാനത്തെ കോരിപ്പകരലും വികാരത്തെ സ്ഫുടീകരിക്കലും' സാഹിത്യം യുഗയുഗാന്തരങ്ങളായി അനുഷ്ഠിച്ചുവരുന്ന ഒരു യാഥാർത്ഥ്യമാണ്.

## കല ആത്മാവിഷ്കാരം!

